Reg. No. C. 101, M 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മകരം 13 | ലക്കം 23 |
|---|---|---|

# ഇതാണോ കല? ഇതാണോ പുരോഗമനം?

**കല—അതിൻെറ ദിവ്യജോതസ്സ് മനുഷ്യഹൃദയത്തെ പ്രകാശമാനമാക്കണം; വികാരങ്ങളെ നവീകരിക്കണം. അല്ലാതെ മനുഷ്യനെ അന്ധകാരത്തിലേക്കു വലിച്ചു താഴ്ത്തുവാൻ കലയെ കൂട്ടുപിടിക്കുന്നവർ കലയുടെ കഴുത്തറുക്കുകയത്രെ ചെയ്യുന്നതു്.**

(മിസ്സ് മേരി ജോൺ)

കല—അതു് ജീവിതത്തിൻെറ പ്രതിഫലനം അഥവാ പ്രകാശനമാണു്. ജീവിതത്തിൽനിന്നും അകലുംതോറും കലയുടെ വില താനെ ഇടിയുന്നു. ജീവിതത്തിൽനിന്നും — സ്വാനുഭവങ്ങളിൽനിന്നും, ഉയിരെടുക്കാത്ത കല ദുർബ്ബലമായിരിക്കും. എന്നാൽ, മനുഷ്യനിലുള്ള വിശിഷ്ടഗുണങ്ങളുടെ പ്രകാശനത്തിലാണു് ജീവിതം ജീവിതമായിത്തീരുന്നതു്; അഥവാ മഹത്വമുള്ളതായിത്തീരുന്നതു്. അങ്ങനെയുള്ള ജീവിതത്തെ — മനുഷ്യമഹത്വത്തെ—പ്രതിഫലിപ്പിച്ചു് പ്രകാശിപ്പിക്കുന്ന കല സമുദായത്തിൻെറ ജീവനാഡിയായി ചിരകാലം പരിലസിക്കും. അതെ— കലയുടെ പരമാദർശം, ജീവിതത്തിൻെറ അഗാധതലത്തിൽ വെളിച്ചംവീശി, മനുഷ്യനെ അവനറിയാതെതന്നെമുന്നോട്ടു നയിക്കുവാൻ പ്രചോദനം നൽകുകയെന്നുള്ളതല്ലാതെ മറെറാന്നുമല്ല.

ഇപ്രകാരം, ജീവിതത്തിൻെറ വികാസവും വിശുദ്ധീകരണവുമാണു് കലയുടെ മൌലികധർമ്മമെങ്കിൽ, അതിൻെറ വിഹാരരംഗം പരിശുദ്ധമായ ഒരന്തരീക്ഷമായിരിക്കണം. മലിനമായ യാതൊന്നും അതിൽ പ്രവേശിക്കുവാൻ അനുവദിക്കരുതു്. ഉൽകൃഷ്ടങ്ങളായ ആദർശങ്ങളുടെ വെളിച്ചത്തിലേക്കു് മനുഷ്യഹൃദയത്തെ അടുപ്പിക്കുവാൻ പര്യാപ്തമായ ഒരു പശ്ചാത്തലം അതിനുണ്ടായിരിക്കണം. ക്ഷണികങ്ങളായ വ്യാപാരങ്ങളിൽനിന്നും മനുഷ്യമനസ്സിനെ വിടർത്തി, അഭൌമികമായ ഒരു സ്വതന്ത്രവിഹായസ്സിലേക്കാത്മാവിനെ ഉയർത്തി, സ്വർഗ്ഗീയമായ ആ ദിവ്യാനുഭൂതിയിൽ ലയിപ്പിക്കുവാൻ സാധിക്കുന്നതാണു്—കല.

പക്ഷെ, മഹനീയങ്ങളായ ആദർശങ്ങളുടെ മറപിടിച്ചു്, മനംമയക്കുന്ന ശബ്ദജാലങ്ങളുടെ പുറംപൂച്ചണിയിച്ചു്, വിഷതുല്യം പരിവർജ്ജ്യങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളും സുലഭമായി വിളമ്പുന്ന കമ്പോളശാലയായി കലയെ രൂപാന്തരപ്പെടുത്തുന്ന ചില പ്രസ്ഥാനങ്ങളുണ്ടു്. സമുദായമദ്ധ്യത്തിൽ അണുകബോംബെറിഞ്ഞു്, വ്യക്തികളുടെ സന്മാർഗ്ഗബോധത്തെ തട്ടിത്തകർക്കുവാൻ കലയെ കച്ചകെട്ടിയിറക്കുന്നതു് ആത്മഹത്യാപരമത്രെ. കേവലം നീചമായ മൃഗീയതയിലേക്കു് മനുഷ്യഹൃദയത്തെ വലിച്ചിഴയ്ക്കുകമാത്രമാണു് ഇതുവഴിയായി സാധിക്കുന്നതു്. മനുഷ്യൻെറ അഭിപ്രായങ്ങളും ആശയങ്ങളും "ഇരുമ്പൊലക്ക"കളല്ല! അവ എല്ലായ്പോഴും പരിവർത്തനവിധേയമാണു്. പ്രത്യേകിച്ചു്, കലയ്ക്കു് മനുഷ്യഹൃദയത്തിൽ മറെറന്തിനേയുംകാൾ, അപ്രതിരോദ്ധ്യമായ ഒരു സ്വാധീനശക്തിയുണ്ടു്. തന്മൂലം, ദുഷിച്ച കലാപ്രവർത്തനം എളുപ്പത്തിൽ മനുഷ്യസമുദായത്തെ അധഃപതിപ്പിക്കുവാൻ കാരണമാകുന്നു. മനുഷ്യൻ അവശ്യം അനുസരിക്കുവാൻ ബാദ്ധ്യസ്ഥനായ സദാചാരനിയമങ്ങളെ അടിച്ചുടച്ചാൽ പരിപൂർണ്ണസംതൃപ്തിയും സമാധാനവും കണ്ടെത്താമെന്നുള്ള മിഥ്യാബോധം വ്യക്തികളിൽകുത്തിവച്ചു് സമുദായത്തെഅലങ്കോലമാക്കുവാൻ ഏതൽപ്രവർത്തനങ്ങൾ ഫലപ്രദങ്ങളത്രെ.

സന്മാർഗ്ഗമെന്നുവച്ചാൽ എന്തെന്നുതന്നെ സംശയിക്കുന്നവർ പലരും ഉണ്ടായിരിക്കാം. പക്ഷെ, സനാതനമായ സാന്മാർഗ്ഗികനിയമങ്ങളെ തകിടംമറിച്ചാൽ മനുഷ്യസമുദായം ഛിന്നഭിന്നമാകും. സത്യം, ധർമ്മം, നീതി, സദാചാരം, എന്നിവ വ്യക്തികളുടെ വ്യാപാരങ്ങളെ നയിക്കാത്തപക്ഷം പരസ്പരവിശ്വാസവും സൌഹാർദ്ദവും നശിക്കും. മനുഷ്യൻ മനുഷ്യനെ എതിർക്കുകയും പരസ്പരം കൊല്ലുകയും ചെയ്യും. ഒരു പഴ്ക്കാക്കുവേണ്ടി മൂന്നു പേരെക്കൊന്നവനും അകാരണമായി ഒരു സംശയം ജനിക്കകൊണ്ടുമാത്രം സ്വന്തം ഭാര്യയേയും കുഞ്ഞിനേയും കിണററിൽ തള്ളിയവനും മനുഷ്യസമുദായത്തിലുണ്ടെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. അതെ—മനുഷ്യൻെറ എല്ലാ പ്രവണതകൾക്കും പൂർണ്ണമായി വികസിക്കുന്നതിനു് എല്ലാ സൌകര്യങ്ങളുമുള്ള ഒരു വ്യവസ്ഥിതി സന്മാർഗ്ഗത്തിൻെറ അഭാവത്തിൽ അഞ്ചു നിമിഷം നിലനില്ക്കുകയില്ല.

യാഥാർത്ഥ്യമിങ്ങനെയിരിക്കെ, ചില സ്വാർത്ഥമൂർത്തികളുടെ അഭിലാഷപൂർത്തീകരണത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള വിപ്ലവപരിപാടികളുടെ കൂത്തരംഗാക്കി, കലയെ മൃതപ്രായമാക്കുന്ന കലാകാരന്മാരുടെ ചിന്താഗതി ഭയാനകംതന്നെ; മദനാമോഹനമായ ഒരു നവ്യവ്യവസ്ഥിതിയെ വിഭാവനം ചെയ്യുന്നുവെന്നു ഭാവിക്കുന്ന ഇക്കൂട്ടർ കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ വിചിത്രങ്ങളത്രെ. ഒരു ചിന്തകൻ പറഞ്ഞു:— "നിങ്ങൾ നിങ്ങളുടെ പിതാമഹന്മാരുടെ കൂടാരങ്ങളിൽ കിടന്നുറങ്ങരുതു്. ലോകം പുരോഗമിക്കുകയാണു്. അതോടൊന്നിച്ചു് മുന്നോട്ടുപോകുക!" കൊള്ളാം—പുരോഗമനോന്മുഖമായ ഒരു ഭാവിയെ മനുഷ്യസമുദായം അഭിവാദ്യം ചെയ്യുന്നതു് തികച്ചും അഭികാമ്യമത്രെ. പക്ഷെ, ന്യായാന്യായവിവേചനം കൂടാതെ, കണ്ണിൽക്കണ്ടതെല്ലാം തകിടംമറിച്ചാൽ പുരോഗമനമായെന്നു് അന്ധമായി വിശ്വസിക്കുന്നതു് പരിതാപകരമാണു്. അങ്ങനെയെങ്കിൽ, ഇതുവരെ കാൽകുത്തി നടന്ന മനുഷ്യർ ഇനി തലകുത്തി നടക്കുവാൻ ശ്രമിക്കട്ടെ! അതും "പുരോഗമന"മായിരിക്കുമല്ലോ!

ഏതായാലും വിശേഷബുദ്ധിയുള്ള മനുഷ്യൻ ആദരിക്കുന്ന സകലതും നിന്ദ്യങ്ങളെന്നും, ജീവിതത്തിൻെറ എല്ലാത്തുറകളിലും, വിശിഷ്യ, വൈവാഹിക ജീവിതത്തിൽ, അനിയന്ത്രിതമായ സ്വാതന്ത്ര്യം അഭിലഷണീയമെന്നും മററുമുള്ള മുദ്രാവാക്യങ്ങൾ മുഴക്കുന്ന കലാപ്രസ്ഥാനങ്ങൾ പുരോഗമനപരമെന്നു വിശ്വസിക്കുവാൻ യാതൊരുത്തർക്കും സാദ്ധ്യമല്ല. പുതിയതിൻെറ എല്ലാം

(ശേഷം പന്ത്രണ്ടാം പേജിൽ)



ഇക്കഴിഞ്ഞ ഡിസംബർ 15-ാംനു- ഇററാലിയൻ റിപ്പബ്ളിക്കൻ പ്രസിഡണ്ടായ സിഞ്ഞോർ എയിനവുഡി പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയുണ്ടായി. പരിശുദ്ധ പിതാവു് പ്രസിഡണ്ടുമായി സംസാരിച്ചുകൊണ്ടു നില്ക്കുന്നതിനെ ചിത്രത്തിൽ കാണാം. മാർപ്പാപ്പാതിരുമേനിയുടെ കൈയിലിരിക്കുന്നതു് എയിനവുഡി സമ്മാനിച്ച 18-ാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിലെ ഒരു "പാക്സ്" ആണു്. "പാക്സ്" എന്നു പറയുന്നതു് ലോഹമോ, ദന്തമോ, മരമോ കൊണ്ടു നിർമ്മിതവും വിശുദ്ധ ചിത്രങ്ങളാൽ അലംകൃതവുമായ ഒരുതരം തട്ടമാണു്. മദ്ധ്യശതകങ്ങളിൽ കുർബാനയുടെ സമയത്തു പുരോഹിതൻ നല്കുന്ന സമാധാനാശീർവ്വാദം ("ശ്ലാമ്മാ" അഥവാ "പാക്സ്") ജനങ്ങളുടെ പക്കലേക്കു സംവഹിക്കുന്നതിനു് ഇതുപയോഗപ്പെടുത്തിവന്നു. യഥാസമയം ഇതിനെ ബലിപീഠത്തിനുസമീപം കൊണ്ടുവരികയും പുരോഹിതൻ അതു മുത്തിയശേഷം ജനങ്ങളും മുത്തുന്നതിനായി അവരുടെ പക്കലേക്കു കൊണ്ടുപോകയും പതിവായിരുന്നു.

# അവതാരപുരുഷന്മാർ പലരുണ്ടോ?

(ഫാദർ തോമസ് കൊച്ചുമുങ്കാനാൽ)

അവതാരമെന്നു പറഞ്ഞാൽ ക്രിസ്ത്യാനികളുടെ വിവക്ഷ എന്താണെന്നും അതനുസരിച്ച് ക്രിസ്തുമാത്രമേ അവതാരപുരുഷനായുള്ളുവെന്നും അവിടുത്തെ ജീവിതം ദിവ്യാത്മീയവും മനുഷ്യാത്മീയവും ആയിരുന്നുവെന്നും കഴിഞ്ഞ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നുവല്ലോ. എന്നാൽ അതും ഇതും അവനും ഇവനും അവതാരങ്ങളാണെന്നു പറയുന്നവരും ഉണ്ടല്ലോ. അങ്ങനെ പറയുന്നതിനു് അവരെ പ്രേരിപ്പിക്കുന്ന കാരണങ്ങളെക്കുറിച്ചാകുന്നു ആദ്യമായി ചിന്തിക്കേണ്ടതു്.

ഏതാനും സങ്കല്പങ്ങളും അന്ധവിശ്വാസങ്ങളും ആസ്പദമാക്കിയാണു് അവർ അങ്ങനെ പറയുന്നതിനിടയായതു്. അവയിൽ ചിലതിനെ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ദേവന്മാരെന്നു പറയപ്പെടുന്ന ഒരു കൂട്ടരുണ്ടെന്നും അവരാണു് അവതാരപുരുഷന്മാരെന്നും ചിലർ പറയുമ്പോൾ ബ്രഹ്മത്തിന്റെ ആവിർഭാവങ്ങളാണു് അവതാരങ്ങൾ എന്നു ചിലർ പറയുന്നുണ്ടു്. വേറെ ഒരു കൂട്ടരോ എന്നാൽ, ത്രിമൂർത്തികളാണു്, വീരപുരുഷന്മാരാണു് അവതാരങ്ങൾ എന്നും പറയുന്നു. ഈ അഭിപ്രായങ്ങൾ എല്ലാംതന്നെ മിക്കവാറും പ്രചാരത്തിൽ വന്നുപോയിട്ടുള്ളതിനാൽ ഏതാണു പ്രാധാന്യമർഹിക്കുന്നതു് എന്നു് ഒരു വിധി പ്രസ്താവിക്കുവാൻ നമുക്കു സാധിക്കയില്ല. വ്യവസ്ഥാപിതമായ ഒരു മതസംഹിത ഇല്ലാത്തതുമൂലമാണു് ഇങ്ങനെ സംഭവിക്കുന്നതു്. ആകയാൽ, അവയിൽ ഓരോന്നിനെപ്പററിയും പ്രത്യേകം പ്രത്യേകം പരിശോധന നടത്തിയെങ്കിലേ സത്യം ഗ്രഹിക്കുവാൻ നിവൃത്തിയുള്ളു. ആദ്യമായി ദേവന്മാർ ആണു അവതാരപുരുഷന്മാർ എന്നു പറയുന്നവരുടെ അഭിപ്രായം പരിശോധിച്ചുനോക്കാം.

മാനവവംശത്തിന്റെ ആരംഭദശയിൽ ദൈവത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും പരിപാലനയിലും സ്ഥിതിചെയ്യുകയും അവിടുത്തെ അനുശാസനകളിൽ വിശ്വസിക്കുകയും ചെയ്തിരുന്ന നമ്മുടെ പൂർവ്വന്മാരിൽ ഒരു വലിയ വിഭാഗം അവയെല്ലാം പരിത്യജിച്ചുകളഞ്ഞു. അതിന്റെ ഫലമായി ദൈവത്തെയും ദൈവികകാര്യങ്ങളെയും സംബന്ധിച്ചുള്ള ജ്ഞാനവിഷയങ്ങളിൽ അവർ വലിയ അന്ധതയിൽ നിപതിക്കുവാൻ ഇടയായി. ദൈവികമായ വെളിപാടുകളെ അവഗണിക്കുന്ന സകലമനുഷ്യർക്കും സംഭവിച്ചിട്ടുള്ളതും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതുതന്നെ ആണെന്നു ലോകത്തിന്റെ സകല വിഭാഗങ്ങളിലുമുള്ള മനുഷ്യരുടെ പുരാതനവും അധുനാതനവുമായ ചരിത്രം പരിശോധിച്ചാൽ വെളിപ്പെടും. ആര്യന്മാരായ നമ്മുടെ പൂർവ്വന്മാരുടെ ചരിത്രം വേദങ്ങളെന്നു പറയപ്പെടുന്ന ആദിമഗ്രന്ഥങ്ങളിൽ സംഗ്രഹിച്ചിട്ടുണ്ടു്. അവയിൽ കാണുന്നതു് അവർക്കു് ഏകദൈവത്തിൽ വിശ്വാസമുണ്ടായിരുന്നുവെന്നും ആ ആൾ ആരായിരിക്കണം, എങ്ങനെയുള്ളവനായിരിക്കണം എന്നുള്ള അന്വേഷണത്തിൽ ആണു തെററിപ്പോയിട്ടുള്ളതു് എന്നുമത്രേ.

അതനുസരിച്ചു് അവർ ആദ്യമായി നിപതിച്ചതു് പ്രകൃത്യാരാധനയിൽ ആണു്. പ്രകൃതിവസ്തുക്കളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം കല്പിച്ചുകൊടുത്തതു് ദേവനാണു്. ദേവൻ എന്നു പറഞ്ഞാൽ പ്രകാശിക്കുന്നവൻ എന്നത്രേ അർത്ഥം. "ദേവോ ദാനാദ്വാ ദീപനാദ്വാ ദ്യോതനാദ്വാ ദ്യുസ്ഥാനോ ഭവതി" (നിരുക്തം 7. 15). ദാനമോ ദീപനമോ ദ്യോതനമോ ചെയ്യുന്നതുകൊണ്ടു് അല്ലെങ്കിൽ ദ്യുസ്ഥാനമുള്ളതുകൊണ്ടത്രേ ദേവൻ എന്നു വന്നിരിക്കുന്നതു് എന്നു നിരുക്തിയും. പ്രകാശം നല്കുകയും ദ്യുസ്ഥാനം വഹിക്കുകയും ചെയ്യുന്നവയിൽ സൂര്യനാണെല്ലാം പ്രധാനൻ. സൂര്യദേവനെ വെളിച്ചം നൽകുന്ന കൃത്യം വഹിക്കമാത്രം ചെയ്യുന്ന ഒരു ദേവനായിട്ടല്ല അവർ ദർശിച്ചിട്ടുള്ളതും വർണ്ണിച്ചിട്ടുള്ളതും. പിന്നെയോ സവിതാവു് (ജനിപ്പിക്കുന്നവൻ) പൂഷൻ (പോഷിപ്പിക്കുന്നവൻ) മുതലായ ധർമ്മനിർവ്വാഹകനായിട്ടത്രേ. സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിക്കുന്ന കർമ്മങ്ങളെല്ലാം അനുഷ്ഠിക്കുന്നവൻ എന്നു ചുരുക്കത്തിൽ അർത്ഥം. സൂര്യന്റെ ആരാധനകൊണ്ടു മാത്രവും അവർ തൃപ്തിയടഞ്ഞില്ല. എന്തുകൊണ്ടെന്നാൽ, കാലയാപനം ചെയ്യുന്നതിനു് അഗ്നി, വായു, ഭൂമി മുതലായവയുടെയും ആവശ്യകതയുണ്ടല്ലോ. അതുകൊണ്ടു അവയിൽ ഓരോന്നിനേയുംകൂടെ യഥാക്രമം ഓരോ ദേവന്റേയും ദേവിയുടേയും സ്ഥാനത്തേക്കു് അവർ ഉയർത്തി. അതും കഴിഞ്ഞു പർവ്വതങ്ങൾ നദികൾ മുതലായവയെയും ദേവഗണത്തിൽ അവർ ഉൾപ്പെടുത്തിയതായിട്ടാണു കാണുന്നതു്. അവർക്കു വിസ്മയം ജനിപ്പിക്കയും, പ്രയോജനം ചെയ്യുകയും ഭയം ഉദിപ്പിക്കയും ചെയ്ത പ്രസ്തുത വസ്തുക്കൾക്കെല്ലാം അവർ ദേവത്വം നൽകി. അതിശയോക്തിയെന്ന അലങ്കാരം പ്രയോഗിച്ചു അവയെ സർവ്വത്ര അനന്യയായിട്ടാണു വർണ്ണിച്ചിരിക്കുന്നതെന്നും സ്മരിക്കേണ്ടതുണ്ടു്. ഈ നയം ഒന്നുകൊണ്ടാണു് അനേകം ദേവന്മാരും ദേവികളും ഉണ്ടാകുവാനിടയായിട്ടുള്ളതു്. ഇപ്പോഴുള്ള സാഹിത്യവിധികൾ പോലും ഇതിനെ അനുകൂലിക്കുന്നുണ്ടു്. കവിരാജസ്വാതന്ത്ര്യമെന്ന അഭിധാനത്തിൽ സാമ്പ്രദായികപ്രസ്ഥാനക്കാരായ സാഹിത്യകാരന്മാർക്കു ഒരു ലൈസൻസുണ്ടു്. അതനുസരിച്ചു കവിതയെഴുതുമ്പോൾ ചമൽക്കാരം ജനിപ്പിക്കുവാൻ കഴിയുമെങ്കിൽ എന്തുവേണമെങ്കിലും എങ്ങനെ വേണമെങ്കിലും എഴുതാമത്രേ. കവിതാ കലകളുടെ ഗണത്തിൽപ്പെട്ടുപോകുന്നതിനാൽ, ആനന്ദം ജനിപ്പിക്കയെന്ന ധർമ്മം നിർവ്വഹിക്കേണ്ടതായുള്ളവനാണു് അവരുടെ അഭിമതം. സന്നിധാനവും അസന്നിധാനവും ചെയ്യു ഇല്ലാത്ത വസ്തുവിനെ ഉള്ളതാക്കിയും ഉള്ളവസ്തുവിനെ ഇല്ലാത്തതാക്കിയും ചെയ്യാം. സത്യാസത്യഭേദമോ വാസ്തവാവാസ്തവവ്യത്യാസമോ ഗണിക്കേണ്ടതില്ല. സാഹിത്യം പ്രകൃതിയുടെ നേർപകർപ്പായിരിക്കണമെന്നു നിർബന്ധമില്ലാത്തതുകൊണ്ടും അതു ഭാവനാശക്തിയുടെ ഉൽഗതി കാണിക്കമാത്രം ചെയ്യുന്നതുകൊണ്ടും അതിനെ സരസമാക്കിച്ചെയ്താൽ മതിയാകുംപോലും. ഇവ്വിധമുള്ള വെറും പ്രകൃതിപ്രതിക്കുലവർണ്ണനയെന്നു നാമധേയം കൊടുക്കയും അത്യുക്തി, അതിശയോക്തി എന്ന സവികാസ്യങ്ങളായ രണ്ടു് അലങ്കാരങ്ങൾ കണ്ടുപിടിക്കയും ചെയ്തിട്ടുണ്ടു്. ഇപ്രയോഗം യോജിക്കുന്ന മററു ചില അലങ്കാരങ്ങളും സംസ്കൃതാലങ്കാരശാസ്ത്രത്തിൽ ദുർല്ലഭമല്ല.

സൃഷ്ടിജാലത്തിൽ ഉൾപ്പെടുന്ന സകല വസ്തുക്കളും ഒരു വിധത്തിൽ അല്ലെങ്കിൽ മററൊരു വിധത്തിൽ മനുഷ്യർക്കു് ഉപകാരപ്പെടുന്നവയാണല്ലോ. ആകയാൽ അതതു് ദേശകാലങ്ങളിലെ ഉപയോഗമനുസരിച്ചു് ഓരോരുത്തനും അവനവനു തോന്നിയ പ്രാധാന്യം കൊടുത്തു കവിതയുണ്ടാക്കിയിട്ടുണ്ടു്. അവരുടെ ഭാവനാശക്തിയനുസരിച്ചായിരിക്കും അവർ സൃഷ്ടിച്ചിട്ടുള്ള ദേവന്മാരുടേയും ദേവികളുടേയും മഹത്വാലങ്കൃതങ്ങൾ നിർണ്ണയിച്ചുപോയിട്ടുള്ളതു്. പൃഥ്വി, അപ്പു്, തേജസ് മുതലായ പഞ്ചമഹാഭൂതങ്ങളുടെ കഥ പോകട്ടെ. അവയുടെ അവശ്യാവശ്യകതയും പ്രാധാന്യവും സാധാരണന്മാർക്കും സമ്മതമാണു്. ആകയാൽ അവയ്ക്കു നിത്യതയും സ്വയംഭൂത്വവും കൂടെ അജ്ഞന്മാർ കല്പിച്ചു പോയതിൽ വിസ്മയിപ്പാനില്ലെന്നു വയ്ക്കുക. എന്നാൽ ഗംഗാനദിയെക്കുറിച്ചും മററു പുരാണങ്ങളിൽ കടന്നുകൂടിയിട്ടുള്ള സങ്കല്പങ്ങൾ മിഥ്യയാണെന്നുള്ള ബോധം വിമാനങ്ങൾ സുലഭങ്ങളായുള്ള ഇക്കാലത്തും നിരാകരിക്കാൻ വിസ്മയനീയമല്ലെന്നു വരുമോ? പുരാണങ്ങളിലും ഇതിഹാസങ്ങളിലും സ്ഥലം പിടിച്ചിരിക്കുന്ന ഓരോ ദേവന്റേയും ദേവിയുടേയും ഉൽപത്തിയും ചരിത്രവും സംബന്ധിച്ചു് ഗവേഷണം നടത്തുന്നതായാൽ ഗംഗാനദിയുടേതുപോലുള്ള രസകരങ്ങളായ ഐതിഹ്യങ്ങൾ ലഭിക്കുന്നതാണു്. മുപ്പത്തിമുക്കോടി ദേവന്മാരുടേയും കഥകൾ ഇങ്ങനെയായിരിക്കും. ഈ സംഖ്യ ക്ലിപ്തപ്പെടുത്തിപ്പറഞ്ഞുപോയതു ഏതോ ഒരു കവി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടാണെന്നും ലോകത്തിൽ എത്ര വസ്തുക്കളുണ്ടോ അത്രയും ദേവന്മാരും ദേവികളും ഉണ്ടെന്നു പറഞ്ഞാൽ അബദ്ധമാകയില്ലെന്നും വായനക്കാർ ധരിക്കുമല്ലോ. ഇത്രയും പ്രസ്താവിച്ചതിൽനിന്നു ദേവന്മാരെന്നും ദേവികളെന്നും പറയപ്പെടുന്ന ഒരു കൂട്ടർ യഥാർത്ഥത്തിൽ ഇല്ലെന്നും തന്മൂലം അവരുടെ അവതാരങ്ങൾ ഉണ്ടെന്നു പറയുന്നതിൽ യാതൊരു സത്യവുമില്ലെന്നും വിശദമായിരിക്കുമെന്നു വിശ്വസിക്കുന്നു.


**FREE INDIA BANK LIMITED**

H. O. Kottayam. Travancore

(Incorporated under Travancore Companies Act—
Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam | Ramapuram | Ullala |

**FIXED DEPOSITS** received at rates varying from 4%—6% interest per annum.

**6% CASH CERTIFICATES** issued.

**CHEQUES, DRAFTS & BILLS** accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |


# ആരാണു് ചൂഷണം ചെയ്യുന്നതു്?

## മുതലാളിയോ തൊഴിലാളിനേതാവോ?

(ഏ. പി. മത്തായി, എം. എ.)

തൊഴിലാളികളുടെ യുഗമായ ഇക്കാലത്തു് മുതലാളിയാകുക എന്നതു പോലെ ഒരു ദുരിതം ഉണ്ടാകാനില്ല എന്നു് ഈയിടെ ഒരു മുതലാളി വിലപിക്കുന്നതു കേട്ടു. കാരണം ഏവർക്കും അറിയാവുന്നതാണു്. സ്ഥാനത്തും, അസ്ഥാനത്തും മുതലാളിയെ പഴിക്കുക എന്നുള്ളതു് ഒരു "ഫാഷൻ" ആയി തീർന്നിട്ടുണ്ടു്. തടിച്ചു കൊഴുത്ത പണസഞ്ചികളുള്ള ചില പ്രാസംഗികർ തൊഴിലാളികളുടെ ദുരിതങ്ങളേയും മുതലാളിമാരുടെ നിഷ്ഠൂരമർദ്ദനങ്ങളേയും കണ്ണീർ വാർത്തുകൊണ്ടു വിവരിക്കുന്നതും അസുലഭമല്ല. ചൂഷിതരായ തൊഴിലാളികളുടെ പിന്നിൽ അണിനിരക്കുന്ന നേതാക്കന്മാർ ആണു് ഇന്നു് അധികമുള്ളതു്. അതായതു് തൊഴിലാളികൾ എന്തു് ആവശ്യപ്പെടുന്നുവോ അതു് കൊട്ടിഘോഷിച്ചു് പ്രസംഗങ്ങൾ പൊടിപൊടിക്കുന്ന നേതാക്കന്മാർ. ഇവർ ഇംഗ്ലണ്ടിലെ പ്രസിദ്ധനായ പ്രധാനമന്ത്രി ഗ്ലാഡ്സ്റ്റൺ പറഞ്ഞ കാര്യം മനസ്സിലാക്കിത്തന്നെ പ്രവർത്തിക്കുന്നു എന്നു് പലപ്പോഴും തോന്നിയിട്ടുണ്ടു: "ഞാൻ അവരുടെ നേതാവാണു്, അതുകൊണ്ടു് അവരെ ഞാൻ പിൻചെല്ലണം." ഇതു് പ്രജാധിപത്യനേതൃത്വത്തിന്റെ ഒരു പ്രമാണമാണു്. പക്ഷേ പത്തൊൻപതാം ശതകത്തിലെ പ്രയോഗവും ഇന്നത്തെ അതിന്റെ വ്യഭിചാരണവും തമ്മിൽ എന്തു അന്തരമുണ്ടെന്നു് ചിന്താശീലർക്കു മനസ്സിലാക്കാൻ വിഷമമുണ്ടാകുകയില്ല.

ഈയിടെ നമ്മുടെ നാട്ടിൽ ഒരു നിർമ്മാണശാലയിൽ നടന്ന സംഭവത്തിൽ നിന്നും ഒരു കാര്യം ഏററവും തെളിഞ്ഞു നില്ക്കുന്നു. മുതലാളിയേക്കാൾ തൊഴിലാളി സൂക്ഷിക്കയും, ഭയപ്പെടുകയും ചെയ്യേണ്ടതു് നേതാവിനെയാണെന്നു്. ഉള്ള വാസ്തവങ്ങൾ പൊതുജനദൃഷ്ടിയിൽ പെടുത്തണമെന്നു മാത്രമാണു് എനിക്കുള്ള ഉദ്ദേശം. ഏതാനും നാളുകളായി അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യം നിമിത്തം അടച്ചിരുന്ന ഒരു ഫാക്ടറി. അവിടെ സ്ഥിരമായി ജോലി ചെയ്തിരുന്ന ആളുകളും, അവർക്കു പുറമെ അടിയന്തിരാവശ്യങ്ങൾക്കായി ഏർപ്പെടുത്തപ്പെട്ടിരുന്ന ഏതാനും പേരും ഉൾപ്പെടെ രണ്ടു തരം ജോലിക്കാർ ഉണ്ടു്. ഫാക്ടറി അടച്ചതോടുകൂടി ഉപജീവനമാർഗ്ഗമില്ലാതെ വെറും പട്ടിണിയിൽ കഴിയുന്ന കുടുംബങ്ങളും ഇല്ലാതില്ല. ഈയവസരത്തിൽ ഫാക്ടറിക്കാവശ്യമായ അസംസ്കൃതസാധനം കുറച്ചു് കിട്ടാമെന്നുവന്നപ്പോൾ എട്ടുമണിക്കൂർ ഉള്ള ഒരു ഷിഫ്ററ് ജോലി ചെയ്തുകൊണ്ടു് ഫാക്ടറി നടത്താമെന്നു് മുതലാളി (ഫാക്ടറി ഉടമസ്ഥൻ) നിശ്ചയിച്ചു. മൂന്നു ഷിഫ്ററു ജോലി ചെയ്യുന്നതിനു പകരം ഒരു ഷിഫ്ററുമാത്രം ജോലി നടത്തുമ്പോൾ ഉണ്ടാകുന്ന ലാഭമോ, നഷ്ടം തന്നെയുമോ സഹിക്കാമെന്നുള്ള നന്മനസ്സോടുകൂടിയാണു് മുതലാളി ഈ നിശ്ചയത്തിൽ എത്തിച്ചേർന്നതു്. എന്നാൽ അയാൾ ഒരു സൗജന്യം ചെയ്തു. സ്ഥിരം ജോലിക്കാരായി ഉണ്ടായിരുന്നവരിൽ ബഹുഭൂരിപക്ഷത്തേയും —അതായതു് ഒരു ഷിഫ്ററു ജോലി നടത്തുവാൻ വേണ്ടത്ര ആളുകളെ—എടുക്കുവാനും, മററുള്ളവർക്കു് —അടിയന്തിരാവശ്യങ്ങൾക്കു എടുക്കപ്പെട്ടിരുന്നവർക്കും കൂടി— അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കുന്നതനുസരിച്ചു് ജോലി കൊടുക്കുവാനും അയാൾ നിശ്ചയിച്ചു. പട്ടിണി കൊണ്ടു വലഞ്ഞിരുന്ന ജോലിക്കാരും ഗവമെന്റധികൃതരും ഈ നിശ്ചയങ്ങളെ സ്വാഗതം ചെയ്തു.

എന്നാൽ തൊഴിലാളിനേതാവു് അവയെ അംഗീകരിച്ചില്ല. എന്നു മാത്രമല്ല ആമാന്യദേഹം ഗവമെന്റിനെ സമീപിച്ചു് മുതലാളിയുടെ അനീതിയേയും, ജോലിക്കാരുടെ സങ്കടങ്ങളെയും കുറിച്ചു് "യുക്തിപൂർവ്വം" അതിശക്തിയായി വാദിച്ചു്, തൊഴിലാളികളോടു തനിക്കുള്ള സഹതാപത്തേയും, അവരുടെ താല്പര്യങ്ങളിൽ തനിക്കുള്ള അതിരററ "അഭിനിവേശ"ത്തേയും പ്രസ്പഷ്ടമാക്കി എന്നല്ലേ പറയേണ്ടു. ഫലം, മുതലാളിയുടെ ചൂഷണം, ഫാക്ടറിയിൽ ജോലി തുടങ്ങിയ ജോലിക്കാരെകൊണ്ടു്, കൂലിയും, ബോണസും ലഭിച്ചവരെകൊണ്ടു ജോലി ചെയ്യിക്കൽ തടയപ്പെട്ടു ഗവമെന്റിനു ഇതിൽ ഒന്നും പറയാനും, ചെയ്യാനുമില്ല. നോക്കണം നേതാക്കന്മാർ തങ്ങളുടെ സ്വന്തം മാംസവും, രക്തവുമായിരിക്കുന്ന ചൂഷിതരും, മർദ്ദിതരും ആയ, തൊഴിലാളികൾക്കു വേണ്ടി അശ്രാന്തമായി അനുഷ്ഠിക്കുന്ന സേവനം.

തൊഴിലാളി നേതൃത്വം സിന്ദാബാദ് എന്നു ഉച്ചൈസ്തരം ഘോഷിക്കേണ്ട കാലം ഇതാണു്.

## ബാലരംഗം



# കുഞ്ഞാടുകൾ വർദ്ധിക്കുന്നു

പ്രിയ കുഞ്ഞുങ്ങളേ,

ആറു കുട്ടികളെയുംകൊണ്ടാണ് അടുത്ത ഞായറാഴ്ച നമ്മുടെ ബർത്തലോമ്യ ഗൊരേലി വേദപാഠത്തിനെത്തിയതു്. ഫാദർ ബോസ്കോ സംതൃപ്തനായി. അപ്പോഴിതാ കാഫാസ്സോ അച്ചൻ വേറെ രണ്ടുപേരെക്കൂടെ കൊണ്ടുവന്നിരിക്കുന്നു. എല്ലാം ഒരുതരം തന്നെ—കറുകുത്ത കാട്ടുമൃഗങ്ങൾ. ഏതായാലും രണ്ടാംദിവസത്തെ ക്ലാസ്സിനു എണ്ണം ഇങ്ങനെ ഒൻപതായി വർദ്ധിച്ചു. പിറേറ ആഴ്ച പന്ത്രണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ സംഖ്യ ഒരുനൂറായി വളർന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ബോസ്കോ കൊച്ചച്ചൻെറ ഉന്മേഷവും അതിനനുസരണമായി വളർന്നുകൊണ്ടിരുന്നു.

നവപൂജ അർപ്പിച്ച ദിവസം അദ്ദേഹം കർത്താവിനോട് ഒരു പ്രത്യേകവരം അഭ്യർത്ഥിച്ചിരുന്നു, ആത്മാക്കളെ മാനസാന്തരപ്പെടുത്തുന്നതിനുള്ള ശക്തി തൻെറ വാക്കുകൾക്കു നൽകണമെന്നു്. തൻെറ പ്രാർത്ഥന ദൈവം കൈക്കൊണ്ടതായി താൻ വിശ്വസിക്കുന്നു എന്നും അദ്ദേഹംതന്നെ എഴുതിയിട്ടുണ്ട്. അതേ, ആ വരമാണ് തെളിഞ്ഞു കണ്ടുതുടങ്ങിയിരിക്കുന്നതു്. അദ്ദേഹത്തിൻെറ വാക്കുകൾ കേട്ടാലും കേട്ടാലും കുട്ടികൾക്കു മതിവന്നിരുന്നില്ല. അത്ഭുതകരമായ പരിവർത്തനങ്ങളും അദ്ദേഹത്തിൻെറ ഉപദേശങ്ങൾമൂലം അവരിൽ ഉണ്ടായിക്കൊണ്ടിരുന്നു. ബുദ്ധിയുടേയും നന്മനസ്സിൻെറയും കുറവല്ല, പരിശീലനത്തിൻെറ പോരായ്മയാണ് അവർക്കു പററിയ കേടെന്നു അദ്ദേഹം അചിരേണ മനസ്സിലാക്കി.

ഈ കുട്ടികളിൽ പലരും വേലയ്ക്കും ജോലിക്കും സമർത്ഥന്മാരായിരുന്നു. ബോസ്കോ അച്ചൻ താല്പര്യപ്പെട്ട് ഓരോ സ്ഥലങ്ങളിൽ അവരെ ശമ്പളത്തിനു് ഏല്പിച്ചുകൊടുത്തു. വൈകുന്നേരം വേല പിരിയുമ്പോൾ ദിവസേന അദ്ദേഹം അവരെ സമീപിക്കും. വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊണ്ടു്, വീണ്ടും വഴിതെററിപ്പോകാതെ സൂക്ഷിക്കും. ഞായറാഴ്ചതോറും വേദപാഠക്ലാസ്സിനു എല്ലാവരും ഉത്സാഹപൂർവ്വം വന്നു സംബന്ധിക്കും. അതു കഴിഞ്ഞുള്ള ചടങ്ങുകളാണ് പലരേയും അധികം ആകർഷിച്ചിരുന്നതെന്നു പറയാം. പഴയ "ആനന്ദ സമിതി"യുടെ പരിപാടികൾതന്നെ. കളി, പാട്ട്, താളം, മേളം, വിനോദയാത്ര മുതലായവ.

ആളുകൾ പെരുകിവന്നതോടെ ഇതിനൊക്കെ പററിയ ഒരു സ്ഥലം കൂടിയേകഴിയൂ എന്നായി. ഫാദർ ബോസ്കോയ്ക്കു സ്വാധീനത്തിലുണ്ടായിരുന്നതു ഒരു ചെറിയ മുറി മാത്രമായിരുന്നു. ആരംഭത്തിൽ അവിടവും പള്ളിമുററവുമൊക്കെക്കൊണ്ടു കഴിച്ചുകൂട്ടി. അതുകൊണ്ടെങ്ങും നില്ക്കാത്തമട്ടായപ്പോൾ കൊച്ചച്ചനും കുഞ്ഞുങ്ങളും കുഴങ്ങി. പുണ്യവാനായ കഫാസ്സോ അച്ചൻെറ മാദ്ധ്യസ്ഥതയാൽ തല്ക്കാലം ഒരുപരിഹാരം ലഭിക്കയാണുണ്ടായതു്. റെക്ടറച്ചൻെറ അനുമതിയോടുകൂടി വിശാലമായ കോളെജ് മുററവും വരാന്തകളും ഞായറാഴ്ചതോറും ബോസ്കോ അച്ചനും കുട്ടികൾക്കുമായി ഒഴിഞ്ഞുകൊടുത്തു. ചില്ലറ ത്യാഗമല്ല അച്ചന്മാർ ചെയ്തതു്. നൂറു നൂററിച്ചില്വാനം കാട്ടുപട്ടാളം അവിടെ എത്തിക്കഴിഞ്ഞാൽ പിന്നെ അവർക്കു യാതൊരു സൈ്വരവും ഇല്ലെന്നായിത്തീർന്നു. എങ്കിലും കൊച്ചച്ചൻെറ ഈ പിള്ളേർകളിയുടെ ഭാവിഫലം ദർശിപ്പാൻതക്ക ദൂരദൃഷ്ടി അവർക്കുണ്ടായതു ഭാഗ്യംതന്നെ.

മൂന്നു സംവത്സരങ്ങൾ ഇങ്ങനെ ശീഘ്രം കടന്നുപോയി. അനവധി കാട്ടുമൃഗങ്ങൾ ഇതിനകം കുഞ്ഞാടുകളായിത്തീരുന്നതു കഫാസ്സോ അച്ചനേയും മററുംപോലെ കണ്ണുള്ളവരെല്ലാം കണ്ടു ആനന്ദിച്ചു. അപ്പോഴേക്കും ബോസ്കോ അച്ചൻെറ കോളെജുപഠനവും പര്യവസാനിച്ചു. മററു വല്ലിടത്തേക്കും അദ്ദേഹത്തെ മാററി പ്രതിഷ്ഠിക്കുന്നപക്ഷം ഈ പദ്ധതികളെല്ലാം തകരുമെന്നു കഫാസ്സോ അച്ചൻ നേരത്തെ നിരീക്ഷണംചെയ്തുവച്ചിരുന്നതാണ്. അതുകൊണ്ടു് അതിലേക്കുവേണ്ട മാർഗ്ഗങ്ങളും അദ്ദേഹം ആരാഞ്ഞുകൊണ്ടിരുന്നു. പുണ്യചരിതനായ തൻെറ ആളുപകാരിയുടെ ഉപദേശംവിട്ട് ബോസ്കോ അച്ചൻ യാതൊന്നിനും മുതിരുന്നതുമല്ല. ഇങ്ങനെയൊരു പുണ്യാത്മാവിൻെറ നിയന്ത്രണത്തിൻകീഴ് നമ്മുടെ ജോണിക്കുട്ടി ആരംഭംമുതൽ വന്നുപെട്ടതു തിരുസഭയ്ക്കു എത്രമാത്രം പ്രയോജനകരമായി ഭവിച്ചുവെന്നു ഇന്നു എല്ലാവർക്കും അറിയാം.

പ്രിയ കുഞ്ഞുങ്ങളേ ഇരുട്ടുള്ള ഒരു രാത്രിയിൽ നാം ഒരു മുക്കവലയ്ക്കൽ നില്ക്കുകയാണെങ്കിൽ എങ്ങോട്ടാണു തിരിയണ്ടതെന്നറിയാതെ കുഴങ്ങാറില്ലേ? അതുപോലെയുള്ള അവസരങ്ങൾ നമ്മുടെ ജീവിതയാത്രയിൽ പലപ്പോഴുമുണ്ടാകും. അല്പം വെളിച്ചം കിട്ടിയാൽ കാര്യം തെളിവായി. ഇതുകൊണ്ടാണ് എപ്പോഴും പുണ്യവും വിവേകവുമുള്ള ഒരു ആത്മപിതാവു് നമുക്കുണ്ടാകണമെന്നു പറയുന്നതു്. അദ്ദേഹത്തിൻെറ ആലോചനയോടുകൂടി പ്രവർത്തിച്ചുകൊള്ളുക. അതു ദൈവഹിതമായിരിക്കും. ഒരിക്കലും നമുക്കു പശ്ചാത്തപിക്കാനിടവരികയില്ല. "എൻെറ ഹൃദയം എൻെറ ആത്മപിതാവിൻെറ മുമ്പാകെ പളുങ്കുകണ്ണാടിപോലെ ഞാൻ തുറന്നു കാണിച്ചിരുന്നു" എന്നത്രെ യുവസിദ്ധനായ വി. ജോൺ ബെർക്കുമാൻസ് പറഞ്ഞിരുന്നതു്.

ഇതു നിങ്ങളും പരിശീലിക്കണം. രക്ഷയുടേയും ആശ്വാസത്തിൻേറയും മാർഗ്ഗമാണിതു്.

### നിങ്ങളുടെ കത്തുകൾ

പത്തെഴുന്നൂറു കത്തുകളല്ലേ വല്യച്ചൻെറ പക്കൽ വന്നുകൂടിയിരിക്കുന്നതു്. വല്ലതുമൊരു മറുപടി ഇടയ്ക്കെങ്കിലും പറയേണ്ടതു ഒരു മര്യാദയാണല്ലോ. എഴുത്തുകളെല്ലാം ഒന്നിച്ചുകെട്ടി എൻെറ പക്കൽ വന്നുചേർന്നതു് ഡിസംബർ 17-ാം തീയതി മാത്രമാണ്. 21-ാം തീയതി കിട്ടിയിരിക്കണമെന്നല്ലേ വിജ്ഞാപനം. അതിനാൽ പേരുകൾക്കു നമ്പരിട്ടു രജിസ്റ്ററുണ്ടാക്കി ക്രമപ്പെടുത്തി എടുക്കുന്നതിനു നല്ലപോലെ നാലുതച്ച പണിയേണ്ടിവന്നെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. സുഖമില്ലാതിരിക്കുന്ന ഈ വയസ്സുകാലത്തായതിനാൽ കുറെ ഭാരമായിപ്പോയി. എങ്കിലും എൻെറ കുഞ്ഞുങ്ങൾക്കുവേണ്ടിയല്ലേ എന്നോർത്തപ്പോൾ—ഉണ്ണിയീശോയുടെ പിറവിത്തിരുനാളിൻെറ നൊവേനദിവസങ്ങളാണല്ലോ എന്നു ചിന്തിച്ചപ്പോൾ—ശക്തി താനേ ഉണ്ടായി. 21-ാംനു 1 മണിയോടെ, മററാരുടെയും സഹായം കൂടാതെതന്നെ, എല്ലാം റെഡിയായി. കിട്ടിയെടുത്തു് അന്നത്തെ അഞ്ചലിൽ തന്നെ സമ്മാനാർഹരുടെ ലിസ്റ്റ് സത്യദീപം ആപ്പീസിലേക്കു അയക്കയും ചെയ്തു. പക്ഷേ അതവിടെ എത്തുന്നതിനു മുമ്പ് പത്രം അച്ചടിച്ചുകഴിഞ്ഞുപോയി.

അടുത്ത പത്രത്തിനു ക്രിസ്സ്മസ്സ് ഒഴിവുമായിപ്പോയി. അതുകൊണ്ടാണ് 29-ാം തീയതിയിലെ പത്രത്തിൽമാത്രം നമ്മുടെ ലിസ്റ്റ് പുറപ്പെടാനിടയായതെന്നു ആദ്യമായി അറിയിച്ചുകൊള്ളുന്നു. എങ്കിലും സമ്മാനങ്ങൾ ക്രിസ്സ്മസ്സിനുതന്നെ പലർക്കും കിട്ടിക്കാണുമെന്നു വിചാരിക്കുന്നു. ജനുവരിയിലെ ജന്മദിനസമ്മാനങ്ങളും ഇപ്പോഴേക്കു ലഭിച്ചിട്ടുണ്ടാകും. അങ്ങനെ ഒരു പുതുവത്സരത്തിലേക്കു നാം കടന്നിരിക്കുന്നു. ഊർജ്ജിതമായിട്ടും ഉണർച്ചയോടുകൂടിയും മുന്നോട്ടു പോകണം. ഓരോരുത്തർക്കു മറുപടിപറഞ്ഞാലും തീരാത്തവണ്ണമുള്ള കത്തുകൾ ഇപ്പോൾ കൈവശമുണ്ട്. അതിനാൽ [illegible]നായി ആരും ഇനി എഴുതായ്കരുതു്. പ്രയോജനകരമായ ഓരോ മറുപടികൾ അപ്പഴപ്പോൾ ബാലരംഗത്തിലുണ്ടാകും.

എല്ലാവർക്കും ഉള്ളഴിഞ്ഞ ആശീസ്സ്

എന്നു് സ്വന്തം വല്യച്ചൻ


സ്തുത്യർഹമാംവിധം കത്തോലിക്കാപ്രവർത്തനം നിർവഹിച്ചുപോരുന്ന

ടാവറിങ്ങ് ബുക്കു ഡിപ്പോ പ്രൊപ്രൈററർ

**മി. റാഫേൽ ജെ. കത്തേടത്തു്**

അവർകളെ 1949 ജനവരി മുതൽ

"എസ്. എച്ച്. ലീഗ്, കത്തോലിക്കാകുടുംബം, പ്രേഷിതകേരളം" ഈ മാസികകളുടെ ഏജൻറ് ആയി പ്രത്യേകം നിയോഗിച്ചിരിക്കുന്നു. പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ സാദരമപേക്ഷിക്കുന്നു. വരിസംഖ്യ മുൻകൂർ നൽകി രസീതുവാങ്ങി സൂക്ഷിക്കേണ്ടതാണ്.

ജനറൽ സെക്രട്ടറി


## നിങ്ങൾക്കറിയാമോ?

1 പള്ളിയുടെ തെക്കേ വീട്ടിൽ ഒരു ശിശു ജാതമായിട്ട് മൂന്നു ദിവസമായി. ശിശു താമസിയാതെ മരിച്ചേക്കുമെന്നു ഭയം തോന്നിയപ്പോൾ വീട്ടമ്മ മാമ്മോദീസാ കൊടുക്കാൻ വികാരിയച്ചനെ വിളിക്കാനായിരുന്നു. പക്ഷെ വിളിച്ചില്ല. അതിനു കുട്ടിയുടെ പിതാവു പറഞ്ഞ കാരണം വീട്ടുമാമ്മോദീസാ കൊടുക്കേണ്ടതു് അച്ചനല്ല അത്മനിയാണെന്നാണ്. വീട്ടുമാമ്മോദീസാ കൊടുക്കാൻ വൈദികരെ വിളിക്കേണ്ട ആവശ്യമുണ്ടോ?

2 ഗർഭസ്ഥമായ ശിശു പൂർണ്ണവളർച്ച പ്രാപിക്കുന്നതിനു മുമ്പു ഒരു സ്ത്രീ പ്രസവിക്കാൻ ഇടവന്നു. പ്രജയ്ക്കു ജീവൻെറ ലക്ഷണങ്ങൾ ഉണ്ടായിരുന്നെങ്കിലും മനുഷ്യരൂപം ശരിയായില്ലാതിരുന്നതുകൊണ്ടു് അതിനു ജ്ഞാനസ്നാനം കൊടുക്കുന്ന കാര്യത്തിൽ ആരും ശ്രദ്ധവച്ചില്ല. ജ്ഞാനസ്നാനം കൊടുക്കേണ്ടതായിരുന്നോ?

3 പ്രജയ്ക്കു ജീവനുണ്ടോ ഇല്ലയോ എന്നു സംശയമാണെങ്കിൽ അതിനെ ജ്ഞാനസ്നാനപ്പെടുത്തണമോ?

4 പ്രജയ്ക്കു ജീവനില്ല എന്നതിൻെറ സുനിശ്ചിതമായ അടയാളമെന്താണ്?

5 കുട്ടിയുടെ പിതാവോ മാതാവോ ജ്ഞാനസ്നാനം നൽകുന്നതു് ഉചിതമാണോ?

(ഉത്തരങ്ങൾ എട്ടാം പേജിൽ)

## സൗജന്യവിതരണ ഫണ്ടു്

മി. എൻ. ജെ. മാത്യു, കുന്നത്തു്, കാഞ്ഞിരപ്പള്ളി ക. 3—0—0

മി. സി. ടി. ആൻറണി, ക്ലാർക്ക്, ഡിസ്ട്രിക്ട് മുൻസിഫ് കോർട്ട്, ചാവക്കാട്. ക. 3—4—0

## കല്ലൂക്കാട്

ജാനുവരി 1[illegible]-ാം തീയതി കല്ലൂക്കാട് സൊഡാലിററിയുടെ വാർഷികസമ്മേളനം റവ. ഫാദർ പീററർ തോമസ് സി. ഡി., ബി. എ., എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. തദവസരത്തിൽ സൊഡാലിററിയുടെ വിവിധ കഴിവുകളെ പുരസ്കരിച്ച് മി. വി. ഒ. റോക്കി ബി. എ. ഒരു പ്രസംഗം ചെയ്തു.


# ട്രാവൻകൂർ ഫെഡറൽ ബാങ്ക് ക്ലിപ്തം

## H. O. ആലുവാ

ബ്രാഞ്ചുകൾ:—അങ്കമാലി & പെരുമ്പാവൂർ

### നായകന്മാർ

ഡാ. പി. വി. ഫ്രാൻസിസ്, B. A., M. B. B. S., D. A. (Eng.) പറവൂർ (ചെയർമൻ)
മി. തട്ടിൽ കൊച്ചുവറീതു് Ex M. L. C., തൃശ്ശൂർ
മി. യു. ജെ. മത്തായി, മുനിസിപ്പൽ ചെയർമൻ, ആലുവാ
മി പി. കെ. കുര്യാക്കോസ്, കോതമംഗലം, Ex M. L. C.
ഡാ. എം. ഒ. ചെറിയാൻ M. L. A., മൂന്നാർ
മി. കെ. സി. എം. മേത്തർ, M. L. A., എറണാകുളം
മി എം. ഐ. പോൾ, മഞ്ഞളി, ഇറവൂർ
മി. എബ്രഹാം വടക്കുംചേരി, ആലുവാ
മി. കെ. പി. ഉരുമ്മീസ്, B. A., B. L. (മാനേജിംഗ് ഡയറക്ടർ)

15—1—49 മുതൽ പലിശനിരക്ക് താഴെകാണുംപ്രകാരം വർദ്ധിപ്പിച്ചിരിക്കുന്നു. 1 കൊല്ലം 4½%. 2 കൊല്ലം 5%. 3 കൊല്ലം 5½% 15 ദിവസത്തെ നോട്ടീസ് 4%.

സ്വർണ്ണം, ഗവമ്മെണ്ടു പത്രങ്ങൾ, കമ്പനി ഷയറുകൾ, അംഗീകൃത മററു ചരക്കുകൾ മുതലായവകളുടെ ഉറപ്പിന്മേൽ പണം കടംകൊടുക്കുന്നതാണ്.

ട്രഷറി റമിററൻസ്, ചെക്കുകൾ ഡിസ്കൌണ്ടു് ചെയ്യുക, കളക്ട് ചെയ്യുക, വിദേശങ്ങളിലേക്കു് ഡ്രാഫ്ററു് കൊടുക്കുക, മുതലായ ഇതരബാങ്കുജോലികളും ഏററവും തൃപ്തികരമായ വിധത്തിൽ ചെയ്യുമെന്നതാണ്.

ഞങ്ങളുടെ ഫെഡറൽ സേവിംഗ്സ് പദ്ധതികൾ നിങ്ങൾക്കു് ആകർഷണീയമായ വ്യവസ്ഥകൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്കു് ആവശ്യപ്പെടുക.

# സ്വഭാവകഥകൾ

(റവ ഡോക്ടർ ജോസഫ് ഏറാത്ത് ന്തോരൻ)

യഹൂദനും നമ്മുടെ സഹോദരനാണു

ഒരു ദിവസം ഒൻപതാം പിയൂസ് മാർപ്പാപ്പാ റോമാ നഗരത്തിലെ യഹൂദ തെരുവിനെ ലക്ഷ്യമാക്കി കുതിരവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു. അപ്പോൾ വഴിയരികിൽ ഒരാൾ വീണു കിടക്കുന്നതായി തിരുമനസ്സുകൊണ്ടു ദർശിച്ചു. വീണു കിടന്ന മനുഷ്യന്റെ ചുറ്റിലും നിരവധിയാളുകൾ നില്ക്കുന്നുണ്ടായിരുന്നു.

"എന്തു സംഭവിച്ചു?" പരിശുദ്ധ പിതാവു ചോദിച്ചു.

"ഒരു യൂദനാണു്," ഒരാൾ അലക്ഷ്യമായി മറുപടി പറഞ്ഞു.


"യഹൂദൻ മനുഷ്യനും നമ്മുടെ സഹോദരനും അല്ലയോ?" മാർപ്പാപ്പാ വീണ്ടും ചോദിച്ചു. അനന്തരം പരിശുദ്ധ പിതാവ് താഴെയിറങ്ങി വീണു കിടന്നിരുന്ന യഹൂദനെ സ്വകരങ്ങളിലെടുത്തു് വണ്ടിയിൽ കയറ്റിയിരുത്തി. പിന്നീട് വണ്ടി ആ യഹൂദന്റെ വീടിനെ ലക്ഷ്യമാക്കി വിടുന്നതിനു് തിരുമനസ്സുകൊണ്ടാജ്ഞാപിച്ചു. പരിശുദ്ധ പിതാവ് യഹൂദനെ അയാളുടെ വീട്ടിൽ എത്തിച്ചതിനു ശേഷം യാത്ര തുടർന്നു. (Catholic Digest, Sept., 1938)

അവശ്യവും ... ... ... ...

ഒരിക്കൽ പ്രമുഖനായ ഒരു മെത്രാനി പതാം പിയൂസ് മാർപ്പാപ്പായോടു സംസാരിച്ചുകൊണ്ടിരിക്കയിൽ തിരുസ്സഭയുടെ ഒരു ശത്രുവിനെപ്പറ്റി വൈരാഗ്യപൂർവ്വം എന്തോ പ്രസ്താവിച്ചു. ഉടനെ പരിശുദ്ധ പിതാവു പറഞ്ഞു: "മകനേ, നിന്റെ പ്രസ്താവന എനിക്കിഷ്ടപ്പെട്ടില്ല. അതിനു പരിഹാരമായി ഞാൻ പറയുന്നതു കേൾക്കുക. നാട്ടിലെ സ്ഥിതിഗതികൾ നന്നായിട്ടു ഗ്രഹിച്ചിരുന്ന ഒരു വൈദികൻ ആദ്യമായി തന്റെ ഭരണത്തിനേല്പിക്കപ്പെട്ട ഇടവകയിൽ ചെന്നയുടനെ സകല വീടുകളും സന്ദർശിക്കുന്നതിനു തീരുമാനിച്ചു. യഹൂദന്മാരുടെയും, പ്രോട്ടസ്റ്റന്റുകാരുടെയും, മിണ്ടാവേദക്കാരുടെയും ഭവനങ്ങൾ അദ്ദേഹം തന്റെ സന്ദർശന പരിപാടിയിൽ ഉൾപ്പെടുത്തി. ഈ പരിപാടി അനാവശ്യമെന്നു തോന്നിയ ചിലർ വിവരം മെത്രാനെ അറിയിച്ചു. മെത്രാൻ മേൽപ്രസ്താവിച്ച വൈദികനെ വിളിച്ചു ചില ഉപദേശങ്ങൾ നൽകി. അപ്പോൾ ആ വൈദികൻ വിനയപുരസ്സരം പറഞ്ഞു: "തിരുമേനി, പുറത്തു നില്ക്കുന്ന ആടുകളെയും തിരിച്ചു കൊണ്ടുവരേണ്ടതു് ഇടയന്റെ ചുമതലയല്ലേ? അവരെ അന്വേഷിച്ചു ചെല്ലാതെ അക്കാര്യം എങ്ങനെ സാധിക്കും? ഞാൻ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു എന്നു തോന്നുന്നില്ല. മറിച്ചാണു് തിരുമനസ്സിലെ അഭിപ്രായമെങ്കിൽ ദയാപൂർവം എന്റെ പ്രവർത്തനത്തെ തടയുക." ഇതുകേട്ടപ്പോൾ മെത്രാൻ ആ വൈദികന്റെ ഉദ്ദേശ്യം നല്ലതെന്നു ബോദ്ധ്യപ്പെട്ട അദ്ദേഹം (വൈദികൻ) തന്റെ സന്ദർശനപരിപാടി തുടരുന്നതിനു് മെത്രാൻ അനുവദിക്കുകയും ചെയ്തു. കുറെക്കഴിഞ്ഞു് സത്യസഭയിൽനിന്നു് തെറ്റി സഞ്ചരിച്ചിരുന്ന പലരെയും തിരിച്ചുകൊണ്ടുവരുന്നതിനും, മറ്റുള്ളവരെ നമ്മുടെ പരമതത്തോടു ബഹുമാനമുള്ളവരാക്കിത്തീർക്കുന്നതിനും ആ വൈദികനു സാധിച്ചു. ദൈവതിരുമനസ്സിനു വിധേയനായ തിരുസ്സഭാദ്ധ്യക്ഷനായിത്തീർന്ന ആ വൈദികൻതന്നെയാണു് ഇപ്പോൾ നിങ്ങളോടു സംസാരിക്കുന്നതു്. നിങ്ങൾ സകലരെയും, അതെ തിരുസ്സഭയുടെ ശത്രുക്കളെത്തന്നെയും സ്നേഹിക്കുക" (ആബേ ഷോത്താർ എന്ന ഫ്രഞ്ചുവൈദികന്റെ L' Ame dell' Apostolat എന്ന കൃതിയിൽനിന്നു സംഗ്രഹിച്ചതു്).

അസൂയയുടെ പോക്കു്

ശില്പിസമ്രാട്ടായിരുന്ന മൈക്കളാഞ്ചലോ അസൂയാലുക്കളാൽ ആ തനായിട്ടാണു് ജീവിതം നയിച്ചിരുന്നതു്. ഈ അസൂയാലുക്കൾ മൈക്കളാഞ്ചലോയുടെ കരവേലകളെ എപ്പോഴും നിശിതമായി വിമർശിച്ചുകൊണ്ടിരുന്നു. ഇതിനെയിരിക്കയിലാണു് റോമാ നഗരത്തിൽ പുരാതനവസ്തു ഗവേഷണാർത്ഥം ചില ഖനനവേലകൾ നടത്തിക്കൊണ്ടിരുന്ന ഏതാനും ജോലിക്കാർ അതിപുരാതനമെന്നു തോന്നിക്കുന്ന ഒരു പ്രതിമ കണ്ടെത്തിയതു്. അതുതന്നെ തക്ക അവസരമെന്നു കരുതി മൈക്കളാഞ്ചലോയുടെ വിരോധികൾ ആ പ്രതിമയെ വാനോളം പുകഴ്ത്തി. മൈക്കളാഞ്ചലോ ആ പ്രതിമയുടെ കുറവുകൾ ചൂണ്ടിക്കാണിക്കുന്നതിനു ശ്രമിച്ചു. പ്രതിമയ്ക്കു ഒരു കൈ കുറവുണ്ടായിരുന്നു. തന്റെ വിരോധികൾ പ്രതിമയെ സ്തുതിച്ചുകൊണ്ടിരുന്നതിനിടയ്ക്കു മൈക്കളാഞ്ചലോ തന്റെ കീശയിൽനിന്നു ഒരു കരമെടുത്തു് പ്രതിമയോടു ഘടിപ്പിച്ചു. അസൂയാലുക്കളായിരുന്ന തന്റെ ശത്രുക്കളെ ഒരു പാഠം പഠിപ്പിക്കുന്നതിനായി മൈക്കളാഞ്ചലോതന്നെ കൊത്തി മണ്ണിൽ കുഴിച്ചിട്ടതായിരുന്നു ആ പ്രതിമ. (മോൺ. ഒൽകിയാതി എന്ന ഇറ്റാലിയൻ വൈദികന്റെ Il Silabario del Cristianesimo എന്ന ഗ്രന്ഥത്തിൽ നിന്നു്).



സർ തേജ് ബഹദൂർ സപ്രു

ഇൻഡ്യയിലെ ഒരു സുപ്രസിദ്ധരാഷ്ട്രീയതന്ത്രജ്ഞനായിരുന്ന ഇദ്ദേഹം ജനുവരി 20 ാം൹ അലഹബാദിൽവച്ചു നിര്യാതനായി.


## St. Thomas College Trichur

Principal will be grateful to all "OLD BOYS" who send their names as well as those of their St. Thomas' friends with the following particulars for inclusion in the "OLD BOYS REGISTER" before the 15th February, 1949.

1. Present address
2. Year and class of final year in the College

P. S. Please write name as was in the College Register, noting change, if any, at present.

J. PETTAH, Principal

22-1-1949

## മൂക്കന്നൂർ അനാഥശാല ഡിപ്പോ എറണാകുളം

വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 11 | കോർബിയിലെ വി. കോളെറ്റ് | 0 | 8 | 0 |
| 12 | സ്കൂപ്പിനാക്കു് മെത്രാപ്പോലീത്താ | 1 | 12 | 0 |
| 13 | വി. സ്റ്റനിസ്ലാവൂസ് | 0 | 14 | 0 |
| 14 | ത്യാഗാദർശം | 2 | 0 | 0 |
| 15 | അഗ്നിപരീക്ഷണം (വി. അഗ്നസ്) | 2 | 0 | 0 |
| 16 | ടിറോദരണം | 1 | 0 | 0 |
| 17 | ഫബിയോള | 2 | 4 | 0 |
| 18 | വി. ജോൺ ബർക്കുമൻസ് | 1 | 8 | 0 |
| 19 | ബാപ്പാദർശം | 1 | 0 | 0 |
| 20 | വി. ശൗരിയാരുടെ ചരിത്രം | 0 | 8 | 0 |

ആനങ്ങാട്ടുകുന്നിൽ പള്ളിയിലെ

# അത്ഭുത ഉണ്ണിമിശിഹായുടെ തിരുനാൾ

1949 ഫെബ്രുവരി 7 ാം൹ 1124 മകരം 25 ാം൹ തിങ്കളാഴ്ച ആരംഭിച്ചു ഫെബ്രുവരി 10-ാം൹ മകരം 28 ാം൹ വ്യാഴാഴ്ച അവസാനിക്കുന്നതാകുന്നു. പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കുന്നതാണു്.

എന്നു ടി പള്ളിവികാരി


ആരോഗ്യപംക്തി

# പേപ്പട്ടിവിഷം

ബർണർഡ് ഗ്രീൻബർഗ് എന്ന അമേരിക്കൻ ഡോക്ടർ പേപ്പട്ടിവിഷത്തെപ്പറ്റി എഴുതിയ ഒരു ലേഖനത്തിന്റെ സംക്ഷേപം "കാത്തലിക് ഡൈജസ്റ്റ്" എന്ന മാസികയുടെ 1948 ഒക്ടോബറിലെ ലക്കത്തിൽ കൊടുത്തിട്ടുണ്ട്. അതിലുള്ള ശ്രദ്ധേയമായ ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

പേയുള്ള പട്ടിയുടെയോ മറ്റു ജന്തുക്കളുടെയോ ഉമിനീരിൽ (Saliva) കലർന്നിരിക്കുന്ന വിഷം അവ കടിക്കുമ്പോൾ മുറിവിലൂടെ രക്തത്തിൽ പ്രവേശിക്കുകയും ദേഹം മുഴുവനും വ്യാപിക്കുകയും ചെയ്യുന്നു. വിഷം സഞ്ചരിക്കുന്നതു ഞരമ്പുവഴിയാകയാൽ തലയിലോ, മുഖത്തോ, കഴുത്തിലോ ഏറ്റ കടികൾ കൂടുതൽ അപകടകരമാണു്. പ്രസ്തുത സാഹചര്യങ്ങളിൽ പത്തു ദിവസത്തിനകം പേയുടെ ലക്ഷണങ്ങൾ രോഗി കാണിച്ചു തുടങ്ങാറുണ്ടു്. കടിയേറ്റതു കാലിലോ കൈയിലോ മറ്റോ ആണെങ്കിൽ പേയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതിനു 30 മുതൽ 60 വരെ ദിവസങ്ങൾ വേണ്ടിവരുന്നതാണു. കടി തലച്ചോറിനോടു് എത്ര അടുത്താണോ അത്ര കുറച്ചു ദിവസം മതി വിഷം പെരുകുന്നതിനു്. അതുപോലെതന്നെ വലുതോ ആഴമേറിയതോ ആയ മുറിവു് ചെറുതോ ആഴമില്ലാത്തതോ ആയ മുറിവിനെ അപേക്ഷിച്ചു് വേഗത്തിൽ വിഷം സംക്രമിക്കുന്നതിനു് ഇടവരുത്തും.


കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു് കൊളംബോ സാരിവർക്കു്, ബ്രോഡ് വെ-എറണാകുളം.


പട്ടിയെ ബാധിച്ചിരിക്കുന്ന വിഷം രണ്ടു തരത്തിലുള്ളതാകാം. ആദ്യത്തേതിനെ "dumb" (മൂകം) എന്നും രണ്ടാമത്തേതിനെ "furious" (കോപാന്മത്തം) എന്നും വിളിക്കുന്നു. ആദ്യത്തെ ഇനത്തിൽപ്പെട്ട വിഷമാണെങ്കിൽ പട്ടിയുടെ താടിയെല്ലും കൈകാലുകളും തളരുകയും, പട്ടി മയങ്ങിക്കിടക്കുകയും, ആ അവസ്ഥയിൽത്തന്നെ ഏതാനും ദിവസങ്ങൾക്കകം മരിക്കുകയും ചെയ്യും. രണ്ടാമത്തെ ഇനത്തിൽപ്പെട്ട വിഷമാണെങ്കിൽ അസാധാരണമായ ശൗര്യവും പരാക്രമവും പ്രകടിപ്പിക്കുകയും, കാരണം കൂടാതെ കടിക്കുകയും, ഓടിയിട്ടുകയും മറ്റും ചെയ്യും. അപ്പോഴത്തെ കണ്ണിൽ എത്തുപെടുന്ന ജന്തുക്കളെയും മനുഷ്യരേയുമെല്ലാം കടിക്കുന്നതിനു ശ്രമിക്കും. ക്രമേണ അതിന്റെ ശക്തിക്ഷയിക്കുകയും അതു ചാകുകയും ചെയ്യും. പേപ്പട്ടിവിഷം നിമിത്തം മരിച്ച ഒരു ജീവിയുടെ തലച്ചോറു ഭൂതക്കണ്ണാടികൊണ്ടു പരിശോധിക്കയാണെങ്കിൽ വിഷാണുക്കൾ ദർശിക്കാവുന്നതാണു്. പട്ടി, പൂച്ച, കുറുക്കൻ, ചെന്നായ്, കുതിര, പശു മുതലായവയ്ക്കെല്ലാം പേ പിടിക്കുമെങ്കിലും പട്ടികളാണു സാധാരണമായി ആ വിഷത്തിനു വിധേയമാകുന്നതും രോഗം പരത്തുന്നതും.

പട്ടിയിൽ പ്രവേശിച്ച വിഷാണുക്കൾ പെരുകി പേ ഇളകുന്നതിനു് (incubation period) ഒരാഴ്ച മുതൽ ആറുമാസം വരെ വേണ്ടിവരും. പട്ടിയുടെ പെരുമാറ്റത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾ സസൂക്ഷ്മം നിരീക്ഷണം ചെയ്തുകൊണ്ടിരിക്കണം. അപകടസൂചകങ്ങളായ ലക്ഷണങ്ങൾ പലതുണ്ടു്. പെട്ടെന്നു കോപം പ്രകടിപ്പിച്ചു തുടങ്ങുക, കാരണം കൂടാതെ കടിക്കുക ഒഴിഞ്ഞ മൂലയിൽചെന്നു നിശ്ചേഷ്ടമായി കിടക്കാൻ ഇഷ്ടപ്പെടുക, ദഹിക്കാത്ത വസ്തുക്കൾ കടിച്ചുതിന്നുക, വായിൽനിന്നും വെള്ളം ഒഴുകുക, രാത്രി അലറുക, ഭക്ഷണസാധനങ്ങൾ ഇറക്കുന്നതിനു വിഷമം പ്രദർശിപ്പിക്കുക. കുരയിൽ വ്യത്യാസമുണ്ടാകുക. കണ്ണിന്റെ കാഴ്ചയിൽ ചില വ്യതിയാനങ്ങൾ വരിക ആദിയായവയാണു് പേയുടെ പ്രധാന ലക്ഷണങ്ങൾ. അവ കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു മൃഗഡോക്ടറോടു് ആലോചിക്കുന്നതു ബുദ്ധിമത്തായിരിക്കും. മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിട്ടു് പത്തു ദിവസത്തിനകം പട്ടി ചാകുന്നതാണു്. രോഗലക്ഷണങ്ങൾ പ്രകടമായി പ്രത്യക്ഷപ്പെട്ടു കഴിഞ്ഞാൽപ്പിന്നെ പട്ടി സുഖപ്രാപിക്കുകയില്ല.

രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതിനു മുമ്പു് 8 (കൂടിയാൽ 12) ദിവസങ്ങൾക്കു മുമ്പുമുതൽ പട്ടിയുടെ വായിലെ വെള്ളത്തിൽ വിഷാണുക്കൾ ഉണ്ടായിരിക്കും പട്ടി ചാകുന്നതിനു മുമ്പുള്ള അവസാന ദിവസങ്ങളിലായിരിക്കും വിഷം ഏറ്റവും കൂടുതലുണ്ടായിരിക്കുന്നതു്. പട്ടി കടിക്കുമ്പോൾ അതിനു യാതൊരു രോഗവുമില്ലെന്നു തോന്നിയാലും ചിലപ്പോൾ അതിനു പേ ഉണ്ടായിരുന്നെന്നു വരാം. യഥാർത്ഥത്തിൽ പേ ഉണ്ടായിരുന്നാൽ പട്ടി ഏതാനും ദിവസങ്ങൾക്കുള്ളിൽ ചാകാതിരിക്കയില്ല.

പട്ടി കടിച്ചതു മുഖത്തോ മറ്റോ ആണെങ്കിൽ രോഗിയെ ആശുപത്രിയിൽ ഉടനെ കൊണ്ടുപോയി ചികിത്സ തുടങ്ങണം. പിന്നീടു പട്ടിക്കു പേ ഇല്ലായിരുന്നെന്നു ബോദ്ധ്യമായാൽ ചികിത്സ തുടരണമെന്നില്ല. സാധാരണമായി ആശുപത്രികളിൽ പേപ്പട്ടിവിഷത്തിനു പ്രതിവിധിയായി ദിവസംതോറും രണ്ടാഴ്ചക്കാലത്തോളം കുത്തിവയ്ക്കും. പ്രസ്തുത കുത്തിവയ്പു കൊണ്ടു് ശരീരത്തിനു സാരമായ യാതൊരു ദൂഷ്യവും ഭവിക്കുന്നതല്ല. മാത്രമല്ല, ആറുമാസക്കാലത്തേക്കു് പേപ്പട്ടിവിഷത്തിനു അധീനപ്പെടാതിരിക്കാനുള്ള ഒരുപാധികൂടിയായിരിക്കുമതു്.

പട്ടികൾക്കു പേ ബാധിക്കാതിരിക്കാനുള്ള ഒരു പ്രധാനമാർഗ്ഗം അവയെ വൃത്തിയായി സൂക്ഷിക്കുകയും മറ്റു ജന്തുക്കളുമായി സംസർഗ്ഗം ചെയ്യാൻ അനുവദിക്കാതിരിക്കുകയുമാണു്. കൊല്ലംതോറും പട്ടികളെ കുത്തിവയ്പ്പിക്കുന്നതും ഉപകാരപ്രദമായിരിക്കും.

പട്ടികടിക്കാൻ ഇടവന്നാൽ അതൊരു നിസ്സാരസംഗതിയായി പരിഗണിക്കരുതു്. വേണ്ട പ്രതിവിധികൾ യഥാകാലം ചെയ്യാൻ ചിലപ്പോൾ ഒരാളുടെ ജീവനായിരിക്കും നാം രക്ഷിക്കുന്നതു എന്ന സംഗതി ഒരു സാമാന്യതത്വമായി നാം സ്വീകരിക്കണം.

ചെറുകഥ

# അമ്മ

(ടി. കരേടൻ)

ഒരേ പ്രസവത്തിലെ രണ്ടു തങ്കക്കുടങ്ങൾ, ഓനച്ചനും ലീലാമ്മയും. അവർ സൂര്യപ്രകാശം കാണുന്നതിനുമുമ്പുതന്നെ അവരുടെ പിതാവു് മരണത്തിന്റെ ക്രൂരശരങ്ങളേററു മറിഞ്ഞുവീണുപോയി. അതോടെ അർദ്ധപ്രാണയായി നിപതിച്ചു കൊച്ചുറോസമ്മ, അയാളുടെ സഹധർമ്മിണി. വളരെ ആഴ്ചകൾ കഴിഞ്ഞത്രെ അവൾക്കു് ശരിയായ പ്രജ്ഞയുണ്ടായതു്. ലോകഗതിവിഗതികൾ എന്തെന്നറിയാതെ മാതാവിന്റെ ഉദരത്തിൽ ഒളിഞ്ഞുകിടന്നിരുന്ന കുഞ്ഞു്—അല്ല കുഞ്ഞുങ്ങൾ—പെട്ടെന്നു വരുമെന്നു് ആരും പ്രതീക്ഷിച്ചതല്ല.

അമ്മയുടെ ത്യാഗസമന്വിതമായ പരിപാലനയും പരിലാളനവും ഏററു് അവർ വളർന്നുവന്നു. അവരുടെ ഏററം നിസ്സാരമായ ആഗ്രഹംപോലും സാധിച്ചുകൊടുത്തില്ലെങ്കിൽ അവൾക്കു് വിശപ്പുണ്ടാകയില്ല, ഉറക്കംവരികയില്ല.

അവർക്കു് വയസ്സു് അഞ്ചുകഴിഞ്ഞു. നാലുക്ലാസുവരെ എങ്ങനെയെങ്കിലും അവരെ പഠിപ്പിക്കണമെന്നു് ആ സാധുവായ വിധവ തീർച്ചപ്പെടുത്തി.

ആ നാലുകൊല്ലങ്ങൾ മിന്നൽവേഗത്തിൽ കടന്നുപോയി. രണ്ടുപേരും നാലാംക്ലാസിൽ നിഷ്പ്രയാസം പ്രശസ്തവിജയം നേടി.

"അമ്മേ, ഞങ്ങൾക്കു് ഇംഗ്ലീഷ് പഠിക്കണം." അവരുടെ ഇംഗിതം അറിയിച്ചു. കൊച്ചുറോസമ്മ മറുപടി ഒന്നും പറഞ്ഞില്ല. അവരോടു എന്തുത്തരം പറയണം? അവൾ ചിരിച്ചു ഉന്തിവരണ്ടുപോയ ആ ബോധത്തിൽ ആശയപുൽക്കൊടികൾ കിളിർത്തില്ല.

അടുത്ത ഞായറാഴ്ച പള്ളിയിൽനിന്നും മടങ്ങിവന്നു് കഞ്ഞി കുടിച്ചുകൊണ്ടിരുന്നപ്പോൾ അവർ അക്കാര്യം വീണ്ടും അമ്മയെ ഓർപ്പിച്ചു. "ഓനച്ചാ, മാസംതോറും ഫീസു കൊടുക്കണ്ടേ?" മാതൃസ്നേഹം സ്വേദകണങ്ങളായി നിലത്തുവീണു.

"അങ്ങേലെ വാസു പഠിക്കാൻ പോകുന്നുണ്ടു്." ഓനച്ചൻ വാദിച്ചു.

"ഗൗരിയും പോകുന്നുണ്ടു്." ലീലാമ്മ പിൻതാങ്ങി.

"ഗൗരിയും വാസുവും. ഹാ! നിങ്ങളുടെ ഇച്ചാച്ചൻ—" ഞെറിയുടെ അററം കൊണ്ടു് അവൾ മുഖം മറച്ചു. കുട്ടികൾ തുടർന്നു സംസാരിച്ചില്ല.

അന്നത്തെ സന്ധ്യാജപങ്ങൾക്കുശേഷം പഠനക്കാര്യം വീണ്ടും ആലോചനാവിഷയമായി. വിദ്യാഭ്യാസച്ചെലവിനുവേണ്ട പണമുണ്ടാക്കാൻ പററിയ ചില മാർഗ്ഗങ്ങൾ അവർ കണ്ടുപിടിച്ചു.

പിറേറദിവസം പല വീടുകളിൽനിന്നുമായി നാലു കോഴികളെയും, ഒരാടിനേയും, ഒരു പശുവിനേയും വളർത്തുന്നതിനു വാങ്ങി.

അദ്ധ്യയനകാലം ആരംഭിച്ചു. ഓനച്ചനും ലീലാമ്മയും ഇംഗ്ലീഷ്സ്കൂളിൽ ചേർന്നു. അവരുടെ സഹപാഠികൾക്കു് അതു ഏററം സന്തോഷപ്രദമായി. എന്നാൽ നാട്ടിലെ പ്രമാണികളും സ്ത്രീകളും കൊച്ചുറോസമ്മയുടെ അവിവേകത്തെ അപലപിക്കാതിരുന്നില്ല. ധനപുഷ്ടിയിൽ കഴിഞ്ഞുകൂടിയിരുന്ന ബന്ധുമിത്രാദികൾക്കു പല ആശങ്കകളും ജനിച്ചു. അവർ അവളുടെ തോന്ന്യാസത്തെ രൂക്ഷമായി വിമർശിച്ചു. പക്ഷെ, അവരെ ആരേയും അവൾ ഒരിക്കലും ഒന്നിനും ശല്യപ്പെടുത്തിയില്ല. ഒപ്പിട്ട കടലാസുമായി സമീപിച്ചുമില്ല.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ കോഴികൾ മുട്ടയിട്ടു്, പൊരുന്നി, കൊത്തിയിറങ്ങി. ആകെ നാല്പതു കുഞ്ഞുങ്ങൾ! കൊച്ചുറോസമ്മ അവയെ അതിരററ ശ്രദ്ധയോടെ പരിരക്ഷിച്ചു. പരുന്തിന്റേയും മററും ആക്രമണങ്ങളിൽനിന്നും രക്ഷപ്രാപിക്കാൻ പററിയ താവളങ്ങൾ പനവരിച്ചു കൊണ്ടു് അവൾ ശരിപ്പെടുത്തി. കുഞ്ഞുങ്ങളുടെ കേടുതീർന്നു അവ പാകമായി തള്ളകളെയും പകുതി കുഞ്ഞുങ്ങളെയും കരാറനുസരിച്ചു് അവയുടെ ഉടമസ്ഥർക്കു് തിരികെ കൊടുത്തു. കുറെക്കഴിഞ്ഞു് നാലു കോഴികൾ ഒഴികെ മററുള്ളവയെ എല്ലാം വിററു. എട്ടു രൂപാ കിട്ടി. അതുകൊടുത്തു് പുസ്തകങ്ങൾക്കുംമററുമായി ബാക്കിൽ പണയപ്പെടുത്തിയിരുന്ന കുണുക്കുകൾ എടുപ്പിച്ചു.

കൊച്ചുറോസമ്മ എന്നും പണിയെടുക്കാൻ പോകും. രണ്ടിടങ്ങഴി നെല്ലാണു കൂലി. ഉച്ചഭക്ഷണവും ലഭിക്കും. വീട്ടു ചെലവുകൾ വളരെ പിടിച്ചാണു് അവൾ നടത്തിയിരുന്നതു്. കറി പാകപ്പെടുത്താൻ വെളിച്ചെണ്ണപോലും ഉപയോഗിക്കാറില്ല. അത്താഴം മക്കൾക്കു കൊടുത്തുകഴിഞ്ഞിട്ടു ബാക്കിയുണ്ടെങ്കിലേ അവൾക്കു വേണ്ടൂ.

അതിരാവിലെ അവൾ എഴുന്നേൽക്കും. പ്രഭാതജപങ്ങൾക്കുശേഷം ഭക്ഷണം പാകപ്പെടുത്തും. ഇവ വാട്ടിയെടുത്തു് കുട്ടികൾക്കു് ഉച്ചയ്ക്കുള്ള ചോറു് രണ്ടു പൊതിയായി കെട്ടും. സ്കൂളിലേക്കു പോകുന്നതിനുമുമ്പായി കഴിക്കാനുള്ള കഞ്ഞി വിളമ്പിവയ്ക്കും. ഏഴുമണിയോടുകൂടി യജമാനഗൃഹത്തിലേക്കു തിരിക്കും. "ഓനച്ചാ, പോകുന്നതിനുമുമ്പു പശുവിനേയും ആടിനേയും മാററിക്കെട്ടണം." അവൾ ദിവസവും ഓർപ്പിക്കും.

*  *  *

കൊല്ലങ്ങൾ മുമ്പോട്ടു കുതിച്ചുകൊണ്ടിരുന്നു. അവർ മത്സരബുദ്ധിയോടെ പഠിക്കയും, അങ്ങനെതന്നെ അമ്മയെ സഹായിക്കയും ചെയ്തുപോന്നു. യഥാകാലം പശുവും ആടും അവരെ അനുഗ്രഹിച്ചു.

കൊച്ചുറോസമ്മയുടെ ആരോഗ്യം ക്രമേണ ക്ഷയിച്ചുതുടങ്ങി. രാപകലില്ലാത്ത ജോലി—വിശപ്പടങ്ങാത്ത ഭക്ഷണം. പക്ഷെ, നീണ്ട പ്രതീക്ഷകൾമാത്രം എന്തു സാഹസത്തിനും ആ സാധ്വിക്കു് പ്രോത്സാഹനം നൽകി. "അമ്മേ, അമ്മ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. കുറേശ്ശെ പാലും ഒന്നുരണ്ടുമുട്ടയും ദിവസേന കുടിച്ചാലെന്താ?" ഓനച്ചൻ അപേക്ഷിച്ചു. "എന്റെ ക്ഷീണോ! അതു സാരമില്ല ഇക്കൊല്ലം കഴിഞ്ഞാൽ എന്റെ ബുദ്ധിമുട്ടിനു കുറവുണ്ടാകും. നിങ്ങൾ മട്രിക്കുലേഷൻ പാസായാൽ—" ആ ആശയം പൂരിപ്പിക്കുന്നതിനു് അവൾക്കു സാധിച്ചില്ല.

അക്കൊല്ലംതന്നെ അവർ രണ്ടുപേരും സിക്സ്ത്തു് പാസ്സായി. താമസിയാതെ ഓനച്ചനു പട്ടണത്തിലെ ഒരു ബാങ്കിൽ ജോലികിട്ടി. 60 കശമ്പളം. ലീലാമ്മ അടുത്ത മഠത്തിലെ സ്കൂളിൽ അദ്ധ്യാപികയായി. പ്രതിമാസം 30 ക അവൾക്കും ലഭിക്കും.

അതിൽപ്പിന്നെ അവൾ കൂലിവേലക്കു പോകാതെയായി. തന്നിമിത്തം പ്രതിദിനം പള്ളിയിൽ പോകുന്നതിനു അവൾക്കു സൗകര്യം കിട്ടി. അവരുടെ ശ്രേയസ്സിനു വളരെയധികം സഹായിച്ച പശുക്കളേയും, ആടുകളേയും, കോഴികളേയും കൂടുതൽ ശ്രദ്ധയോടെ പരിപാലിക്കുന്നതിനും അവൾക്കു സാധിച്ചു. അവയിൽനിന്നുള്ള ആദായംകൊണ്ടു് വീട്ടാവശ്യങ്ങളെല്ലാം ഭംഗിയായി നടന്നിരുന്നു.

രണ്ടുകൊല്ലംകൊണ്ടു് ബാങ്കിലെ നിക്ഷേപം 1800 ആയി. അടുത്തുവന്ന മകരമാസത്തിൽ ലീലാമ്മയുടെ വിവാഹം നടന്നു. യുവകോമളനായ ഹൈസ്കൂൾഅദ്ധ്യാപകൻ പോളച്ചൻ, ലീലാമ്മയ്ക്കു അനുരൂപനായ വരൻതന്നെ. ആയിരം രൂപ സ്ത്രീധനത്തിനു പുറമെ 500 രൂപായുടെ ആഭരണവും കൊടുത്തു. 300 രൂപായോളം അന്നത്തെ ആഘോഷങ്ങൾക്കും ചെലവായി.

കൊല്ലങ്ങൾ രണ്ടു പിന്നെയും കഴിഞ്ഞു. 1200 രൂപ അവർ മിച്ചംവരുത്തി. ഓനച്ചനു പുര ഒന്നു വലുതാക്കി പണിയണമെന്നു മോഹമുണ്ടായി. പക്ഷേ, അമ്മയുടെ നിർദ്ദേശമനുസരിച്ചു് പന്ത്രണ്ടുപറയ്ക്കു നിലം വാങ്ങി.

അക്കൊല്ലത്തെ ഉയിർപ്പുതിരുനാളിനുപോളച്ചനും ലീലാമ്മയും ബേബിയും വന്നിരുന്നു. വല്യമ്മ ആ കൊച്ചുലീലാമ്മയെ മടിയിൽവയ്ക്കും, പൊക്കിപ്പിടിക്കും. പനിനീർപുഷ്പംപോലെ പ്രകാശിച്ചിരുന്ന അതിന്റെ കവിൾത്തടങ്ങളിൽ പ്രേമത്തിന്റെ മാററു പലവുരു ഉരച്ചുനോക്കി. എന്നിട്ടും തൃപ്തിവന്നില്ല.

ഗോധൂളിമുഹൂർത്തം മുക്രയിട്ടു. ആടുകൾ കരഞ്ഞു കോഴികൾ കൊക്കിവിളിച്ചു. കൊച്ചുറോസമ്മ ഇരുന്ന ഇടത്തുനിന്നും അനങ്ങിയില്ല.

"അമ്മേ, ഊണു കാലമായി, വരൂ." ലീലാമ്മ വാതുക്കൽ വന്നു.

"അവർക്കു കൊടുക്കൂ, നമുക്കു് പിന്നെ കഴിക്കാം."

ഓനച്ചനും പോളച്ചനും ഉണ്ടു തുടങ്ങി. കുഞ്ഞിനെയുംകൊണ്ടു് കൊച്ചുറോസമ്മ അവരുടെ അടുത്തെത്തി.

"പോളച്ചാ!" രണ്ടുപേരും അമ്മയെ നോക്കി. "ഓനച്ചൻ ഇങ്ങനെ നടന്നാൽ മതിയോ?" പോളച്ചനും ലീലാമ്മയും ചിരിച്ചു. ഓനച്ചനും ചിരിച്ചു.

"എനിക്കു സഹായത്തിനു ഒരാളെ വേണ്ടേ പോളച്ചാ?" ജാമാതാവിന്റെ അഭിപ്രായം അറിയാൻ അവൾ വീണ്ടും ശ്രമിച്ചു. "അതു ശരിയാ. എത്രമാത്രം കഷ്ടതകൾ സഹിച്ചു! ഇനിയെങ്കിലും ഒരാശ്വാസം ആവശ്യമാണു്."

അമ്മയുടേയും മകന്റേയും കൺമുനകൾ തമ്മിൽ ഇടഞ്ഞു. ഹൃദയഭിത്തികളിൽ പരസ്പരം അനേകം ചിത്രങ്ങളെ അവർ എഴുതിയുണ്ടാക്കി. "എല്ലാം അമ്മയുടെ ഇഷ്ടംപോലെയാവട്ടെ." ഓനച്ചൻ പറഞ്ഞതു് ഉള്ളിൽ വിചാരിച്ചതുതന്നെയാണു്. "എന്നാൽ ഈ വീടൊന്നു നന്നാക്കിയിട്ടു പോരെ?"

"അതിനിപ്പോൾ പണമില്ലല്ലോ." കൊച്ചുറോസമ്മയ്ക്കും പുരയൊന്നു നന്നാക്കിയാൽകൊള്ളാമെന്നു് വിചാരമുണ്ടായിരുന്നു.

"ആയിരം രൂപാ ബാങ്കിൽനിന്നും കടമെടുക്കാം. കുറെപണം ബാങ്കിലുമുണ്ടല്ലോ." ഓനച്ചൻ മാർഗ്ഗം കണ്ടു.

"കടമെടുത്തു വീടു പണിയേണ്ടാ."

"പിന്നെ എന്തു ചെയ്യും?" ഓനച്ചൻ പരുങ്ങലിലായി.

"അമ്മേ, അത്രയും രൂപാ ഇപ്പോൾ ബാങ്കിൽനിന്നും എടുക്കാം. നമ്മുടെ വസ്തു പണയം കൊടുത്താൽമതി. ഓനച്ചനു് അവിടെ ജോലിയുള്ളതുകൊണ്ടു് പേരിനു മാത്രമേ പലിശ കൊടുക്കേണ്ടിവരികയുള്ളൂ. പണി തീർന്നാൽ ഒരുകൊല്ലംകൊണ്ടു് കടം വീടിപ്പോകും." അളിയൻ അളിയനുവേണ്ടി വാദിച്ചു.

"എന്നാ, അങ്ങനെ ആകട്ടെ."

അവർ ഊണു കഴിഞ്ഞു പുറത്തിറങ്ങി പ്ലാവിൻചുവട്ടിലേക്കു പോയി.

*  *  *

ഓനച്ചൻ വിവാഹിതനായി. ത്രേസ്യാക്കുട്ടി സ്കൂൾഫൈനൽ ജയിച്ചിട്ടുണ്ടു്. അപ്പന്റേയും അമ്മയുടേയും ഏക മകൾ. ആങ്ങളമാരുടെ ഏക സഹോദരി. എല്ലാവരുടേയും കണ്ണിലുണ്ണി.

വിവാഹാനന്തരം ത്രേസ്യാക്കുട്ടി പലപ്പോഴും ഭർത്തൃഗൃഹത്തിൽ വന്നു താമസിക്കാറുണ്ടു്. പക്ഷേ, അവിടത്തെ ജീവിതം അവൾക്കു് തൃപ്തികരമായി തോന്നിയില്ല. കൊച്ചുറോസമ്മ അവരുടെ പൂർവ്വചരിത്രം അവളെ ഇടയ്ക്കിടയ്ക്കു് പറഞ്ഞു മനസ്സിലാക്കും. അതൊക്കെ കേൾക്കുമ്പോൾ അവൾക്കു് അവരോടു് വെറുപ്പാണു് തോന്നുക. ശ്വശ്രുവിനു കുലീനതയില്ല, വിദ്യാഭ്യാസമില്ല, ആചാരമര്യാദയില്ല, പരിഷ്കാരമില്ല, എന്നെല്ലാം അവൾക്കു തോന്നി. പുച്ഛമായി അങ്ങനെ പലരോടും പറയുകയും ചെയ്തു.

ഒരിക്കൽ ഓനച്ചന്റെ ചില സ്നേഹിതന്മാർ അവിടെ വന്നു. ത്രേസ്യാക്കുട്ടി അവരുടെ മുമ്പിൽ കൊഞ്ചിക്കുഴഞ്ഞതും, വിനയാനുചിതമായവിധം പൊട്ടിച്ചിരിച്ചതും അമ്മയ്ക്കു് രസിച്ചില്ല. അവർ പോയപ്പോൾ മകളെ സ്നേഹപൂർവ്വം ഗുണദോഷിച്ചു. ത്രേസ്യാക്കുട്ടി കോപംകൊണ്ടു വിറച്ചു. "നിങ്ങൾ എന്നെ പഠിപ്പിക്കണ്ടാ. പേടിപ്പിക്കുകയും വേണ്ടാ. പത്തിരുപതു കുട്ടികളെ വെച്ചുകൊണ്ടിരുന്നാലും എന്റെ ചെലവു കഴിഞ്ഞുകൊള്ളും. ഞാനേ, സ്കൂൾഫൈനൽ കൊംപ്ലീററാ. അതോർത്തു സംസാരിച്ചാൽമതി." അതിനുശേഷം സ്ഫടികപ്പാത്രത്തോടെന്നപോലെ വളരെ ശ്രദ്ധയോടും, കരുതലോടും, വിവേകത്തോടും കൂടെയാണു് അവൾ സ്നുഷയോടു പെരുമാറിവന്നതു്.

ക്രിസ്തുമസ് വെക്കേഷൻ. ലീലാമ്മയും ബേബിയും അവിടെ വന്നിട്ടുണ്ടായിരുന്നു. വന്ന അന്നു് അമ്മയും മകളുംകൂടെ നാട്ടുവർത്തമാനങ്ങളും, വീട്ടുവർത്തമാനങ്ങളും പറഞ്ഞുകൊണ്ടിരുന്നു കുറച്ചുസമയം. അന്നു ത്രേസ്യാക്കുട്ടി ഉണ്ടില്ല. അമ്മയും നാത്തൂനും വളരെ നിർബന്ധിച്ചു. കണ്ണീരു മാത്രമേ അതിനു മറുപടി പറഞ്ഞുള്ളൂ.

വൈകുന്നേരം ഓനച്ചൻ ബാങ്കിൽനിന്നും മടങ്ങിയെത്തി. അവൾ കാലു കഴുകാൻ വെള്ളം കൊടുത്തില്ല. ഉൾമുറിയിൽ ഇരുന്നു കരയുകയായിരുന്നു.

"ഇതെന്താ?" ഓനച്ചൻ ചോദിച്ചു.

"എന്താണെന്നോ?" അവളുടെ കണ്ണുകൾ ചെന്താമരപോലെയായി. അധരങ്ങൾ വിറച്ചു. "നിങ്ങളുടെ അമ്മയുടെ ആട്ടുകേട്ടുകൊണ്ടു് എനിക്കിവിടെ ജീവിക്കണ്ടാ."

(ശേഷം 8-ാം പേജിൽ)


## അഭിപ്രായപഞ്ചകം

## "ചിത്രവേദി"യെപ്പററി

1. കവിതിലകൻ ജി. ശങ്കരക്കുറുപ്പു്:—
"സംസ്കാരസമ്പന്നമായ ഒരാസ്തികഹൃദയത്തിന്റേയും കലാനിപുണമായ ഒരു തൂലികയുടേയും സുഭഗസന്തതിയാണു് "ചിത്രവേദി." ആഹ്ലാദിക്കാനും വെളിച്ചം തരാനും കരുത്തുള്ള ഒരു ഗ്രന്ഥം."
2. "വിശാലതരമായ ഇതിവൃത്തം സ്വീകരിച്ചെഴുതിയിട്ടുള്ള 18 ഉപന്യാസങ്ങൾ സഹൃദയന്മാർക്കു് സാഹിത്യവസന്തോത്സവത്തിന്റെ ആനന്ദം പ്രദാനം ചെയ്യുന്നു. നവ്യകല്പനങ്ങൾ, മഹാശയങ്ങൾ, രമ്യശൈലികൾ, പുണ്യഭാവനകൾ എന്നിവ ചിത്രവേദിയെ ആലിംഗനം ചെയ്യുന്ന കാഴ്ച അനുവാചകരെ പുളകംകൊള്ളിക്കതന്നെ ചെയ്യും. സാഹിത്യാരാമത്തിൽ ഇങ്ങനെ വാടാമലരുകൾ സൃഷ്ടിക്കുന്ന ഗ്രന്ഥകർത്താവു് അസ്മാദൃശന്മാർക്കു് അഭിമാനാഹ്ലാദങ്ങൾ പ്രദാനം ചെയ്യുന്നു.
ജെ. കട്ടക്കയം
3. "ചിത്രവേദി വളരെ നന്നായിട്ടുണ്ടു്." ഉള്ളൂർ.
4. "വാസനയും വൈദുഷിയുമാകുന്ന പ്രിയ സഖിമാർ സാഹിതിയെ ശ്രീ മററത്തോടു ഗാഢമായി കൂട്ടിയിണക്കിയിരിക്കുന്നു. അവളുടെ നൈസർഗ്ഗികമായ പരിമളം ചിത്രവേദിയിലെ 18 ഗദ്യപ്രബന്ധങ്ങളിലും ഏറെക്കുറെ പാറുന്നുണ്ടു്. വിത്രാദിപോദയം എന്ന പ്രബന്ധമാകട്ടെ അതിന്റെ ഭക്തിഭംഗിമകൊണ്ടു് എന്നെ കോരിത്തരിപ്പിച്ചു!"
വള്ളത്തോൾ
5. "പ്രസന്നവും ഉജ്ജ്വലവുമായ ഭാഷയും പുതുമകലർന്ന പ്രതിപാദനരീതിയും എനിക്കു ഏറെക്കുറെ ആകർഷകമായി തോന്നി." നാലപ്പാട്ടു്

വില രൂപാ ഒന്നു മാത്രം

ഫാദർ മററം, കുറവിലങ്ങാടു്

# സത്യദീപം


പത്രാധിപന്മാർ
വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി.
വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ
എം. എ, പി എച്ച്. ഡി., ഡി ഡി , ഡി. സി എൽ.
റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 || ERNAKULAM, JANUARY 26, 1949 || No 23


# തിരുനാൾമംഗളം

മലങ്കരസുറിയാനിസഭാദ്ധ്യക്ഷനും തിരുവനന്തപുരം മെത്രാപ്പോലീത്തായുമായ മാർ ഈവാനിയോസു തിരുമേനിയുടെ നാമഹേതുകനായ വി. യോഹന്നാൻ ക്രിസോസ്തോമോസിന്റെ തിരുനാൾ നാളെയാണല്ലോ. ആനന്ദപ്രദായകമായ ഈ ശുഭാവസരത്തിൽ സത്യദീപത്തിന്റെ ഹൃദയംഗമമായ മംഗളാശംസകൾ തിരുമനസ്സിലെ സമക്ഷം വിനയസമന്വിതം സമർപ്പിച്ചുകൊള്ളട്ടെ. ചുമതലകളുടെ വമ്പിച്ച ഭാരവും വഹിച്ചുകൊണ്ടു് ധർമ്മധീരതയോടെ മുമ്പോട്ടു ഗമിക്കുന്ന കർമ്മകുശലനും നയവിശാരദനുമായ ഒരു വ്യക്തിയാണു് മാർ ഈവാനിയോസു തിരുമേനി. ആബാല്യകാലം മുതൽ സേവനത്തിന്റെ വിപുലമായ വയലിൽ വേലയാരംഭിച്ച വന്ദ്യതിരുമേനി പുനരൈക്യപ്രസ്ഥാനത്തിനു നേതൃത്വം വഹിച്ചുകൊണ്ടു സ്വജനേട്ടങ്ങൾക്കു മകുടം ചാർത്തി. ചുരുങ്ങിയ ഈ കാലയളവിൽ അറുപതിനായിരത്തിൽപ്പരം അജഗണങ്ങൾ ആലയത്തിലേക്കു പിന്തിരിഞ്ഞിട്ടുണ്ടെന്നുള്ളതിൽ ആരാണു് അഭിമാനം കൊള്ളാത്തതു്? ഇപ്പോഴിതാ വന്ദ്യതിരുമേനി ആധുനികമായ സകല സജ്ജീകരണങ്ങളോടും



കൂടിയ ഒരു കലാലയം സ്ഥാപിക്കുക എന്ന മഹാസംരംഭത്തിലേക്കു കാലൂന്നിയിരിക്കുകയാണു്. പ്രസ്തുതപ്രസ്ഥാനത്തിൽ തിരുമേനിക്കു സകലവിധവിജയങ്ങളുമാശംസിച്ചുകൊള്ളുന്നു. തിരുമേനി ആയുരാരോഗ്യവാനായി സഭാഭരണം പ്രശസ്തമായി തുടർന്നുകൊണ്ടുപോകുന്നതിനു ജഗദീശൻ ഇടയാക്കട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

# കത്തോലിക്ക രാഷ്ട്രീയപ്രവർത്തകരോട്

എട്ടുകൊല്ലം മുൻപു് മാനസാന്തരപ്പെട്ടു കത്തോലിക്കാസഭയിൽ ചേർന്ന പക്കൻഹാം പ്രഭു ബ്രിട്ടീഷ് മന്ത്രിസഭയിലെ ഒരംഗമാണു്. സിവിൽവ്യോമയാനവകുപ്പിന്റെ മേധാവിത്വം ഇദ്ദേഹമാണു വഹിക്കുന്നതു്. കഴിഞ്ഞ ഡിസംബർ 12-ാംനു ലിവർപൂളിൽ കൂടിയതും അവിടത്തെ മെത്രാപ്പോലീത്താ ഡോക്ടർ ഡൗണി അദ്ധ്യക്ഷതവഹിച്ചതുമായ കാത്തലിക് ട്രൂത്തു് സൊസൈററിയുടെ സമ്മേളനത്തിൽ ഈ മന്ത്രി ഒരു പ്രസംഗം ചെയ്തു. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതു രാജ്യത്തിലേയും കത്തോലിക്കർക്കു് മാർഗ്ഗദർശനം നൽകുന്ന ഏററവും സാരഗർഭമായ പ്രസംഗമായിരുന്നു അതു്.

### നല്ല കത്തോലിക്കനായിരിക്കണം

"എത്രനല്ല തത്വങ്ങളും പ്രമാണങ്ങളും നിങ്ങൾ വേണ്ടവിധം ഗ്രഹിച്ചിരുന്നാലും, നിങ്ങളുടെ കത്തോലിക്കാജീവിതം ശരിയായതല്ലെങ്കിൽ, നിങ്ങൾ ലോകത്തിൽ എന്തെങ്കിലും ഗുണം ചെയ്യുവാൻ പോകുന്നില്ല. ഒരു കത്തോലിക്കാരാജ്യതന്ത്രജ്ഞൻ സാമുദായികതത്വങ്ങൾ ബുദ്ധിപരമായി ഗ്രഹിച്ചിരുന്നാൽ മാത്രം മതിയാകുകയില്ല. പ്രധാനമായി വേണ്ടതു് നിവൃത്തിയുള്ളിടത്തോളം നല്ല കത്തോലിക്കനായിരിക്കുകയാണു്; മതാത്മകമായ ജീവിതം നയിക്കുകയും മതപരമായ കർത്തവ്യങ്ങൾ അനുഷ്ഠിക്കുകയും തിരുസ്സഭയ്ക്കു വിധേയനായിരിക്കുകയും ചെയ്യണം."

ആധുനികകാലത്തു് രാഷ്ട്രീയപ്രവർത്തകന്മാർക്കു് അവശ്യം ആവശ്യകമായിരിക്കുന്ന ഗുണങ്ങളാണു് കത്തോലിക്കനായ ഈ രാജ്യതന്ത്രജ്ഞൻ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. യഥാർത്ഥകത്തോലിക്കൻ തിരുസ്സഭ പഠിപ്പിക്കുന്ന വിശ്വാസതത്വങ്ങളിൽ മാത്രമല്ല, സന്മാർഗ്ഗതത്വങ്ങളിലും പരിപൂർണ്ണമായ വിശ്വാസവും കഴിവനുസരിച്ചുള്ള ജ്ഞാനവും ഉള്ളവനായിരിക്കണം. ഇക്കാലത്തു പ്രചാരത്തിലിരിക്കുന്ന രാഷ്ട്രീയ സിദ്ധാന്തങ്ങളിൽ സന്മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അബദ്ധങ്ങളേതെന്നും സുബദ്ധങ്ങളേതെന്നും ആധുനിക മാർപ്പാപ്പാമാർ വിശദമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ആ മാർഗ്ഗദർശനമനുസരിച്ചു് അബദ്ധസിദ്ധാന്തങ്ങളെ പരിത്യജിക്കുകയും സുബദ്ധസിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കുകയുമാണു് രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടുന്ന കത്തോലിക്കർ ആദ്യമായി ചെയ്യേണ്ടതു്. എന്നാൽമാത്രമേ അവരുടെ രാഷ്ട്രീയസേവനം വഴിപിഴച്ചുപോകാതെ ലോകത്തിനു ഗുണകരമായി ഭവിക്കുകയുള്ളു. അധികാരത്തിലിരിക്കുന്നവരും സ്വാധീനബലം പ്രയോഗിക്കുന്നവരുമായ കത്തോലിക്കരുടെ സ്വകാര്യജീവിതത്തിലെ ഗുണദോഷങ്ങൾ രാജ്യവാസികളുടെ ജീവിതത്തെ സാരമായി ബാധിക്കുന്നവയാകകൊണ്ടു് അവരുടെ സ്വകാര്യജീവിതം യഥാർത്ഥത്തിൽ ക്രിസ്തീയമായിരിക്കണം. അനുദിനജീവിതത്തിലും കർത്തവ്യനിർവഹണത്തിലും തിരുസ്സഭയോടുള്ള അനുസരണത്തിലും അവർ മാതൃകാകത്തോലിക്കരായിരിക്കണം. രാഷ്ട്രീയജീവിതത്തിൽ വ്യാപൃതരായിരിക്കുന്നവർക്കു് സാധാരണമായി നേരിടുന്ന പ്രലോഭനങ്ങളേതെന്നും അതിനെ നേരിടേണ്ടതെങ്ങനെയെന്നും ഈ കത്തോലിക്കനായ രാജ്യതന്ത്രജ്ഞൻ ചൂണ്ടിക്കാണിക്കുന്നു.

### പ്രലോഭനങ്ങൾ

"മററെല്ലാജീവിതവൃത്തികളിലെന്നപോലെ രാഷ്ട്രീയജീവിതത്തിലും പ്രത്യേകങ്ങളായ പ്രലോഭനങ്ങളുണ്ടു്. ഏററവും പ്രത്യക്ഷമായ പ്രലോഭനം, അസംഖ്യമാളുകളുമായി ഒന്നുചേർന്നു പ്രവർത്തിക്കേണ്ട ആവശ്യകതമൂലം അവനവന്റെ വ്യക്തിപരമായ സത്യസന്ധത നഷ്ടപ്പെടുത്തുകയെന്നതാണു്. പലപ്പോഴും പ്രധാന്യം കല്പിക്കപ്പെടാത്ത വേറൊരു പ്രലോഭനവുമുണ്ടു്. അവനവന്റെ എളിമ നഷ്ടപ്പെടുത്തുകയെന്നതാണു് ആ പ്രലോഭനം. ജനായത്തപരമായ രാഷ്ട്രീയകാര്യങ്ങളിൽ ജനസാമാന്യത്തിന്റെ അഭിനന്ദനം നേടുവാൻ ഒരുവൻ സർവ്വദാ നിർബന്ധിക്കപ്പെടുന്നു. ഈ വഴിക്കുള്ള പ്രലോഭനങ്ങൾ വലിയവയാണു്. അവയിൽ വച്ചു് ഏററവും അഗോചരം എളിമയ്ക്കെതിരായ പ്രലോഭനമാകുന്നു."

എത്ര ബുദ്ധിപൂർവ്വകമായ ഉദ്ബോധനം! പ്രജായത്തഭരണത്തിൽ രാഷ്ട്രീയപ്രവർത്തകന്മാരുടെ ജയാപജയങ്ങൾ ജനഹിതത്തെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. പ്രായപൂർത്തിവോട്ടവകാശം നിലവിലിരിക്കുന്നേടത്തെല്ലാം ജനഹിതമെന്നു പറഞ്ഞാൽ അധികവും സാധാരണക്കാരായ ജനങ്ങളുടെ ഹിതമെന്നാണല്ലോ അർത്ഥം. തത്വബോധത്തെക്കാൾ വികാരങ്ങളും, സ്ഥായിയായ നന്മയെക്കാൾ താൽക്കാലികമായ സുഖസൗകര്യങ്ങളുമായിരിക്കും സാധാരണക്കാരായ ജനങ്ങളെ പ്രേരിപ്പിക്കുന്നതു്. തന്മൂലം അവരെ പ്രീതിപ്പെടുത്തുവാനും അവരുടെ അഭിനന്ദനം സമ്പാദിക്കുവാനും തദ്വാരാ രാഷ്ട്രീയപ്രവർത്തനങ്ങളിൽ വിജയം നേടുവാനും ആർക്കും പ്രലോഭനമുണ്ടാകുന്നതിൽ ആശ്ചര്യമില്ലതന്നെ. ആ പ്രലോഭനത്തെ തടുത്തുനില്ക്കണമെങ്കിൽ അചഞ്ചലമായ സത്യസന്ധതയും അഗാധമായഎളിമയും ഉണ്ടായിരിക്കണം. ജനപ്രീതിക്കുവേണ്ടിയോ ജനങ്ങളുടെ അഭിനന്ദനങ്ങൾക്കുവേണ്ടിയോ സത്യത്തിനും നീതിക്കും സ്വന്തം കർത്തവ്യത്തിനും ചേരാത്ത യാതൊന്നും ചെയ്യുകയില്ലെന്നുള്ള വ്രതമെടുക്കുകയും അതു പാലിക്കുകയും ചെയ്യേണമതിയാവൂ. ഹൃദയത്തിന്റെ ആഴത്തിൽ എളിമയുള്ളവനു മാത്രമേ ഇതു സാധിക്കുകയുള്ളു. ദൈവതിരുമുമ്പിൽ തനിക്കുള്ള യഥാർത്ഥമായ അയോഗ്യതകളെപ്പററിയും തത്ഫലമായി ബഹുമാനിതനാകുവാൻ തനിക്കുള്ള അനർഹതയെപ്പററിയും ഒരുവനുള്ള ബോധമാണല്ലോ യഥാർത്ഥമായ എളിമ. ആ ബോധമുള്ളവൻ ജനപ്രീതിക്കും ജനസാമാന്യത്തിന്റെ അഭിനന്ദനത്തിനും വേണ്ടി ബദ്ധപ്പെടുകയില്ല; അത്രപോലും അതിനുവേണ്ടി സത്യത്തേയും നീതിയേയും കർത്തവ്യനിർവ്വഹണത്തേയും കൈവെടിയുകയുമില്ല. പ്രസ്തുത ബോധത്താൽ പ്രേരിതനായിരിക്കുന്ന രാഷ്ട്രീയപ്രവർത്തകനു് ബഹുമാനേച്ഛകൂടാതെ രാജ്യസേവനം ചെയ്യുവാൻ സാധിക്കുന്നതാണു്. രാഷ്ട്രീയപ്രവർത്തകന്മാരെ കമ്മ്യൂണിസത്തിന്റെ വലയിൽനിന്നു് രക്ഷിക്കുവാനുതകുന്ന ഉദ്ബോധനവും പക്കൻഹാം പ്രഭു നൽകുന്നുണ്ടു്.

### കമ്മ്യൂണിസം

"ദേശീയകാര്യങ്ങളെപ്പററി സംസാരിക്കുമ്പോൾ സാർവ്വദേശീയകമ്മ്യൂണിസത്തിന്റെനേരെ ദൃഷ്ടിപതിക്കുവാൻ നാം ഉപേക്ഷവിചാരിക്കരുതു്. കമ്മ്യൂണിസം സോഷ്യലിസത്തിന്റെ മഹാവികൃതരൂപമാണു്. ക്രിസ്ത്യൻസോഷ്യലിസം സ്നേഹത്തിൽ അധിഷ്ഠിതവും, നേരെമറിച്ചു് കമ്മ്യൂണിസം ദ്വേഷത്തിൽ അധിഷ്ഠിതവുമാകുന്നു. ഇതാണു് രണ്ടുംതമ്മിലുള്ള വ്യത്യാസം. മാർക്സിസം ആദ്യമായും അവസാനമായും നിരീശ്വരത്വമാകുന്നു. ക്രിസ്തീയനിരീശ്വരനാകുവാൻ നിങ്ങൾക്കു സാദ്ധ്യമല്ലല്ലോ. തന്മൂലം ക്രിസ്തീയ മാർക്സിസ്റ്റ് ആകുവാനും നിങ്ങൾക്കു സാദ്ധ്യമല്ല."

ക്രിസ്തീയസോഷ്യലിസം എന്നിവിടെ പറഞ്ഞിരിക്കുന്നതു് സോഷ്യൽനീതിയെപ്പററിയാണെന്നു സ്പഷ്ടമാണു്. കാരണം, സാക്ഷാൽ സോഷ്യലിസം സ്നേഹത്തിൽ അധിഷ്ഠിതമല്ല. അതിന്റെ അടിസ്ഥാനം വർഗ്ഗവിദ്വേഷമാണു്—മുതലാളിമാരോടുള്ള വിദ്വേഷം. യഥാർത്ഥ സോഷ്യലിസം സാരാംശത്തിൽ മാർക്സിസം ആകകൊണ്ടു് അതിനേയും കമ്മ്യൂണിസത്തേയും ഒരേഗണത്തിലാണു് പ്രാസംഗികൻ പെടുത്തിയിരിക്കുന്നതു്. മാർക്സിസം ആദ്യന്തം നിരീശ്വരപരമാണെന്നു്, അതിന്റെ സ്ഥാപകനായ കാൾമാർക്സും പ്രചാരകന്മാരായ ലെനിൻ മുതലായവരും തുറന്നു സമ്മതിച്ചിട്ടുള്ളതാണു്. അങ്ങനെയിരിക്കെ ഒരു ക്രിസ്ത്യാനിക്കു് മാർക്സ്യൻ സോഷ്യലിസ്റ്റുകാരനോ തനി കമ്മ്യൂണിസ്റ്റുകാരനോ ആകണമെങ്കിൽ അവൻ നിരീശ്വരനുംകൂടിയായിരിക്കണം. ഏകസത്യദൈവത്തിൽ വിശ്വസിക്കേണ്ടവനായ ക്രിസ്ത്യാനിക്കു് ഇതു സാദ്ധ്യമല്ലല്ലോ. കമ്മ്യൂണിസത്തെ വെറുക്കേണ്ടതുകൊണ്ടു് കമ്മ്യൂണിസ്റ്റുകാരനെ വെറുക്കണമെന്നില്ല. നേരെമറിച്ചു് അവനോടു് അപരിമിതമായ സ്നേഹം കാണിക്കണമെന്നാണു് പ്രാസംഗികൻ ഉപദേശിക്കുന്നതു്. കമ്മ്യൂണിസത്തെ തടയുവാനുള്ള ഫലപ്രദമായ മാർഗ്ഗവും പ്രഭു അവർകൾ ചൂണ്ടിക്കാണിക്കുന്നു.

### ദുരിതകാരണങ്ങൾ നീക്കണം

"ദുരിതമനുഭവിക്കുന്ന അസംഖ്യം മനുഷ്യജീവികൾക്കു് കമ്മ്യൂണിസത്തെ ആകർഷകമാക്കുന്ന സ്ഥിതിഗതികൾ ഇല്ലാതാക്കേണ്ടതു് ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെ കർത്തവ്യമാണു്. നമ്മുടെ അധീനത്തിലിരിക്കുന്ന പ്രദേശങ്ങളിൽ അനാരോഗ്യം, ദാരിദ്ര്യം, പാർപ്പിടങ്ങളില്ലായ്ക മുതലായി കമ്മ്യൂണിസത്തെ വളർത്തുന്ന ഹേതുക്കളെ നീക്കം ചെയ്യുവാൻ നാം സകല ശ്രമങ്ങളും ചെയ്യണം." കമ്മ്യൂണിസത്തിനു പ്രചാരം സിദ്ധിക്കുന്നതു് തൊഴിലാളികളുടേയും മററു പാവങ്ങളുടേയും ഇടയിലാണെന്നു സംശയമില്ലല്ലോ. അതിനു കാരണം ഭൗതികമായിത്തന്നെയും അവരനുഭവിക്കുന്ന ദുരിതങ്ങളാണു്. ഉണ്ണാനും ഉടുക്കാനും പാർക്കാനുംപോലും വേണ്ടവയില്ലാതെ ആളുകൾ കഷ്ടപ്പെടുന്ന പരിതാപകരമായ സാഹചര്യങ്ങൾ കമ്മ്യൂണിസമാകുന്ന വിത്തു വിതയ്ക്കുവാൻ ഏററവും പററിയ നിലങ്ങളാണു്. ആ വസ്തുത ബോധപ്പെട്ടിട്ടെങ്കിലും ജനസാമാന്യത്തിന്റെ ജീവിതസ്ഥിതി ക്രമേണ ഭേദപ്പെടുത്തുവാൻ കഴിവുള്ളതു ചെയ്യുന്നതിൽ കത്തോലിക്കർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. നീതിബോധവും സ്നേഹബോധവും ഇക്കാര്യത്തിൽ അവർക്കു പ്രേരണകളായിരിക്കണം. യൂറോപ്പിൽ ഇങ്ങനെയുള്ള സംഘടിതവും ദേശവ്യാപകവുമായ ദുരിതനിവാരണശ്രമങ്ങളാലാണു് കമ്മ്യൂണിസത്തിന്റെ പ്രചാരത്തെ തടയാൻ സാധിച്ചുകൊണ്ടിരിക്കുന്നതു്. ഉദാഹരണമായി ഇററലിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ എണ്ണവും ശക്തിയും വളരെയാണെങ്കിലും ഗവമ്മെൻറിന്റേയും കത്തോലിക്കാപ്രവർത്തകന്മാരുടേയും സംഘടിതമായ ദുരിതനിവാരണശ്രമങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഫലമായിട്ടാണു് കമ്മ്യൂണിസത്തിന്റെ മുന്നേററത്തെ അവിടെ തടഞ്ഞുനിർത്തുകയും കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽനിന്നു് തൊഴിലാളികളേയും മററു പാവങ്ങളേയും വിടുവിച്ചെടുക്കുവാൻ സാധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു്. നമ്മുടെ രാജ്യത്തെ ഗവമ്മെണ്ടുകളും നിയമനിർമ്മാണത്താലും മററും ദുരിതനിവാരണമാർഗ്ഗങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണല്ലോ. ആ പ്രസ്ഥാനത്തിൽ രാജ്യക്ഷേമത്തേയും പൊതുസമാധാനത്തേയും കാംക്ഷിക്കുന്ന സകലപൗരന്മാരും ഹൃദയപൂർവ്വം സഹകരിക്കേണ്ടതാണു്. ആ സഹകരണത്തിൽ മുൻകൈയെടുക്കേണ്ടതു് കത്തോലിക്കരാണെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? ഈ വിഷയത്തിലും ഇംഗ്ലണ്ടിലെ കത്തോലിക്കർക്കു് പ്രാസംഗികൻ ഉദ്ബോധനം നൽകുന്നു.

### കത്തോലിക്കർ പൊതുക്കാര്യപ്രസക്തരാകണം

"കത്തോലിക്കർ ഇതുവരെ ചെയ്തിട്ടുള്ളതിനെക്കാൾ വിപുലവും പ്രമുഖവുമായ ഭാഗം പൊതുക്കാര്യങ്ങളിൽ വഹിക്കേണ്ടതാവശ്യമായിരിക്കുന്നു. നിർഭാഗ്യവശാൽ അനേകം കത്തോലിക്കർ ഈ രാജ്യത്തിലെ പൊതുക്കാര്യങ്ങളിൽ അവരുടെ മുഴുവൻകഴിവു് വിനിയോഗിക്കുന്നില്ല. ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടിവന്നാൽതന്നെയും നാം അതു ചെയ്യുവാൻ സന്നദ്ധരായിരിക്കണം. നാം ന്യായമായി അർഹിക്കുന്നതെന്നു നാം വിചാരിക്കുന്നതിൽ കുറവായ പ്രതിഫലം സ്വീകരിക്കുവാനേ നാം പ്രതീക്ഷിക്കേണ്ടു. മററുള്ളവരെക്കാൾ കൂടുതലായി പ്രവർത്തിക്കുവാനും, എന്നാൽ അവരെക്കാൾ കുറവായി പ്രതിഫലം സ്വീകരിക്കുവാനുമുള്ള പ്രതീക്ഷയോടുകൂടിയാണു് നാം രാജ്യകാര്യങ്ങളിൽ പങ്കുവഹിക്കേണ്ടതു്."

ഈ ഉദ്ബോധനം കത്തോലിക്കർ

ശിരസാ വഹിക്കേണ്ടതല്ലയോ? താൻ സേവനം നൽകുവാനാണ്, അല്ലാതെ സേവനം സ്വീകരിക്കുവാനല്ല വന്നിരിക്കുന്നതെന്നു് അരുളിച്ചെയ്ത ദിവ്യഗുരുവിന്റെ ശിഷ്യന്മാരല്ലയോ കത്തോലിക്കർ? ആ നിലയിൽ സേവനമായിരിക്കേണ്ടയോ അവരുടെ ജീവിതപ്രമാണം? സന്മാർഗ്ഗവിരുദ്ധവും രാജ്യദ്രോഹപരവുമായ ആദർശങ്ങളും പരിപാടികളുമുള്ള രാഷ്ട്രീയകക്ഷികൾ രാജ്യമാസകലം തെളിഞ്ഞും ഒളിഞ്ഞും പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ രാജ്യത്തിനും മതത്തിനും കത്തോലിക്കർ സമുചിതമായ സേവനം ചെയ്യണമെങ്കിൽ അവർ പൊതുക്കാര്യങ്ങളിൽ വിപുലമായും പ്രമുഖമായും പങ്കെടുത്തേ മതിയാവൂ. "സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള സമ്മാനം വളരെ വലുതാണ്" എന്നുള്ള ദിവ്യഗുരുവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുന്നവരായ കത്തോലിക്കർക്ക് മറ്റുള്ളവരെക്കാൾ ത്യാഗപൂർവ്വം സേവനം ചെയ്യുവാനും, എന്നാൽ മറ്റുള്ളവരെക്കാൾ കുറവായ പ്രതിഫലം ഇഹത്തിൽ പ്രതീക്ഷിക്കുന്നതിനുള്ള സന്നദ്ധതയുണ്ടാകാനും മതിയായ പ്രേരണയില്ലയോ?

എട്ടുകൊല്ലത്തിനു മുമ്പുമാത്രം കത്തോലിക്കാസഭാമാതാവിന്റെ സന്താനമായിത്തീർന്ന ബ്രിട്ടീഷ് മന്ത്രിസഭാംഗത്തിന്റെ ഉദ്ബോധനമാണല്ലോ നാം ശ്രവിച്ചതു്. ബ്രിട്ടനിലെ ഒരു ചെറിയ ന്യൂനപക്ഷമായ കത്തോലിക്കർക്കാണ് അദ്ദേഹമതു നൽകിയിരിക്കുന്നതു്. കൊച്ചിയിലേയും തിരുവിതാംകൂറിലേയും കത്തോലിക്കർ ഇംഗ്ലണ്ടിലെപ്പോലെ ഒരു ന്യൂനപക്ഷമല്ല. എന്നുവരികിലും അവർക്കും ഈ ഉദ്ബോധനം ഏറ്റവും പറ്റുന്നതാണ്. എന്നല്ല, തദനുസരണം പ്രവർത്തിച്ചാൽ രാജ്യത്തിനും മതത്തിനും വളരെ ഗുണം ചെയ്യുവാൻ അവർക്കു സാധിക്കുന്നതുമാണ്. ഈ ജനുവരി 16-ാംനു- മുതൽ 30-ാംനു- വരെ "ഗാന്ധിസ്മാരക പക്ഷ"മായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രഖ്യാപിക്കുകയും ആ ദിവസങ്ങളിൽ സാമുദായികവും സാമ്പത്തികവുമായ സൃഷ്ടിപരപ്രവർത്തനങ്ങളിൽ കോൺഗ്രസ്സംഗങ്ങളെല്ലാം പൂർവ്വാധികം വ്യാപൃതരായിരിക്കണമെന്നു നിർദ്ദേശിക്കപ്പെടുകയും ചെയ്തിരിക്കുകയാണല്ലോ. ഈ അവസരം പ്രത്യേകിച്ചും കത്തോലിക്കർ വിനിയോഗിച്ച് മുകളിൽ വിവരിച്ച തരത്തിലുള്ള സ്വകർത്തവ്യങ്ങൾ നിർവ്വഹിക്കണമെന്നു് ഞങ്ങൾ സാദരം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

### മതമാണോ കാരണം?

ആസ്തിക്യബോധവും മതാനുഷ്ഠാനവും അന്ധവിശ്വാസത്തിന്റെ ഫലങ്ങളാണെന്നു ജല്പിക്കുകയും അതേസമയം തന്നെ ഡാർവിനിസത്തിലും മാർക്സിസത്തിലും അന്ധമായി വിശ്വസിക്കുകയും ചെയ്യുന്ന ഒരു ലേഖകൻ എഴുതിയിരിക്കുന്നു, "ആധുനികകാലത്തു മതത്തിന്റെ ഏറ്റവും വലിയ നേട്ടം" ഗാന്ധിജിയെ വെടിവച്ചു വീഴ്ത്തിയതാണെന്നു്. പ്രസ്തുത ദാരുണസംഭവം മതത്തിന്റെ നേട്ടമാണോ, അഥവാ മതരാഹിത്യത്തിന്റെ നേട്ടമാണോ എന്നു ശാന്തമായി ചിന്തിച്ചുനോക്കേണ്ടതാണ്. അക്രമങ്ങൾ പ്രവർത്തിക്കുന്നതിനും സഹോദരങ്ങളെ വധിക്കുന്നതിനും മതം പ്രേരണനല്കുന്നില്ല. പ്രത്യുത, നരഹത്യയും മറ്റും പാപമാണെന്നു പഠിപ്പിക്കുകയാണു ചെയ്യുന്നതു്. ഏതെങ്കിലും ഒരു വ്യക്തി മതം നല്കുന്ന സന്മാർഗ്ഗിക പ്രബോധനങ്ങൾ അവഗണിച്ചുകൊണ്ടു് ഒരു സാഹസകൃത്യം ചെയ്യുകയാണെങ്കിൽ അതിനു് മതം ഉത്തരവാദിത്വം വഹിക്കണമോ? സജീവമായ ഈശ്വരവിശ്വാസവും പ്രായോഗികമായ മതനിഷ്ഠയുമുള്ള ഒരാൾ അപ്രകാരമുള്ള ക്രൂരകൃത്യങ്ങൾ ചെയ്യുന്നതല്ല. ഗാന്ധിജിയുടെ വധം മതത്തിന്റെ പേരിൽ നടന്ന ഒന്നാണെന്നു പറയുന്നതുതന്നെ അബദ്ധമാണ്. അതു സമുദായത്തിന്റെ പേരിൽ നടന്ന ഒന്നായിരുന്നു. ഹിന്ദുസമുദായത്തിനോ മുസ്ലീം സമുദായത്തിനോ ഭാരതത്തിൽ പരമാധിപത്യം വേണ്ടതു് എന്നുള്ളതാണ് അതിന്റെ അടിയിൽ കിടന്നിരുന്ന പ്രശ്നം. ഗാന്ധിജി ഒരു ഹൈന്ദവനായിരുന്നെന്നും ഹിന്ദുമതത്തിൽ അദ്ദേഹത്തിനു സജീവവിശ്വാസമുണ്ടായിരുന്നെന്നുമുള്ളതു് അനിഷേദ്ധ്യങ്ങളായ സത്യങ്ങളാണ്. ആകയാൽ മതത്തിന്റെ പേരിൽ അദ്ദേഹത്തെ ഹനിക്കുന്നതിനു ഒരു ഹൈന്ദവൻ മുതിരുകയില്ലായിരുന്നു. എന്നാൽ ഗാന്ധിജി സ്വസമുദായത്തെ മാത്രമല്ല സ്നേഹിച്ചിരുന്നതു്. മുസ്ലീം സമുദായത്തേയും സ്നേഹിച്ചിരുന്നു. മുസ്ലീമിങ്ങളുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നതിനും അങ്ങനെ സമുദായമൈത്രി പുലർത്തുന്നതിനും അദ്ദേഹം സന്നദ്ധനാകയും ചെയ്തു. അതു സ്വസമുദായത്തിന്റെ പരമാധിപത്യമാഗ്രഹിച്ചിരുന്ന ചില ഹൈന്ദവനേതാക്കളെ രോഷാകുലരാക്കിയെങ്കിൽ അതിൽ എന്താണാശ്ചര്യം?

### മാർക്സിസത്തിന്റെ നേട്ടങ്ങൾ!

മാർക്സിസത്തിന്റെ ആരാധകനായ ലേഖകൻ ആ സിദ്ധാന്തത്തിന്റെ "നേട്ടങ്ങൾ" ഏവയെന്നു പരിചിന്തനം ചെയ്യാതിരിക്കുന്നതും കഷ്ടമാണ്. മാർക്സിസം സൃഷ്ടിച്ച രക്തപ്പുഴയുടെ സ്വഭാവം ഗ്രഹിക്കുന്നതിനു് മാർക്സിന്റെ അനുയായികളായ ലെനിൻപ്രഭൃതികൾ നടത്തിയ കൂട്ടക്കൊലയുടെ കണക്കു് ചർച്ചിൽ ഉദ്ധരിച്ചിരിക്കുന്നതു് ഒന്നു വായിച്ചാൽ മതി. "പ്രൊഫസർ സറോളയ എഴുതുന്നു: ഒരു റഷ്യൻ സ്ഥിതിവിവരക്കണക്കനുസരിച്ച് (അവിടത്തെ) ഡിക്റ്റേറ്റർമാർ 28 മെത്രാന്മാരേയും 1219 പുരോഹിതരേയും, 6000 പ്രൊഫസർമാരേയും അദ്ധ്യാപകന്മാരേയും, 9000 ഡോക്ടർമാരേയും, 12950 ഭൂവുടമസ്ഥന്മാരേയും, 54000 ഉദ്യോഗസ്ഥന്മാരേയും, 70000 പോലീസുകാരേയും, 193290 ജോലിക്കാരേയും, 260000 പടയാളികളേയും, 355250 പണ്ഡിതന്മാരേയും പ്രത്യേകതൊഴിൽക്കാരേയും, 815000 കർഷകരേയും നിഗ്രഹിച്ചിട്ടുണ്ടു്. ഈ സംഖ്യകൾ ശരിയാണെന്നു് കേംബ്രിഡ്ജ് കിംഗ്സ് കോളജിലെ മി. ഹേൺഷാ, A Survey of Socialism എന്ന ഗ്രന്ഥത്തിനു താനെഴുതിയിരിക്കുന്ന മനോഹരമായ മുഖവുരയിൽ സാക്ഷിച്ചിരിക്കയും ചെയ്യുന്നു. ക്ഷാമം നിമിത്തം റഷ്യയിലെ ജനസംഖ്യയിലുണ്ടായ വലിയ കുറവു ഇതിൽ പെടുന്നുമില്ല." (The Aftermath by Churchill, reproduced in "Modern English prose" Edited by Guy Boas M. A.) കണ്ടാലും മാർക്സിസത്തിന്റെ "മഹനീയ നേട്ടങ്ങൾ"! ദൈവത്തിന്റെ പിതൃത്വത്തേയും മനുഷ്യവ്യക്തികളുടെ ഭ്രാതൃത്വത്തേയും മരണാനന്തരജീവിതത്തേയും പാപപുണ്യങ്ങൾക്കുള്ള ശിക്ഷാസമ്മാനങ്ങളേയും നിഷേധിക്കുന്നതും ഭൗതികമാത്രമായതുമായ മാർക്സിസത്തിൽനിന്നു ഇതല്ലാതെ മറ്റെന്തു പ്രതീക്ഷിക്കാൻ സാധിക്കും? ക്രൂരകൃത്യങ്ങൾക്കു പ്രചോദനം നൽകുന്ന നിരീശ്വരത്വവും അനാത്മവാദവും മാർക്സിസത്തിന്റെ ഔദ്യോഗികസിദ്ധാന്തങ്ങളിൽ ഉൾപ്പെടുന്നതിനാൽ, മേൽവിവരിച്ച തരം കഠോരകൃത്യങ്ങൾ മാർക്സിസത്തിന്റെ ദുരുപയോഗത്താൽസംഭവിക്കുന്നവയല്ല, പ്രത്യുത അതിന്റെ നൈസർഗ്ഗികമായ പ്രേരണാശക്തിയാൽ സംഭവിക്കുന്നവയാണെന്നും പ്രത്യേകം അനുസ്മരിക്കേണ്ടിയിരിക്കുന്നു.

### മൃഗങ്ങളുടെ ചേരിയിലേക്കു്

അവസാനം ലേഖകൻ അനുവാചകർക്കു നൽകുന്ന ഉദ്ബോധനം അതിവിചിത്രമായിരിക്കുന്നു. "മനുഷ്യൻ മതവിശ്വാസിയായി, മൃഗമായി, അധഃപതിക്കുന്നതിലും ഭേദമല്ലേ, അവൻ അവിശ്വാസിയായി, മനുഷ്യനായിത്തന്നെ തുടരുന്നതു്?" യഥാർത്ഥത്തിൽ, ലേഖകൻ നിർദ്ദേശിക്കുന്നതു് മനുഷ്യത്വം പാലിക്കുന്നതിനുള്ള മാർഗ്ഗമല്ല, മൃഗങ്ങളുടെ ചേരിയിലേക്കു അധഃപതിക്കുന്നതിനുള്ള മാർഗ്ഗമാണ്. മൃഗങ്ങൾക്കു് ഈശ്വരവിശ്വാസവും മതബോധവുമില്ല. വിശേഷബുദ്ധിയുള്ള മനുഷ്യനു ഈശ്വരനെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ആരാധിക്കുന്നതിനും സാധിക്കും; അവൻ അങ്ങനെ ചെയ്യേണ്ടതുമാണ്. അങ്ങനെ ചെയ്യാത്തവൻ മൃഗപ്രായനായി ഭവിക്കയും ചെയ്യുന്നു. ആകയാൽ, മതവിശ്വാസമല്ല, പ്രത്യുത ലേഖകൻ ജീവിതസിദ്ധാന്തങ്ങളായി സ്വീകരിച്ചിരിക്കുന്ന ഡാർവിനിസവും മാർക്സിസവുമാണ് മനുഷ്യനെ മൃഗമായി അധഃപതിപ്പിക്കുന്നതു്. ഡാർവിന്റെ പരിണാമവാദം മനുഷ്യനെ മൃഗത്തോടു ബന്ധിക്കുന്ന കണ്ണിതേടുന്നെങ്കിൽ, മതം മനുഷ്യനെ ദൈവത്തോടു ബന്ധിക്കുന്ന കണ്ണി തേടുകയാണ് ചെയ്യുന്നതു്. ഡാർവിനിസം കേവലം ലൗകായതിക ജീവിതം നയിക്കുന്നതിനു പ്രേരണ നൽകുന്നെങ്കിൽ, മതവിശ്വാസം ആദ്ധ്യാത്മികവും വിശുദ്ധവുമായ ജീവിതം നയിക്കുന്നതിനു പ്രേരണ നൽകുന്നു. അതുപോലെതന്നെ മാർക്സിസം മനുഷ്യരെ അക്രമപ്രസക്തരും ക്രൂരഹൃദയരുമാക്കുകയും സന്മാർഗ്ഗജീവിതത്തിന്റെ അടിത്തറകൾ മാന്തുകയും ചെയ്യുമ്പോൾ മതം മനുഷ്യരെ ശാന്തശീലരും സന്മാർഗ്ഗനിരതരുമാക്കുന്നു. ആകയാൽ ഡാർവിനിസവും മാർക്സിസവുമാണ് "മനുഷ്യനായി തുടരുക" എന്നതു അസാദ്ധ്യമാക്കിത്തീർക്കുന്നതു്.

### ശാസ്ത്രവും മതവും

ശാസ്ത്രവും മതവും പരസ്പരവിരുദ്ധങ്ങളാണെന്നുള്ള അബദ്ധധാരണയാണ് മതവിശ്വാസത്തിന്റെ നേർക്കു് വിമർശാസ്ത്രങ്ങൾ എറിയുന്നതിനു ലേഖകനെ പ്രേരിപ്പിച്ച ഒരു കാരണമെന്നു തോന്നുന്നു. ശാസ്ത്രം മതത്തിനു എതിരല്ല എന്നതിനു് ലൂയിപാസ്റ്റർ, ന്യൂട്ടൺ, തോമസ് എഡിസൺ, മാർക്കോണി ആദിയായ അനേകം ശാസ്ത്രജ്ഞന്മാർ മതവിശ്വാസികളായിരുന്നെന്നും ഇപ്പോഴും ഈശോസഭയിലും മറ്റും പെട്ട അനേകം കത്തോലിക്കാവൈദികർപോലും ശാസ്ത്രജ്ഞന്മാരായി പരിലസിക്കുന്നുണ്ടെന്നുമുള്ള വസ്തുത മതിയാകുന്ന തെളിവാണ്. ദൈവത്തിൽ വിശ്വസിക്കുന്നതിനു എ ക്രെസി മോറിസൺ എന്ന പ്രസിദ്ധശാസ്ത്രജ്ഞൻ നൽകുന്ന ന്യായങ്ങൾ Seven Reasons for believing in God എന്ന പേരിൽ 1948 ഒക്ടോബർ 6-ാംനു- യിലെ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ശാസ്ത്രവും മതവും തമ്മിൽ പൊരുത്തമില്ലെന്നു വാദിക്കുന്നവർ ശാസ്ത്രത്തേയും മതത്തേയും കുറിച്ചു തങ്ങൾക്കുള്ള അജ്ഞതയെയാണു പ്രകടിപ്പിക്കുന്നതു്.

## അടുത്ത ആഴ്ചയിൽ

ജാനുവരി

30 ഞാ: ദനഹ 4-ാം ഞാ. മാർട്ടീന

31 തി: ജോൺബോസ്കോ

ഫെബ്രുവരി

1 ചൊ: ബ്രിജീത്ത

2 ബു: പ. ക. മറിയത്തിന്റെ ശുദ്ധീകരണം

3 വ്യാ: ബ്ളെയിസ്

4 വെ: ജോൺ ഡി ബ്രിട്ടോ

5 ശ: അഗാത്താ

## ആലുവാ

ആലുവാ കത്തോലിക്കാ പ്രവർത്തനത്തിന്റേയും വേദപാഠക്ലാസ്സിന്റേയും സംയുക്ത വാർഷികം ജാനുവരി 16-ാംനു- സായാഹ്നത്തിൽ സെൻറ് ഫ്രാൻസിസ് ഹൈസ്കൂൾ ഹാളിൽവച്ച് റവ. ഫാ. ജോസഫ് തോട്ടകത്തു് ബി. എ. ബി. ടി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെടുകയുണ്ടായി. യോഗം ആരംഭിക്കുന്നതിനു മുമ്പായി കത്തോലിക്കാപ്രവർത്തന സംഘത്തിന്റെ വക ഒരു സൗജന്യ വായനശാലയും ക്ലബ്ബും ഉൽഘാടനം ചെയ്യപ്പെട്ടു. മംഗലപ്പുഴ സെമിനാരി പ്രൊഫസറും പ്രൊക്കുറേറ്ററുമായ റവ. ഫാ. വിക്ടർ ഒ. സി. ഡി യാണ് ഉൽഘാടനകർമ്മം നിർവ്വഹിച്ചതു്. ഈശ്വരപ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. മി. തോമസ് പുളിക്കൻ ബി. എ. കത്തോലിക്കാപ്രവർത്തനത്തെ പരാമർശിച്ച് സുദീർഘമായി പ്രസംഗിച്ചു. തന്മയത്വത്തോടും നവീന രീതിയിലും സംഘാംഗങ്ങളാൽ അഭിനയിക്കപ്പെട്ട "സാഹോദര്യം" എന്ന സംഗീതനാടകം എല്ലാവരേയും ആനന്ദഭരിതരാക്കി.

9-ാം നമ്പർ

## പദപ്രശ്നത്തിന്റെ ഉത്തരം

കീഴ്പോട്ട്—1 പാവനം, 2 സച്ചിന്ത, 5 തോരണം, 7 ഏഷണി, 8 കാറിയ.

വലത്തോട്ട്—3 താവളം, 4 അച്ചിങ്ങ, 6 ശരണം, 9 മോഷണം, 10 സ്റ്റേറിയ.

മുഴുവൻ ശരിയായ ഉത്തരം ആരും അയച്ചിരുന്നില്ല. അതിനാൽ ഏറ്റവും കുറഞ്ഞ തെറ്റുകൾക്കുള്ള സമ്മാനമായ 50 ക, ഒരു തെറ്റുമാത്രം വരുത്തിയ ടീച്ചർ, ക്ലാസ്സ് II D, സെൻറ് മേരീസ് ഹൈസ്കൂൾ, എറണാകുളം എന്ന ആളിനും, ഏറ്റവും കൂടുതൽ ഉത്തരങ്ങൾ അയക്കുന്നയാൾക്കുള്ള പ്രത്യേകസമ്മാനം 15 ക, 10 ഉത്തരം അയച്ച പി. ജെ. കത്രിക്കുട്ടി, പെരുമ്പാത്തറ, ചേർത്തല എന്നയാൾക്കും നല്കുന്നു.

ട്രൂമൻ കമ്മ്യൂണിസത്തെ

## എതിർക്കുന്നു

അമേരിക്കയുടെ 82 ാമത്തെ പ്രസിഡണ്ടായി ട്രൂമൻ ജാനുവരി 20-ാംനു- വീണ്ടും ചാർജ്ജെടുത്ത അവസരത്തിൽ കോൺഗ്രസ്സിനെ സംബോധനചെയ്തുകൊണ്ടു നടത്തിയ സുദീർഘപ്രസംഗത്തിൽ കമ്മ്യൂണിസത്തെ അതിനിശിതമായി വിമർശിക്കുകയുണ്ടായി.

തെറ്റായ ഒരു തത്വസംഹിതയെ കെട്ടിപ്പിടിക്കുന്ന ഒരു ഭരണകൂടം (റഷ്യയെന്നർത്ഥം) തങ്ങൾക്കും തങ്ങളെപ്പോലുള്ളവർക്കും എതിരായി നില്ക്കുന്നുവെന്നും അതിൽനിന്നു സമാധാനകാംക്ഷികളെ രക്ഷിക്കാൻ തങ്ങളുടെ പരിപാടികൾ മാത്രമാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

തുല്യന്മാർതമ്മിൽ സ്വതന്ത്രമായുണ്ടാകുന്ന ഒത്തുതീർപ്പുകൾ വഴിക്കു ലോകസമാധാനം സംരക്ഷിക്കാനാണ് തങ്ങൾ നിലകൊള്ളുന്നതെന്നു അദ്ദേഹം അവകാശപ്പെട്ടു. എന്നാൽ നേരെമറിച്ചു സ്വാതന്ത്ര്യവും ഭദ്രതയും വികാസാവസരങ്ങളും നൽകുമെന്നു് മറ്റേ കൂട്ടർ നൽകുന്ന മിഥ്യാവാഗ്ദാനങ്ങൾ കേട്ടു ഭ്രമിച്ച് അവസാനം അവയെല്ലാം വഞ്ചനയും കളവും പട്ടിണിയും പാടും മാത്രമാണെന്നു കണ്ടു സാധുക്കൾ കഷ്ടപ്പെടുകയാണെന്നു അദ്ദേഹം പറഞ്ഞു.

കമ്മ്യൂണിസവും ജനാധിപത്യവും തമ്മിൽ താത്വികമായുള്ള ധ്രുവാന്തരത്തെ അദ്ദേഹം വിശദീകരിച്ചു. ലോകസമാധാനത്തിനു ജനാധിപത്യമേ പറ്റൂ എന്നും അദ്ദേഹം പറഞ്ഞു.

## റഷ്യയാണ്

### കുഴപ്പം മുഴുവൻ ഉണ്ടാക്കുന്നതു്

"ലോകസമാധാനത്തെ വീറ്റോചെയ്യുന്ന ഏർപ്പാടു് റഷ്യ മതിയാക്കണം" എന്നാവശ്യപ്പെടുന്ന ഒരു ലഘുലേഖ ബ്രിട്ടീഷ് ലേബർ പാർട്ടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ബ്രിട്ടനിലൊട്ടുക്കും ബ്രി. കമ്മ്യൂണിസ്റ്റ്കാർ നടത്തിവരുന്ന "സമാധാനറാലികൾക്കും," റിക്രൂട്ടിങ്ങിനെതിരായി — വിഫലമെങ്കിലും — നടത്തുന്ന പരിശ്രമങ്ങൾക്കുമുള്ള ഒരു മറുപടിയാണ് ഇതു്.

റഷ്യക്കു ഒട്ടാകെ 40 ലക്ഷം ആയുധധാരികളായ സൈന്യങ്ങളുണ്ടെന്നും, ലോകത്തിലെ മറ്റെല്ലാ രാജ്യങ്ങൾക്കും കൂടി നോക്കിയാൽ ഇത്രയേ ഉള്ളുവെന്നും, ബ്രിട്ടനും അമേരിക്കയ്ക്കും കൂടി 25 ലക്ഷമേ ഉള്ളുവെന്നും ആ ലഘുലേഖയിൽ പറയുന്നു. ബ്രി. സൈന്യം യുദ്ധകാലത്തിന്റെ 16 ശതമാനം മാത്രമാണിന്നു്; എന്നാൽ റഷ്യയുടേതാകട്ടെ 57 ആണ്.

ബ്രിട്ടീഷ് വിദേശനയത്തിന്റെ ആണിക്കല്ലു് ഐക്യരാഷ്ട്രസമിതി ആണ്. എന്നാൽ ആ ഐക്യരാഷ്ട്രസമിതി ലോകസമാധാനം പുലർത്തുന്നതിനെതിരായി റഷ്യ 28 വട്ടം വീറ്റോ പ്രയോഗിച്ചിട്ടുണ്ടെന്നു അതിൽ പറയുന്നു.

റഷ്യ സൃഷ്ടിക്കുന്ന ഈ അനിശ്ചിതാവസ്ഥയാണു ബ്രിട്ടനിലെ ആയുധീകരണത്തിനു പ്രധാന ഉത്തരവാദി എന്നു പറഞ്ഞുകൊണ്ടാണു ലഘുലേഖ അവസാനിക്കുന്നതു്.

## അമ്മ

(5-ാംപേജ് തുടർച്ച)

"എന്തുണ്ടായി?"

"നിങ്ങളുടെ പെണ്ണുങ്ങളുടെ കളിപ്പാട്ടമല്ല ഞാൻ."

"അവർ എന്തു ചെയ്തു?"

"എന്നെ വീട്ടിൽ കൊണ്ടുചെന്നാക്കിയേക്കണം."

അടുപ്പിൽ തീ ആളിക്കത്തിയപ്പോൾ, "മോളേ, അരതാനു തള്ളിവെച്ചേക്ക്" എന്നു അമ്മായിയമ്മ പറഞ്ഞുപോയി. അതിനാണു് ഉച്ചപ്പെട്ടിന്നു.

ഓനച്ചൻ കാരണം തിരക്കിയില്ല. മനഃക്ലേശം സഹിക്കവയ്യാതെ പോയി കിടന്നു. അത്താഴം വേണ്ടെന്നും വെച്ചു.

ത്രേസ്യാക്കുട്ടിക്കു സന്തോഷമായി. പാവം! അവരുടെ അമ്മ. അവൾക്കു് ഹൃദയത്തിൽ ഒരു നീറൽ. ഉദരത്തിൽ ഒരു ഉരുണ്ടുകയററം. തലയിൽ ഒരു വിങ്ങൽ. അവളുടെ തുറിച്ചുനിന്ന കണ്ണുകളിൽനിന്നും വെള്ളംവന്നില്ല. അന്നവൾ ഉറങ്ങിയുമില്ല. ഓനച്ചനും അതു ഒരു കാളരാത്രിയായിരുന്നു. അമ്മയോടുള്ള ഭക്ത്യാദരങ്ങൾ ഒരു വശത്തു്. ഭാര്യയോടുള്ള പ്രേമം മറുവശത്തു്. അവതമ്മിൽ ഘോരഘോരമായ ഒരു ഏററുമുട്ടൽ. കിടന്നിരുന്ന കിടക്കപോലും നനഞ്ഞുപോയി. നേരം വെളുത്തപ്പോൾതന്നെ ബാങ്കിൽ പോകുന്നെന്നു പറഞ്ഞു് അയാൾ ബദ്ധപ്പെട്ടു് പടികടന്നു.

അന്നു വൈകുന്നേരം ത്രേസ്യാക്കുട്ടിയുടെ അപ്പൻവന്നു, മകളെ പ്രസവത്തിനു കൂട്ടിക്കൊണ്ടുപോകാൻ. അപ്പോഴാണു് ആ കഥ അമ്മ അറിഞ്ഞതു്. "ഓനച്ചൻ വരട്ടെ." കൊച്ചുറോസമ്മ പറഞ്ഞു.

"എനിക്കു താമസിക്കാൻ നേരമില്ല. ഇന്നുതന്നെ അവിടെ എത്തണം."

"അവൻ വരുമ്പോൾ ഞാൻ എന്തു സമാധാനം പറയും?"

"അവനോടു് ഞങ്ങൾ പറഞ്ഞിട്ടുണ്ടു്."

ത്രേസ്യാക്കുട്ടി സാരിചുററി, പൗഡർ പൂശി പുറത്തിറങ്ങിക്കഴിഞ്ഞു.

"എന്നാൽ ഞങ്ങൾ വരട്ടെ"

അവർ നടന്നു. ഇരുളുന്നതുവരെ കൊച്ചുറോസമ്മ അവർ പോയ വഴിയെ നോക്കിക്കൊണ്ടു് അവിടെത്തന്നെ ഇരുന്നു.

* * *

മാസങ്ങൾ പിന്നെയും പലതും ഇഴഞ്ഞു വലിഞ്ഞുപോയി. ഒരു ഞായറാഴ്ച വൈകുന്നേരം അമ്മയും ഓനച്ചനുംകൂടി ബന്ധുവീട്ടിലേക്കു് പുറപ്പെട്ടു.

"ഗുഡ്മോർണിങ്ങ് മി. ജോൺ!" അഭിവാദ്യം കേട്ടു് ഓനച്ചൻ പുറകോട്ടു നോക്കി.

"ഹലോ! ഗുഡ്മോർണിങ്ങ് മി. ജോസഫ്!"

"നിങ്ങൾ എവിടേക്കാ? വേഷം കണ്ടിട്ടു് ക്ലബ്ബിലേക്കാണെന്നു തോന്നുന്നു."

"അല്ല. എൻറെ കുട്ടിയുടെ ബാപ്റ്റിസമാണു് നാളെ. അങ്ങോട്ടാണു്."

"ഓഹോ! അതിനു ഒരു ചെലവുചെയ്യണം."

"ഓ—റെഡി. അതിനെന്താ ഡിഫിക്കൽററി?"

"കൂടെയുള്ളതാരാണു്?"

"എൻറെ അമ്മ."

അഭിമാനംകൊണ്ടു് കൊച്ചുറോസമ്മ പുളകമണിഞ്ഞു. അതുവരെ സഹിച്ചിട്ടുള്ള യാതനകളെല്ലാം അവൾ വിസ്മരിച്ചു. ഇലകൾ വാടിവീണ മരങ്ങൾ പിന്നെയും തളിരുകൊണ്ടു നിറയുമല്ലോ.

"താങ്കളുടെ അമ്മയെ കാണാൻ സാധിച്ചതു് വളരെ വലിയ ഭാഗ്യം. അവരെക്കുറിച്ചു് വളരെ അധികം ഞാൻ കേട്ടിട്ടുണ്ടു്. ഉത്തമഭാര്യ, മാതൃകാമാതാവു് എന്നീ നിലകളിൽ അവർ ലോകത്തിനു ദൃഷ്ടാന്തമാണു്."

"നിങ്ങൾക്കു് നാട്ടിലേക്കു് ട്രാൻസ്ഫർ കിട്ടിയെന്നു കേട്ടുവല്ലോ."

"അതു ശരിയാ, വ്യാഴാഴ്ച പോകണം."

"ബസ്സിനു സമയമായിട്ടുണ്ടു്. ഞങ്ങൾ പോകട്ടെ. പിന്നെ മീററുചെയ്യാം."

"അങ്ങനെ തന്നെ. ഗുഡ്ബൈ."

"ഗുഡ്ബൈ."

കൊച്ചുറോസമ്മയ്ക്കു് "തലതൊട്ടമ്മ"യാകണമെന്നു് അതിയായ ഒരു മോഹം. പക്ഷെ, ഫുൾസാരിചുററി, പൗഡർ തേച്ചുമിനുക്കി, സെൻറു പൂശി ഉടുത്തണിഞ്ഞുവന്നിരുന്ന സുന്ദരികൾ അണിനിരന്നു നില്ക്കുന്നിടത്തു് ആ ഗ്രാമീണവിധവയെ ആരു നോക്കും? പള്ളിയിലെ ചടങ്ങു് എല്ലാം കഴിഞ്ഞപ്പോൾ അവൾ വീട്ടിലേക്കു തിരിച്ചു.

ഏതാനും മാസങ്ങൾക്കു ശേഷം നാട്ടുനടപ്പുനുസരിച്ചു് ഓനച്ചൻ പോയി കുഞ്ഞിനേയും തള്ളയേയും കൂട്ടിക്കൊണ്ടുവന്നു. കൊച്ചുറോസമ്മയ്ക്കു് ഇളവില്ലാത്ത ജോലിയുണ്ടായി. എങ്കിലും ഉന്മേഷരഹിതയായിരുന്നില്ല. ക്ലേശങ്ങളും കൊള്ളിവാക്കുകളും വകവയ്ക്കാതെ അവൾ അവരെ പരിചരിച്ചു.

"ഇതാ, നോക്കിക്കേ, എൻറെ കുഞ്ഞിൻറെ ദേഹത്തു് കരിപ്പാറിയതു്. നിങ്ങളിനി എൻറെ കുഞ്ഞിനെ തൊടണ്ട."

ആ സാധുവിധവ കൈ വിടർത്തിനോക്കി. അവൾ കരഞ്ഞു

കൊച്ചുറോസമ്മ എല്ലാദിവസവും പള്ളിയിൽ പോകാറുണ്ടു്. അവർ വന്നതിനുശേഷം വളരെ ബദ്ധപ്പെട്ടാണു് പള്ളിയിൽനിന്നും മടങ്ങിപ്പോരുക. ഒരിക്കൽ അല്പം താമസിച്ചു പടിക്കലെത്തിയപ്പോൾ കേൾക്കാം വീട്ടിലെ അമിട്ടുപൊട്ടൽ, വാസന്തത്തിൻറെ ചീററൽ.

"കൊച്ചിനു മുന്തിരിങ്ങാനീരു കൊടുക്കുന്നതു അതിനു കണ്ടുകൂടാ. പാലു കൊടുക്കുന്നതു കണ്ടുകൂടാ. പെണ്ണു കൊടുക്കുന്നതു കണ്ടുകൂടാ. കാ പുഴുങ്ങിക്കൊടുക്കുന്നതു കണ്ടുകൂടാ. അതിനൊന്നും പ്രായമായില്ലെന്നാ അതു പറയുന്നതു്."

"അധികം കൊടുക്കുന്നതു് നന്നല്ല. ഭക്ഷണത്തിൽ മിതത്വം വേണ്ടതല്ലേ?" ഓനച്ചൻ ശാന്തമായി ഗുണദോഷിച്ചു.

"അതൊക്കെയും എനിക്കറിയാം, നിങ്ങൾ അങ്ങനെ പറയുമെന്നു്. പുരുഷനായാൽ ആണത്തം വേണ്ടേ? തള്ളയുടെ മുമ്പിൽ നാക്കനങ്ങുകയില്ല——"

"പറയുകയല്ലാതെ, മുടക്കിയില്ലല്ലോ"

"വല്യ കാര്യമായിപ്പോയി"

കൊച്ചുറോസമ്മ ധൃതിപ്പിച്ചു് വസ്ത്രങ്ങൾ മാററി അടുക്കളയിലെത്തി.

"ഇന്നെന്താ പള്ളിയിൽ പെരുന്നാളോ മറേറാ ആണോ ഇത്ര താമസിക്കാൻ?" ത്രേസ്യാക്കുട്ടി ശാസിച്ചു.

"കുർബാന കിട്ടാൻ അല്പം താമസിച്ചുപോയി."

"ദിവസവും കുർബാന കൈക്കൊള്ളണമോ? എന്തു ഭക്തി! ഞാൻ പള്ളിയിൽ പോയിട്ടും കുർബാന കൈക്കൊണ്ടിട്ടും കൊല്ലം ഒന്നു കഴിഞ്ഞു. എന്നിട്ടും ഇതേവരെ നരകത്തിൽ പോയില്ല!"

"എന്നാൽ, നാളെ പൊയ്ക്കോ."

"എവിടേക്കാ? നരകത്തിലേക്കോ? ഇത്തരം കൊള്ളിവാക്കു പറഞ്ഞാലുണ്ടല്ലോ? ങ്ഹാ! ഒരു കാര്യം പറഞ്ഞേക്കാം. ഞാൻ ഇവിടെ അടിച്ചുവാരാൻ വന്നതല്ല."

"എന്നു ഞാൻ പറഞ്ഞില്ല മോളെ. അങ്ങനെയൊന്നും ഞാൻ കാണിച്ചില്ലല്ലോ."

"പിന്നെ? ഇവിടെ കൂലിക്കാരുണ്ടോ ഭക്ഷണം പാകപ്പെടുത്താൻ?"

"പാത്രങ്ങൾ ഞാൻ കഴുകിവെച്ചു. വെള്ളം കോരിക്കൊണ്ടുവന്നു കറിയും പാകപ്പെടുത്തി. എന്നിട്ടല്ലേ ഞാൻ പള്ളിയിൽ പോയതു്?"

"അരി വെയ്ക്കണ്ടേ?"

"മോളെ, അരിനിത്ര വിഷമമാണോ!"

"എനിക്കതൊക്കെ വിഷമമാണു്, നിങ്ങൾക്കു് വെച്ചുതരുവാൻ."

ഓനച്ചൻറെ നിസ്സഹായതയും അസ്വസ്ഥതയ്ക്കും അതിരില്ല. ധർമ്മസങ്കടത്തിൽ കിടന്നുഴലുകയല്ലാതെ എന്തു ചെയ്യും? കയ്പും മധുരവും. പാവം. പട്ടണത്തിൽ വീടു് വാടകയ്ക്കെടുത്തു താമസം മാററാൻ ഭാര്യ നിർബന്ധം. അമ്മയുടെ കൂടെ താമസിക്കാൻ സാദ്ധ്യമല്ലെന്നു് അവൾ തീർത്തുപറഞ്ഞു.

"അമ്മേ, ഞാൻ എന്താണു ചെയ്യേണ്ടതു്?" അവൻ ഗൽഗദത്തോടെ ചോദിച്ചു.

"അവളുടെ ഇഷ്ടംപോലെയാകട്ടെ. എന്തോ അവൾക്കെന്നെ വെറുപ്പാണു്. അതുകൊണ്ടു് തല്ക്കാലം പിരിഞ്ഞുതാമസിക്കുന്നതാണു് നല്ലതെന്നു തോന്നുന്നു. ഇതുവരെ ദൈവം നമ്മളെ അതിററ വിധം അനുഗ്രഹിച്ചു നിനക്കും അറിയാം. അതൊന്നും മറക്കരുതു്. എവിടെ പോയാലും ദൈവത്തിൻറെ മകനായി ജീവിക്കുക. ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ടു്. ഒരിക്കൽ അവളുടെ തെററു് അവൾക്കു ബോദ്ധ്യമാകും. പശ്ചാത്തപിക്കും. മരണംവരെ അവൾ എന്നെ സ്നേഹിക്കും. ധൈര്യമായിരിക്കുക. അവളോടുകൂടെ പോകുക. എന്നെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠയ്ക്കു വഴിയില്ല. എൻറെ ജോലി ഞാൻ ചെയ്തു. ഈശോ എനിക്കു കൂലിതരും."

ഓനച്ചൻ അമ്മയുടെ മുഖത്തു് ഉററുനോക്കിക്കൊണ്ടിരുന്നു. ദിവ്യമായ ഒരു പ്രകാശം അമ്മയുടെ മുഖത്തു് വ്യാപിച്ചതായി അവനു തോന്നി. അമ്മയുടെ ധീരമായ മനഃസ്ഥിതിയും, വീരോചിതമായ ത്യാഗസന്നദ്ധതയും, മാതൃകാപരമായ പുത്രവാത്സല്യവും അർത്ഥപുഷ്ടമായ വാക്കുകളിൽ നിഴലിച്ചുകണ്ടു് അവൻ വിസ്മയഭരിതനായി ഭയചകിതനായി അനുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ഭാരം അവൻറെ ഹൃദയത്തിൽത്തൂങ്ങി.

* * *

കൊച്ചുറോസമ്മയുടെ ക്ഷീണം നാൾക്കുനാൾ വർദ്ധിച്ചുവന്നു ഓനച്ചൻ ഇടയ്ക്കിടയ്ക്കു വരും. അമ്മയുടെ സുഖസൗകര്യങ്ങൾ അന്വേഷിക്കും. ഡോക്ടരുടെ നിർദ്ദേശപ്രകാരമുള്ള മരുന്നുകൾ വാങ്ങിച്ചുകൊടുക്കും. എന്നാൽ വാർദ്ധക്യമാകയാൽ വലിയ ഗുണമൊന്നും കിട്ടാനില്ലെന്നായിരുന്നു വിദഗ്ദ്ധാഭിപ്രായം.

ഒരു ദിവസം വീട്ടിലെ പുലയൻ ഓടിക്കിതച്ചെത്തി. "തമ്പുരാട്ടിക്കു ദീനം, വല്ലാത്ത പരവശമുണ്ടു്. തമ്പുരാനെ, അച്ചനെ വിളിക്കു്, ഓനച്ചൻ, ഈശോ" എന്നൊക്കെ പറഞ്ഞു. പള്ളിത്തമ്പുരാനെ വിളിക്കാൻ ആളുപോയിട്ടുണ്ടു്."

ഓനച്ചൻ ആസകലം വിയർത്തു.

"നീയും തമ്പുരാട്ടിയുംകൂടി വന്നേക്കു്. ഞാനങ്ങു നടക്കട്ടെ."

പുരോഹിതൻ വന്നു അന്ത്യകൂദാശകളെല്ലാംകൊടുത്തു. സുബോധത്തോടെ അവൾ അവ സ്വീകരിച്ചു. അധികം താമസിയാതെതന്നെ ശാന്തമായി; നിത്യസമ്മാനം വാങ്ങിക്കുന്നതിനു് അവളുടെ ആത്മാവു് ലോകത്തോടു യാത്ര പറഞ്ഞു പിരിഞ്ഞു. ഓനച്ചൻ മൃതശരീരത്തെ കെട്ടിപ്പുണർന്നു് മുഖം മുകർന്നു അവധിയില്ലാതെ കരഞ്ഞു.

ലീലാമ്മയ്ക്കു ബോധക്ഷയമുണ്ടായി.

പോളച്ചനും കുട്ടികളും വന്നു. അവരും തിരോധാനത്തിൽ വാവിട്ടു നിലവിളിച്ചു. അവരെ സമാധാനിപ്പിക്കുന്നതിനു് പുരോഹിതൻ ആവുംവിധമെല്ലാം പരിശ്രമിച്ചു മരിച്ചവരെക്കുറിച്ചു് വ്യസനിക്കുന്നതു് നിഷ്പ്രയോജനമെന്നുവരികിലും നിത്യവിരഹം അതിൻറെ നവ്യാവസ്ഥയിൽ ആർക്കാണു് അനിയന്ത്രിത ദുഃഖത്തിനു കാരണമാകാത്തതു്?

സന്ധ്യക്കു മുമ്പായി ത്രേസ്യാക്കുട്ടിയും വന്നുചേർന്നു. അവൾക്കു യാതൊരു ഭാവഭേദവുമുണ്ടായില്ല. "ഇങ്ങനെ കരഞ്ഞു് വല്ല സുഖക്കേടും പിടിപ്പിക്കല്ലേ" എന്നൊരു ശാസനം ഓനച്ചനു നൽകുന്നതിനു് അവൾ മടിച്ചില്ല.

പിറേറദിവസമായിരുന്നു ശവസംസ്കാരകർമ്മം. പലരും അവിടെ വരികയും പോകയും ചെയ്തു. ത്രേസ്യാക്കുട്ടി അവരോടെല്ലാം കുശലങ്ങൾ ചോദിച്ചു് വീട്ടിനുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. ശവസംസ്കാരകർമ്മം ആരംഭിക്കാൻ പുരോഹിതൻ ആഗതനായി. വസ്ത്രാഭരണവിഭൂഷിതയായി അവളും ശവമഞ്ചത്തിനടുത്തു മുട്ടുകുത്തി.

പുരോഹിതൻ ഔദ്യോഗിക പ്രാർത്ഥനകൾ ആരംഭിച്ചു. ജനാവലിയും പ്രാർത്ഥനയിൽ നിരതരായി ഓനച്ചനും ലീലാമ്മയുംവിങ്ങിവിങ്ങിക്കരഞ്ഞു. ത്രേസ്യാക്കുട്ടി ശവമഞ്ചത്തിൻറെ വിചിത്രപ്പണികൾ നോക്കി. "ഇന്നു് ഞാൻ, നാളെ നീ." അവൾ വായിച്ചു. ആരോ തന്നെ വിളിച്ചു പറയുന്നതുപോലെ അവൾക്കുതോന്നി അവൾ ശ്രദ്ധിച്ചു ... ........സർവ്വത്ര ഒരു ഭയങ്കരത. അന്ധകാരം..............ആ സ്വരം വീണ്ടും അവൾ കേട്ടു. പൂർവ്വസ്മരണകൾപലതു അവൾക്കുണ്ടായി ഭാവിയെപ്പററി പല ആശങ്കകളും അവളിൽ ഉദയംചെയ്തു.

അമ്മയുടെ സ്വരമാണതു്. മഞ്ചത്തിനുള്ളിലേക്കു് അവൾ എത്തിനോക്കി. അമ്മ ലോകത്തിൻറെ നന്ദികേടിനെ പരിഹസിച്ചു് പുഞ്ചിരിതൂകുന്നു. അവളുടെ മുണ്ടനങ്ങുന്നതുപോലെ തോന്നി. "......നാളെ ഞാനു്?" ത്രേസ്യാക്കുട്ടിയുടെ തല കറങ്ങി. "അമ്മേ!" അവൾ ലീലാമ്മയുടെ കൈകളിലേക്കു മറിഞ്ഞു...

അവൾക്കു് പ്രജ്ഞയുണ്ടായപ്പോൾ ഭർത്താവിനേയും ലീലാമ്മയേയും കുട്ടികളേയും അല്ലാതെ ആരേയുംഅവിടെ കണ്ടില്ല.

"അമ്മേ! അമ്മേ!" ആവർത്തിച്ചു അവൾ വിളിച്ചു

"അമ്മേ, എവിടെ പോയി?"

"മരിച്ചുപോയി"

"ഇല്ല. ഇല്ല. അവർ ജീവിക്കുന്നുണ്ടു്. അവരെവിടെ?..........."

അവൾ പിറേറദിവസം പള്ളിയിൽ പോയി. കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിച്ചു. അമ്മയുടെ കവറിടം സന്ദർശിച്ചു് പുഷ്പങ്ങൾ പറിച്ചു വിതറി. കൺകുഴികളിൽ കവിഞ്ഞൊഴുകിയ തീർത്ഥജലം കൈകൾകൊണ്ടു ശേഖരിച്ചു് അവിടെ തളിച്ചു.

അമ്മയുടെ കവറിടത്തിങ്കൽ പോയി പ്രാർത്ഥിക്കുന്നയവസരങ്ങളിലെല്ലാം അനുപമമായ ഹൃദയസമാധാനം അവൾക്കനുഭവപ്പെട്ടിരുന്നു.


## ജൂബിലിസ്മാരക കലണ്ടർ

മലയാളസുറിയാനിഹയരാക്കി രജതജൂബിലി നവവത്സരാദ്യന്തം സ്മരിക്കുവാൻ എല്ലാവരും "സ്മാരകകലണ്ടറിന്നു" ഭവനപ്രവേശനം നൽകുവിൻ!

ബുദ്ധിക്കു് ആനന്ദം! ഭവനത്തിന്നു് അലങ്കാരം!

ഒററപ്രതിക്കു് 8 ണ. ഡസനു് 5 ക. ഒററപ്രതി ആവശ്യക്കാർ സ്റ്റാമ്പു് അയച്ചാലും മതി.

ആവശ്യപ്പെടുവിൻ:—

കത്തീഡ്രൽ സ് ടി. ബി ഡിപ്പോ

പാലാരിവട്ടം, എറണാകുളം


## നിങ്ങൾക്കറിയാമോ?

(മൂന്നാംപേജു് തുടർച്ച)

ഉത്തരങ്ങൾ

1 സൗകര്യമുണ്ടെങ്കിൽ വീട്ടമ്മാമ്മോദീസായും വൈദികൻതന്നെയാണു് നൽകേണ്ടതു്.

2 കൊടുക്കേണ്ടതായിരുന്നു.

3 "സംശയത്തിൻ കീഴ്" (അതായതു "നിനക്കു ജീവനുണ്ടെങ്കിൽ" എന്നു പറഞ്ഞുകൊണ്ടു്) സ്നാനപ്പെടുത്തണം.

4 അഴിഞ്ഞു തുടങ്ങുക എന്നതു്. (Putrefac i ).

5 ഉചിതമല്ല. പക്ഷെ മററാരേയും ലഭിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ പിതാവോ മാതാവോ ജ്ഞാനസ്നാനം നൽകുന്നതിനു വിരോധമില്ല.

## സൗഭാഗ്യദീപം

പി. കെ ചന്ദ്രശേഖരൻ നായർ

പള്ളിപ്പാ

കല്മഷാന്ധതമസ്സതിഭീഷ്മമായ്
ഇമ്മഹീതലേ താണ്ഡവമാടവേ,
പാരതന്ത്ര്യം പരന്നുമുലച്ചി-
പാരിടം പരിതാപം പെരുകവേ,
സോമബിംബത്തിൽനിന്നു രജതമാം
കൗമുദി ഭുവിൽ വീഴും രജനിയിൽ
ദിക്കിലൊക്കെ പ്രകാശിച്ചു ദശാശാല-
പുക്കവന്നു ജനിച്ച കൃപാനിധി
മഗ്നതതിന്നടിപെട്ട ലോകത്തിൻ
ക്ലേശം നീങ്ങാൻ, സത്യം ജയിക്കുവാൻ,
ഭൂഷണമായ അഹിംസായുധത്തിനാൽ
പോരുചെയ്ത ധരതൻ മഹാനിധി,
മിത്ഥ്യയാമന്ധരാത്രിയിൽ മേൽക്കുമേൽ
സത്യദീപ്തി പൊഴിച്ച കലാനിധി,
പൂരുഷർ തൻറെ "സൗഭാഗ്യദീപ"മായ്
പാരിടത്തിലുദിച്ചൊരു ഭാസ്കരൻ.

## കൊച്ചി വാർത്തകൾ

ക്ഷാമബത്ത

സർക്കാരുദ്യോഗസ്ഥന്മാരുടെ ക്ഷാമബത്തയും ടൗൺ അലവൻസും 1124 അവസാനംവരെ തുടരുന്നതായിരിക്കും. സാധനങ്ങളുടെ വില കുറയുന്നതനുസരിച്ച് പ്രസ്തുത ആനുകൂല്യങ്ങൾ കുറവുചെയ്യുന്നതാണ്.

കണ്ടിൻജൻറ് ഗ്രാൻറ് കുറച്ചു

എയിഡഡ് സ്കൂളുകൾക്ക് കണ്ടിൻജൻറ് ഗ്രാൻറ് അപ്പർ സെക്കണ്ടറി ഡിപ്പാർട്ടുമെൻറിൽ അദ്ധ്യാപകശമ്പളത്തിൻെറ പന്ത്രണ്ടര ശതമാനമായിരുന്നത് 10 ശതമാനമായും ലോവർ സെക്കണ്ടറി ഡിപ്പാർട്ടുമെൻറിൽ 10 ശതമാനമായിരുന്നത് ഏഴര ശതമാനമായും പ്രൈമറി ഡിപ്പാർട്ടുമെൻറിൽ ഏഴര ശതമാനമായിരുന്നത് 5 ശതമാനമായും ഈ മകരം 1-ാംനു മുതൽ കുറവുചെയ്തിരിക്കുന്നു.

വ്യയന്യൂനീകരണ നടപടികൾ

പഞ്ചായത്തു വകുപ്പിൽ പ്രതിവർഷം 28100 ക. യുടെ വ്യയന്യൂനീകരണനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

വില്ലേജു കോടതിവകുപ്പിൽ വ്യയന്യൂനീകരണം നടപ്പാക്കുന്നതുമൂലം ശമ്പളയിനത്തിൽ പ്രതിവർഷം 6260,00 ക. യും അലവൻസു വകയിൽ 26,500 ക. യും ഗവമ്മെൻറിനു ലാഭമുണ്ടാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഫിഷിംഗ് സ്റ്റേഷൻ

ഇൻഡ്യാ ഗവമ്മെൻറിൻെറ മത്സ്യവ്യവസായ വികസന പദ്ധതിയനുസരിച്ച് രണ്ടു തീരപ്രദേശങ്ങളിലും പെലാജിക് ഫിഷിംഗ് സ്റ്റേഷനുകൾ തുറക്കാൻ തീരുമാനിച്ചിരിക്കയാണല്ലോ. ഏതാദൃശമായ ഒരു സ്റ്റേഷൻ കൊച്ചിയിലും തുറക്കുന്നതാണെന്നറിയുന്നു.

ഷെവലിയർ എം. രത്തിനസ്വാമി

കൊച്ചി സാന്താക്രൂസ് ഹൈസ്കൂൾ ജൂബിലിസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി ഷെവലിയർ എം. രത്തിനസ്വാമി എം. എ. ബാർ-അററ്-ലാ ജനുവരി 22-ാംനു എറണാകുളത്തെത്തി. 24-ാംനു അദ്ദേഹം സെൻറ് ആൽബെർട്ട്സ് കോളെജ് കാത്തലിക് സ്റ്റുഡൻറ്സ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ഒരു പ്രസംഗം നടത്തി. മേയ് മാസത്തിൽ രാമപുരത്തുവച്ചു കൂടുവാൻപോകുന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 4-ാമതു വാർഷിക സമ്മേളനത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന വിദ്യാഭ്യാസസമ്മേളനത്തിൽ അദ്ദേഹം ആദ്ധ്യക്ഷ്യം വഹിക്കുന്നതായിരിക്കും.

### ചരമം

മൂവാററുപുഴയിലെ ഒരു പൊതുകാര്യപ്രസക്തനും പൗരമുഖ്യനുമായിരുന്ന ശ്രീ പിട്ടാപ്പിള്ളി ഉലഹന്നാൻ പൈലി ജനുവരി 24-ാംനു നിര്യാതനായി. ശവസംസ്കാരകർമ്മം പിറേറദിവസം വികാരി ജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. R. I. P.

### റവ. ഫാ. യാക്കോബ് ഓണാട്ട് നിര്യാതനായി

ആരക്കുഴ പള്ളിവികാരിയായ റവ. ഫാദർ യാക്കോബ് ഓണാട്ട് വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 81-ാമത്തെ വയസ്സിൽ സ്ഥലം പള്ളിമേടയിൽവെച്ചു ജനുവരി 6-ാംനു നിര്യാതനായി. ശവസംസ്കാരകർമ്മം എറണാകുളം അതിരൂപതാവികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും 20 ൽപരം വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. പരേതൻെറ മാതൃകാപരമായ ഭക്തജീവിതത്തെ പരാമർശിച്ചു വെ. റവ. ഫാദർ തോമസ് നെടുമ്പുറം ചരമപ്രസംഗം നടത്തി. ഈ വന്ദ്യവൈദികൻെറ ചരമത്തിൽ ദുഃഖിതരായിരിക്കുന്ന ഏവരെയും ഹൃദയപൂർവ്വം അനുശോചിക്കുകയും പരേതൻെറ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

പുസ്തകാഭിപ്രായം

### ഭാരതമാനസാന്തരം

(പ്രസാധകർ: യൂത്ത് മിഷനറിലീഗ്, പൂവത്തോട്. പക്ഷ 42. വില 4ണ)

ഭാരതമാനസാന്തരത്തെ സംബന്ധിച്ച ചോദ്യോത്തരരൂപത്തിൽ പൂവത്തോട്ട യൂത്ത് മിഷനറിലീഗ് പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു ചെറു ഗ്രന്ഥമാണ് "ഭാരതമാനസാന്തരം." മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു എന്തിനാണ്, ലോകത്തിൽ കത്തോലിക്കരുടെ ജനസംഖ്യ എത്രയുണ്ട്, പ്രേഷിതാസക്തി എന്നാൽ എന്തു, ഭാരതമിഷൻ എന്താണ്, വി. ഫ്രാൻസിസ് സേവ്യറും വി. ജോൺ ബ്രിട്ടോയും എന്തു ചെയ്തു, ഭാരതമാനസാന്തരത്തിൽ നേരിട്ടു എങ്ങനെ പങ്കെടുക്കാം, എങ്ങനെ സഹകരിക്കാം, കൊച്ചുത്രേസ്യാ വേദപ്രചാരമദ്ധ്യസ്ഥയാകാൻ എന്തു ചെയ്തിട്ടുണ്ട് എന്നിങ്ങനെ നൂറൊന്നു ചോദ്യങ്ങൾക്ക് ഈ ചെറുപുസ്തകത്തിൽ ഉത്തരം നൽകിയിട്ടുണ്ട്. പട്ടക്കാർക്കുവേണ്ടിയുള്ള ഒരു ജപവും വേദപ്രചാരത്തിനായുള്ള ഒരപേക്ഷയും അവസാനം ചേർത്തിരിക്കുന്നതായി കാണാം.

ഈ ചെറുഗ്രന്ഥം പ്രസാധകന്മാർ പ്രതീക്ഷിക്കുന്നതുപോലെ യുവജനങ്ങളിൽ പ്രേഷിതചൈതന്യം ഉത്തേജിപ്പിക്കുവാൻ തികച്ചും പര്യാപ്തമാണ്. പ്രതിപാദനം ചോദ്യോത്തരരീതിയിലാകയാൽ ഭാരതമിഷൻെറ പുരോഗതിക്കുള്ള ഓരോ പ്രതിബന്ധവും ഭാരതമിഷൻെറ ശോചനീയവശങ്ങളും അസ്ത്രംപോലെ യുവജനങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കുന്നതാണ്. ഇത്ര പ്രയോജനകരമായ ഒരു പ്രസിദ്ധീകരണംകൊണ്ടു യുവജനങ്ങളെ അനുഗ്രഹിച്ച പൂവത്തോട്ട യൂത്ത് മിഷനറി ലീഗിനു ഹാർദ്ദമായ അനുമോദനം. T. M.



ഷെവലിയർ എം. രത്തിനസ്വാമി എം. എ. ബാർ-അററ്-ലാ

## തിരുവിതാംകൂർ വാർത്തകൾ

കയറിൻെറ വിലമാന്ദ്യം

കയർ ഉല്പന്നങ്ങളുടെ വിലമാന്ദ്യം പരിഹരിക്കുന്നതിനു തിരുവിതാംകൂർ ഗവമ്മെൻറ് കേന്ദ്രഗവമ്മെൻറിൻെറ സഹായം അഭ്യർത്ഥിക്കുകയും തൽസംബന്ധമായി ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

വാർത്താപ്രക്ഷേപണം

തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്നും പ്രതിദിനവൃത്താന്തങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും വൈകുന്നേരം 7-30-നു പ്രക്ഷേപണം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു.

അലവൻസ് പരിഷ്കരണം

മകരം 1-ാംനു മുതൽ 150ക. ശമ്പളത്തിൽ കുറഞ്ഞ സുപ്പീരിയർ സർവീസുകാർക്കു ട്രാവലിംഗ് അലവൻസ് 12½ രൂപയും അതിനു 4½ ചക്രം നിരക്കിൽകൂട്ടിയിരിക്കുന്നു. എത്ര കുറഞ്ഞാലും അലവൻസ് 1 രൂപയിൽ കുറയുന്നതല്ല. ഇൻഫീരിയർ സർവീസുകാർക്ക് 12½ രൂപയും അതിനു 4½ ചക്രം വീതം കൂട്ടിയിരിക്കുന്നു. കുറഞ്ഞതുക 21 ചക്രമായിരിക്കും.

അവധി വർദ്ധിപ്പിക്കുന്നു

കുംഭം 1-ാംനു മുതൽ കാഷ്വൽ അവധി ആണ്ടിൽ 20 ദിവസമാക്കിയിരിക്കുന്നു. 11-4-ൽ ആകെ 17 ദിവസമേ


### ചെറുപുഷ്പം മാസികയ്ക്കു

വരിക്കാരായിച്ചേരുവിൻ: ആണ്ടിൽ ഒന്നര ഉറുപ്പികമാത്രം. വരിക്കാരെ ചേർക്കുന്നവർക്കു കൂടുതൽ കുറവു അനുസരിച്ചു സമ്മാനങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

എന്നു മാനേജർ

ചെറുപുഷ്പം പ്രസ്, മഞ്ഞുമ്മൽ


അനുവദിക്കുകയുള്ളു. എന്നാൽ 1125-ൽ 20 ദിവസവും എടുക്കാവുന്നതാണ്.

ഭവനനിർമ്മാണപദ്ധതി

രാജ്യത്തെ ഭവനരഹിതരെ ഉദ്ദേശിച്ച് ഒരു ഭവനനിർമ്മാണ പദ്ധതി തയാറാക്കുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

ജലസേചന പദ്ധതി

സംസ്ഥാനത്തെ ഒരുപ്പുനിലങ്ങളിലെല്ലാം ഇരുപ്പൂകൃഷി ഇറക്കുന്നതിനു പര്യാപ്തമാകത്തക്കവണ്ണം ജലസേചന പദ്ധതി വികസിപ്പിക്കുന്നതിനു ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

അററാർണിജനറൽ

അററാർണിജനറൽ മി. കെ. എ. ഗംഗാധരമേനോനു് ഒരു മന്ത്രിസഭാംഗത്തിൻെറ സകല പദവികളും അനുവദിച്ചിരിക്കുന്നു. അതനുസരിച്ചു മന്ത്രിസഭായോഗങ്ങളിൽ സംബന്ധിക്കാൻ അദ്ദേഹത്തിനു അവകാശമുണ്ടായിരിക്കും. കൂടാതെ സ്റ്റേററുകാറും ഔദ്യോഗികവസതിയും അനുവദിക്കുന്നതാണ്.

## ഇന്ത്യാ വാർത്തകൾ

കൽക്കട്ടാ-സിഡ്നി സർവ്വീസ്

കൽക്കട്ടായിൽനിന്നു ബാങ്കോക്ക്—സിംഗപ്പൂർ—ബട്ടേവിയ—സുരബായ വഴി സിഡ്നിയിലേക്കു ഒരു പ്രതിവാരവിമാനസർവ്വീസാരംഭിക്കുവാൻ ഇൻഡ്യാഗവമ്മെൻറ് ഒരു ഇൻഡ്യൻകമ്പനിക്കു ലൈസൻസു നൽകിയിരിക്കുന്നു.

ഈജിപ്ഷ്യൻസ്ഥാനപതി

ഇൻഡ്യയിലെ ഇജിപ്ഷ്യൻ സ്ഥാനപതിയായ മി. ഇഡ്രൈയിൽ കമാൻബെ തൻെറ അധികാരപത്രം ഗവർണ്ണർജനറലിനു സമർപ്പിച്ചിരിക്കുന്നു.

നിരോധിച്ചു

മലബാറിൽനിന്നും മരച്ചീനി കയററി അയക്കുന്നതിനെ മദ്രാസ് ഗവമ്മെൻറു നിരോധിച്ചിരിക്കുന്നു.

ചതുപ്പുനിലത്തു കൃഷിചെയ്യുന്നു

ജമ്മുവിലും കാശ്മീരിലുമായി 4000 ഏക്കർ ചതുപ്പുനിലങ്ങൾ ശരിപ്പെടുത്തി കൃഷിയാരംഭിച്ചിരിക്കുന്നു. ഇവിടെനിന്നും 114000 മനിലധികം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുമെന്നു ഉദ്ദേശിക്കപ്പെടുന്നു.

ക്ഷാമബത്ത വർദ്ധിപ്പിച്ചു

റെയിൽവെവകുപ്പൊഴികെയുള്ള 250 ക. യിൽ താഴെ ശമ്പളമുള്ള എല്ലാ ഗവമ്മെൻറു ജോലിക്കാർക്കും ഈ ജനുവരി 1-ാംനു മുതൽ പ്രതിമാസം 10 ക. ക്ഷാമബത്ത കൂട്ടിക്കൊടുത്തിരിക്കുന്നു. എന്നാൽ ഭക്ഷ്യധാന്യസൗജന്യം അനുഭവിക്കുന്നവർക്കു 5ക. മാത്രമേ കൂടുതൽ ലഭിക്കയുള്ളു.


എല്ലാവിധ എംബ്രോയിഡറി വേലകൾക്കും പ്രശസ്ത സ്ഥാപനം.
കൊളംബോ സാരി വർക്കു്,
ബ്രോഡ്‌വെ-എറണാകുളം.


ഏഷ്യൻ കോൺഫറൻസ്

ഏഷ്യൻ കോൺഫറൻസ് ജനുവരി 20-ാംനു ഡൽഹിയിൽ കൗൺസിൽ ഹാഫ് സ്റ്റേററ് ഹോമിൽവച്ച് ആരംഭിക്കുകയും 23-ാംനു അവസാനിക്കുകയും ചെയ്തിരിക്കുന്നു. കോൺഫറൻസിൽ 19 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ സംബന്ധിക്കുകയുണ്ടായി. ഇൻഡൊനേഷ്യൻ പ്രശ്നം ഉടനെ പരിഹരിക്കുന്നതിനുതകുന്ന ഏതാനും നിർദ്ദേശങ്ങൾ ഐക്യരാഷ്ട്ര സമിതിയിൽ സമർപ്പിക്കുവാൻ കോൺഫറൻസിൻെറ അവസാന ദിവസത്തെ പൊതുസമ്മേളനത്തിൽ തീരുമാനിച്ചിരിക്കുന്നു.

## വിദേശ വാർത്തകൾ

നിര്യാതനായി

ഈശോസഭക്കാർ നടത്തിവരുന്ന "അമേരിക്ക" എന്ന വാരികയുടെ സ്ഥാപകനായ ഫാദർ ജോൺ വൈൻ എസ്. ജെ. 89-ാമത്തെ വയസ്സിൽ ന്യൂയാർക്കിൽവച്ചു നിര്യാതനായിരിക്കുന്നു. കാത്തലിക് എൻസൈക്ലോപീഡിയായുടെ പ്രസിദ്ധീകരണത്തിൽ ഇദ്ദേഹം ഗണ്യമായ പങ്കുവഹിച്ചിട്ടുള്ളതാണ്.

മാർപ്പാപ്പയുടെ സമ്മാനം

പരിശുദ്ധപിതാവ് ഇംഗ്ലണ്ടിലെ അപ്പോസ്തലിക് ഡെലിഗേററായ ആർച്ചുബിഷപ്പ് ഗോഡ്ഫ്രെ വഴി ക്രിസ്തുമസ് പ്രമാണിച്ചു 1300 പവൻ നിരാശ്രയരായ ശിശുക്കൾക്കായി സംഭാവന ചെയ്തിരിക്കുന്നു.

നാമകരണച്ചടങ്ങുകൾ

ഫ്രാൻസിലെ രാജ്ഞിയായിരുന്ന ജീൻ ഡിവലോ എന്ന സിദ്ധയെ വിശുദ്ധവത്സരമായ 1950-ൽ പുണ്യവതി എന്നു പേരുവിളിക്കുന്നതാണ്. പ്രസ്തുത സിദ്ധ സഭത്തലവനായ ലൂയി 12-ാമനാൽ പരിത്യക്തയായ ശേഷം 1500-ൽ മംഗലവാർത്തയുടെ സഹോദരികൾ എന്ന സന്യാസസഭ സ്ഥാപിക്കയുണ്ടായി. ഫ്രാൻസിൽ ക്ളൂനിയിലെ വി. യൗസേപ്പിൻെറ സഹോദരികൾ എന്ന സന്യാസസഭ സ്ഥാപിച്ച അന്നമരിയ ജാവൂരെയെ 1950-ൽ സിദ്ധയെന്നും നാമകരണം ചെയ്യുന്നതാണ്.

മാർപ്പാപ്പായുടെ ജൂബിലി

മാർപ്പാപ്പായുടെ പൗരോഹിത്യരജതജൂബിലിദിനമായ ഏപ്രിൽ 2-ാംനു ഒരു പ്രാർത്ഥനാദിനമായി കത്തോലിക്കാലോകം മുഴുവനും കൊണ്ടാടണമെന്നുള്ള അവിടുത്തെ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു.


ഇതാ പുറപ്പെട്ടിരിക്കുന്നു
### ലീജിയൻ ഓഫ് മേരിച്ചെപ്പററി
ഒരു നവ്യപ്രബന്ധം
ഗ്രന്ഥകർത്താ: ഫാദർ മാത്യു പുതിയിടം
വില. 6ണ മാത്രം
എൽ. എഫ്. പ്രസ്സ്. തേവര
എന്ന വിലാസത്തിൽ ആവശ്യപ്പെടുക


### കാഞ്ഞിരപ്പള്ളി

കാഞ്ഞിരപ്പള്ളി ഫൊറോനാ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന 25 വേദപ്രചാരസഹായസംഘങ്ങളുടെ സംയുക്തവാർഷികസമ്മേളനം ജനുവരി 16-ാംനു റവ. ഫാദർ ഔറേലിയസ് സി. ഡി. ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. മി. എം. ഏം. കര്യൻ ബി. എ. എൽ. ടി. ആയിരുന്നു പ്രാസംഗികൻ. കുട്ടികൾ വേദപ്രചാരസഹായാർത്ഥം കാർഷികവിഭവങ്ങൾ ശേഖരിച്ച് ലേലത്തിൽ വില്പന നടത്തിയെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവ്യമാണ്.

### എറണാകുളം

എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിലെ മരിയസഖ്യത്തിൻെറയും സെൻറ് സ്റ്റാനിസ്ലാവോസ് ബാലസംഘത്തിൻെറയും സംയുക്തവാർഷികം റവ. ഫാദർ ജോസഫ് മേനാച്ചേരി ബി. എ. യുടെ അദ്ധ്യക്ഷതയിൽ ജനുവരി 23-ാംനു നടന്നു. മി. സി. എൽ. ആൻറണി എം. എ., മി. കെ. എസ്. ആൻറണി എം. എ. എന്നിവർ ഓരോ പ്രസംഗം ചെയ്തു. യോഗാനന്തരം "സേവനം" എന്ന പ്രഹസനം തന്മയത്വപൂർവ്വം അഭിനയിക്കപ്പെട്ടു.

പ്രഭാഷണം

# നീളംകൂടിയ വലതുകൈ

"ഒരുത്തൻ മറ്റൊരുത്തനെ സ്നേഹിക്കണം' എന്നുള്ളതിനെപ്പറ്റി കമറ്റു യാതൊന്നിലും നിങ്ങൾക്കു ഒരു മനുഷ്യനോടും കടപ്പാടുണ്ടായിരിക്കരുത്. തന്റെ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം അനുഷ്ഠിച്ചിരിക്കുന്നു. എന്തെന്നാൽ നീ കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷി പറയരുത്, മോഹിക്കരുത്, എന്നു പറയപ്പെട്ടിട്ടുള്ളതും ഇനിയും വേറെ പ്രമാണമുണ്ടെങ്കിൽ അതും, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. സ്നേഹം അയൽക്കാരനു ദോഷം ചെയ്യുന്നില്ല. തന്നിമിത്തം സ്നേഹം നിയമത്തിന്റെ പൂർത്തീകരണമാകുന്നു." (ദനഹ 4-ാം ഞായർ; ലേഖനം: റോമ xiii 8—10)

യൂദന്മാരുടെ വിശുദ്ധ ഗ്രന്ഥമായ തൽമൂദിൽ താഴെ പറയുന്ന ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ ഒരു പുറജാതിക്കാരൻ "ഷാമായി" റാബിയെ സമീപിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു ഒറ്റക്കാലിന്മേൽനിൽക്കുവാൻ സാധിക്കുന്ന സമയത്തിനിടകൊണ്ടു യഹൂദമതത്തിന്റെ പ്രമാണങ്ങൾ മുഴുവനും എന്നെ വിവരിച്ചു മനസ്സിലാക്കുവാൻ സാധിക്കുമെങ്കിൽ ഞാൻ നിങ്ങളുടെ മതം സ്വീകരിച്ചുകൊള്ളാം." ഷാമായി അതു സാദ്ധ്യമല്ലെന്നു പറഞ്ഞു അയാളെ മടക്കി അയച്ചു അതിനുശേഷം അയാൾ ഹില്ലേൽ റാബിയെ സമീപിച്ചുകൊണ്ടു മേൽപ്പറഞ്ഞ അപേക്ഷ ആവർത്തിച്ചു ഹില്ലേൽ ഉടനെ മറുപടി നൽകി: "നിന്നോടു മറ്റുള്ളവർ ചെയ്യുവാൻ നീ ഇഷ്ടപ്പെടാത്ത കാര്യങ്ങളൊന്നുംതന്നെ നീ നിന്റെ അയൽക്കാരനോടും ചെയ്യരുത്. ഇതിൽ സകല പ്രമാണങ്ങളും അടങ്ങിയിട്ടുണ്ട്; മറ്റുള്ളവയെല്ലാം ഇതിന്റെ വ്യാഖ്യാനങ്ങൾ മാത്രമാണ്."

ക്രിസ്തുവിന്റെ ആഗമനത്തിനു കുറെ വർഷങ്ങൾ മുമ്പ് ജീവിച്ചിരുന്ന ഈ ബാബിലോണിയൻ റാബി ഉന്നയിച്ച ഈ വിശിഷ്ടതത്വത്തിനു യൂദന്മാരുടെയിടയിൽ വലിയ സ്ഥാനമുണ്ടായിരുന്നില്ല. കാരണം യഹൂദമതം സ്നേഹത്തെക്കാളധികം ഭയത്തിന്റെ മതമായിരുന്നു. തന്നിമിത്തം ഈ തത്വരത്നത്തിന്റെ ശോഭ തേഞ്ഞുമാഞ്ഞുപോകയും ക്രമേണ അതു അഗണ്യകോടിയിൽ തള്ളപ്പെടുകയും ചെയ്തു. ക്രിസ്തുവിന്റെ കാലത്തു പ്രമാണങ്ങളിൽ വെച്ചു ഏറ്റവും വലിയ പ്രമാണം ഏതാണെന്നുള്ളതിനെപ്പറ്റി യൂദന്മാർ വലിയ വിവാദങ്ങൾ നടത്തി. ദേവാലയത്തിൽ വെച്ചു സമർപ്പിക്കണമെന്നുള്ളതാണ് ഏറ്റവും വലിയ പ്രമാണമെന്നു ചിലർ ശഠിച്ചു; അതല്ല, ശാബത് ദിവസം ആചരിക്കണമെന്നുള്ളതാണെന്നു മറ്റു ചിലരും; അതുമല്ലാ, പരിച്ഛേദനകർമ്മമാണെന്നു മൂന്നാമതൊരു കൂട്ടരും. ഇക്കാലത്താണ് ഫരിസേയനായ ഒരു നിയമപണ്ഡിതൻ ക്രിസ്തുവിനോടു ചോദിച്ചതു: "ഗുരോ, പ്രമാണങ്ങളിൽ വെച്ചു ഏറ്റവും വലിയതു ഏതാകുന്നു?" ക്രിസ്തു മറുപടി പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ മുഴുവൻ ഹൃദയത്തോടും മുഴുവൻ ആത്മാവോടും മുഴുവൻ മനസ്സോടുംകൂടി സ്നേഹിക്കുക... നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക. ഇവയിൽ സകല പ്രമാണങ്ങളും പ്രവചനങ്ങളും അടങ്ങിയിരിക്കുന്നു" ഒടുക്കത്തെ അത്താഴത്തിൽ ക്രിസ്തു തന്നെ പറയുന്നു: "ഒരു പുതിയ പ്രമാണം നിങ്ങൾക്കു ഞാൻ നൽകുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ......ഇതു വഴിയായി നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു എല്ലാവരും അറിയും." ഒരു ക്രിസ്ത്യാനിയെ തിരിച്ചറിയാനുള്ള മുദ്രയാണ് സ്നേഹം. "അവൾ അധികം സ്നേഹിച്ചതുകൊണ്ടു നിരവധി പാപങ്ങൾ അവളോടു പൊറുക്കപ്പെട്ടിരിക്കുന്നു" എന്നു മഗ്ദലനമറിയത്തോടു ക്രിസ്തു അരുളിച്ചെയ്തതിൽ സ്നേഹംതന്നെയാണ് നീതീകരണത്തിന്റെയും നിദാനമെന്നു തെളിയുന്നു അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തിയാക്കിയിരിക്കുന്നുവെന്നു വി. ശ്ലീഹായും ഇന്നത്തെ ലേഖനത്തിൽ നമ്മെ ഉൽബോധിപ്പിക്കുന്നു. വിഗ്രഹാരാധന, ദൈവദൂഷണം, ഞായറാഴ്ച ലംഘനം, അധികാരധിക്കാരം, കൊലപാതകം, വ്യഭിചാരം, മോഷണം, കള്ളസാക്ഷി, അമിതാഗ്രഹം തുടങ്ങിയ സകല പ്രമാണലംഘനങ്ങളും അന്യന്റെ അവകാശങ്ങളിൽ കൈകടത്തുകയും തലോദരസ്നേഹത്തിന്റെ പ്രാഥമികതത്വങ്ങൾപോലും ചവിട്ടിത്തേച്ച് സ്വാർത്ഥത്തിന്റെ കരിനിഴൽ നീട്ടുകയുമാണ് ചെയ്യുന്നതെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. അതുകൊണ്ടുതന്നെയാണ്, പരസ്നേഹം യഥാർത്ഥമായി പ്രവൃത്തിയിൽ പ്രകടിപ്പിക്കുന്നവൻ അതുവഴിയായി സകല പ്രമാണങ്ങളും അനുഷ്ഠിക്കുന്നുവെന്നു വി. ശ്ലീഹാ നമ്മെ പ്രബോധിപ്പിക്കുന്നതു.

സാമൂഹ്യവിപ്ലവങ്ങളും വർഗ്ഗീയസമരങ്ങളും നടമാടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരസ്നേഹത്തിന്റെ സർവ്വപ്രധാനമായ ഒരു പ്രായോഗികവശത്തെക്കുറിച്ചു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ധനവാൻ ദരിദ്രനെ സഹായിക്കണം, ഉദ്ധരിക്കണം, മനുഷ്യനായി ജീവിക്കുവാൻ അനുവദിക്കണം.

ഇതാണ് സ്നേഹത്തിന്റെ ഉരകല്ലും മാനദണ്ഡവും. ലൗകികസമ്പത്തു ഉണ്ടായിരിക്കയും പട്ടിണികിടക്കുന്ന തന്റെ സഹോദരനെ കാണുമ്പോൾ അവനോടു കരുണ തോന്നാതിരിക്കുകയും ചെയ്യുന്നവനിൽ ദൈവസ്നേഹം ഉണ്ടാകുന്നതെങ്ങനെ എന്നു വി. യോഹന്നാൻ ശ്ലീഹാ ചോദിക്കുന്നു. നിരവധി കർബാനകൾ കാണുകയും, വളരെ കൊന്തകൾ എത്തിക്കയും, വളരെയധികം സമയം ദേവാലയത്തിലും വീട്ടിലും പ്രാർത്ഥനയിൽ ചെലവഴിക്കയും ചെയ്യുന്നവർ പോലും പട്ടിണികൊണ്ടു വലയുന്ന ഒരാളെ സഹായിക്കുവാൻ കഴിവുണ്ടായിട്ടും അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അവരുടെ ഭക്തി വെറും നാട്യവും "പുറംപൂച്ചും" മാത്രമല്ലേ?

ഒരിക്കൽ ഒരു മുതലാളി വി. ബാസിൽപുണ്യവാന്റെ മുമ്പിൽവച്ചു തന്റെ ധനത്തെപ്പറ്റി ഔദ്ധത്യത്തോടെ സംസാരിച്ചു ഉടനെ വിശുദ്ധൻ അയാളോടു ചോദിച്ചു: "തന്റെ പണമോ? തനിക്കു സ്വന്തമായിട്ടെന്തുണ്ട്? അമ്മയുടെ ഉദരത്തിൽനിന്നു നീ നഗ്നനായി ജനിച്ചു നഗ്നനായിത്തന്നെ നീ മണ്ണിലേക്കു പിരിയുകയും വേണം......" ധനവാന്റെ ധനം അയാളുടെ സ്വന്തമല്ല; അതു ദൈവത്തിന്റേതാണ്. ധനത്തിന്റെമേൽ പരമവും സംപൂർണ്ണവും അനിയന്ത്രിതവുമായ ഉടമസ്ഥാവകാശം ദൈവത്തിനുമാത്രമേ ഉള്ളൂ. ധനവാനാകട്ടെ ദൈവത്തിന്റെ ഒരു കാര്യസ്ഥൻ മാത്രമാണ്. തന്നെ ദൈവം ഏല്പിച്ചിരിക്കുന്ന ധനം അതിന്റെ പ്രമാണങ്ങളും നിബന്ധനകളും അനുസരിച്ചുമാത്രം വിനിയോഗിക്കുകയും ഒടുവിൽ കണിശമായ കണക്കു ബോധിപ്പിക്കയും ചെയ്യുവാനുള്ള കടമ അയാൾക്കുണ്ട്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അയാൾ ശിക്ഷാർഹനാണ്. "എന്റെ സ്വത്താണ്; എനിക്കു അവകാശമായി സിദ്ധിച്ചതാണ്; ഞാൻ സമ്പാദിച്ചതാണ്; അതുകൊണ്ടു എനിക്കിഷ്ടമുള്ളതുപോലെ പ്രവർത്തിക്കാം; എനിക്കിഷ്ടമുണ്ടെങ്കിൽമാത്രം പാവങ്ങളെ സഹായിച്ചാൽമതി; ചുമതലയൊന്നുമില്ല" എന്നു വിചാരിക്കുന്ന ധനവാന്മാർ കണ്ണടച്ചു ഇരുട്ടാക്കുകമാത്രമാണു ചെയ്യുന്നതു. "ധനവാൻ മരിച്ചു നരകത്തിൽ അടക്കപ്പെട്ടു" എന്നു ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ക്രിസ്തുനാഥൻ അരുളിച്ചെയ്ത വാക്യത്തെപ്പറ്റി അവർ നല്ലവണ്ണം ധ്യാനിക്കട്ടെ വിധിദിവസത്തിൽ "... നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷണം തന്നില്ല. . .." എന്നുള്ള വാക്യങ്ങളേയും അവർ സ്മരിക്കട്ടെ. സ്വാർത്ഥതയിൽ മുഴുകി, പന്തിഭോജനത്തിൽ രസിച്ചു, സുഖഭോഗങ്ങളിൽ മുങ്ങിപ്പൊങ്ങുന്ന ധനവാന്മാർ തങ്ങളുടെ സമീപം ചെറുകുടിലുകളിൽ ജീവിക്കുന്ന ദരിദ്രർ എങ്ങനെ ജീവിതം കഴിച്ചുകൂട്ടുന്നുവെന്നു അന്വേഷിച്ചുനോക്കട്ടെ അവരും മനുഷ്യരല്ലേ? മൃഗങ്ങളെപ്പോലെയല്ല, മനുഷ്യോചിതമായവിധത്തിൽത്തന്നെ അവർക്കും ജീവിക്കണ്ടേ? അതിനു പാകത്തിനുള്ള സഹായങ്ങൾ ധനവാന്മാർ ചെയ്തുകൊടുക്കുന്നുണ്ടോ?

പേർഷ്യാരാജാവായിരുന്ന അർട്ടക്സെർക്സസിന്റെ വലതുകൈ ഇടതുകൈയെക്കാൾ അല്പം നീളം കൂടിയതായിരുന്നതിനാൽ ചിലർ അദ്ദേഹത്തെ കളിയാക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം ഫലിതമായി പറഞ്ഞ മറുപടി അത്യന്തം വിജ്ഞാനപ്രദമാണ്. "പരന്മാർക്കു കൊടുക്കേണ്ടതിനായി വലംകൈ നീളമറിയതാകുംവാങ്ങിക്കേണ്ടതിലേക്കായി ഇടതുകൈ ഹ്രസ്വമായുംഅധികാരത്തിലിരിക്കുന്ന എനിക്കു ദൈവം തന്നെ നൽകിയിരിക്കുന്നു. കൊടുക്കുന്നതു വാങ്ങുന്നതിനെക്കാൾ രാജകീയമാണ്." ഇതിലെ അവസാനവാക്യത്തിൽ അല്പം ഭേദഗതി വരുത്തിക്കൊണ്ടു നമുക്കും ഉന്നിപ്പറയാം, "കൊടുക്കുന്നതു വാങ്ങിക്കുന്നതിനെക്കാൾ ക്രിസ്തീയമാണ്" എന്നു. ഓരോ ക്രിസ്ത്യാനിയുടെയും വലംകൈ ദരിദ്രർക്കു ദാനം നൽകുന്നതിനായി നീളംകൊള്ളട്ടെ. അതാണ് ക്രിസ്തീയമായ പ്രവൃത്തി; അതിലാണ് ക്രിസ്തീയത്വം അടങ്ങിയിരിക്കുന്നതു. പരസ്നേഹമൂർത്തിയായ ക്രിസ്തുനാഥൻ സ്വയം മറ്റുള്ളവർക്കുവേണ്ടി ബലിയർപ്പിക്കുന്ന വി. കുർബാനയിൽ ദൈനംദിനമെന്നോണം നാം സംബന്ധിക്കുന്നുണ്ട്; അങ്ങയുടെ സ്നേഹചൈതന്യം തുളുമ്പുന്ന തിരുരക്തം നമ്മുടെ ധമനികളിൽ പ്രസരിക്കുന്നുണ്ട്. ആ സ്നേഹമൂർത്തി തന്നെ ആത്മാർത്ഥമായ ദീനാനുകമ്പ എല്ലാവരിലും പകരട്ടെ.

ജെ. ചെമണൂർ


## അറിയണമെങ്കിൽ

| | | |
|---|---|---|
| ക്ഷയരോഗം | എരുതൽ | മൂലക്കുരു |
| വയറുവേദന | ഗ്യാസ്ട്രബിൾ | നേരിയ പനി |
| നീർവീഴ്ച | മൂത്രാധിക്യം | ശോധനക്കുറവ് |

തുടങ്ങിയ 60-ൽപരം രോഗങ്ങളുടെയും, ലക്ഷണങ്ങളുടെയും കാരണങ്ങൾ, സ്വഭാവങ്ങൾ, ഔഷധങ്ങൾ ഫലിക്കാത്ത ഹേതുക്കൾ, പ്രതിവിധിമാർഗ്ഗങ്ങൾ മുതലായ വിശദവിവരങ്ങൾക്കു 2 ണ. തപാൽ സ്റ്റാമ്പുസഹിതം ഇന്നുതന്നെ എഴുതുക.

Prop: കാളത്തു പാവുണ്ണി ഔസേപ്പ് വൈദ്യൻ
കാളൻ ആയുർവേദിക്ക് ഫാർമസി. P. O. നെല്ലായി (C. S.)




ടവിക്കൻഹാം പബ്ലിക് ലൈബ്രറിയിൽ കുട്ടികൾക്കു ഗ്രന്ഥസൂക്ഷിപ്പുകാരൻ പുസ്തകങ്ങൾ വായിച്ചു അവയുടെ സാരം പറഞ്ഞുകൊടുക്കുന്നു. കുട്ടികൾ ശ്രദ്ധാപൂർവ്വം അതു ശ്രവിച്ചുകൊണ്ടിരിക്കുന്നു.




"അമ്മാമ്മ ഈ കപ്പലണ്ടി കടിച്ചാൽ പൊട്ടുമോ?"

"ഇല്ല മോനേ, അമ്മാമ്മേടെ പല്ലൊക്കെ പോയിട്ടു നാളെത്രയായി"

"അങ്ങനെയാണെങ്കിൽ, ഞാൻ സ്കൂളിൽപോയി വരുന്നതുവരെ ഈ കപ്പലണ്ടി അമ്മാമ്മ ഒന്നു സൂക്ഷിച്ചുതരണം."

* * *

രണ്ടുപേർ വിദേശങ്ങളിൽ വസിക്കുന്ന തങ്ങളുടെ പുത്രന്മാരെപ്പറ്റി സാഭിമാനം സംസാരിക്കുകയാണ്:

ഒരാൾ—എന്റെ മകന്റെ എഴുത്തു വായിക്കുമ്പോഴൊക്കെ എനിക്കു നിഘണ്ടു നോക്കേണ്ടതായിട്ടാണിരിക്കുന്നതു്.

അപരൻ—എന്റെ മകന്റെ എഴുത്തു വായിക്കുമ്പോഴൊക്കെ ഞാൻ ബാങ്കിൽ പോകേണ്ടതായിട്ടാണിരിക്കുന്നതു്.

* * *

ജോർജ്ജ് പലവിധത്തിൽ ശ്രമിച്ചു നോക്കീട്ടും തന്റെ വാച്ചു നടക്കുന്നില്ല. ഒടുവിൽ അവൻ ധൈര്യപൂർവ്വം വാച്ചൊന്നു തുറന്നുനോക്കി. അപ്പോഴുണ്ടു അതിനകത്തൊരു പ്രാണി ചത്തിരിക്കുന്നു. ജോർജ്ജ് വിജയഭാവത്തിൽ വിളിച്ചുപറഞ്ഞു: "വെറുതെയാണോ വാച്ചു നടക്കാത്തതു്. അതിന്റെ ഡ്രൈവർ ഇതാ ചത്തിരിക്കുന്നു!"

* * *

പള്ളിയിൽ കുർബാന കണ്ടുകൊണ്ടിരുന്ന ഏലിക്കുട്ടിയോടു ഒരു പൂർവ്വസ്നേഹിത: "നിങ്ങളെ ബോർഡിംഗിൽ എന്തൊക്കെയാണു പഠിപ്പിക്കുന്നതു്?"

ഏലിക്കുട്ടി: "പള്ളിയിൽ വർത്തമാനം പറയരുതെന്നാണു് ആദ്യം പഠിപ്പിക്കുന്നതു്"

* * *

കേസിൽ വിജയിയായ ഒരാൾ തന്റെ വക്കീലിനെ സന്ദർശിച്ചിട്ടു: "സാർ എനിക്കുവേണ്ടി സഹിച്ച ബുദ്ധിമുട്ടിനു ഞാൻ എന്നന്നേക്കും കടപ്പെട്ടവനായിരിക്കും."

വക്കീൽ: "ഒരിക്കലും വേണ്ട. ഗവണ്മെണ്ടിൽനിന്നും നാണയങ്ങൾ അടിച്ചിറക്കിട്ടുള്ളസ്ഥിതിക്കു എന്നന്നേക്കും കടപ്പെട്ടിരിക്കേണ്ട ആവശ്യമില്ല."

* * *

"അപ്പയോ സഖാവേ! സ്വതന്ത്രൻ എന്ന വാക്കിന്റെ അർത്ഥം ഒന്നു വിശദമാക്കിത്തരാമോ?"

"സ്വതന്ത്രനായ ഒരുത്തൻ അവന്റെ ഇഷ്ടംപോലെ എല്ലാം പ്രവർത്തിച്ചുകൊള്ളണം. അല്ലാത്തപക്ഷം അവനെക്കൊണ്ടു അപ്രകാരം പ്രവർത്തിപ്പിക്കും."

വിമർശനവീഥി

# മാക്ക്സിൻെറ പ്രവചനത്തിനെതിരായി ഗവർമ്മെണ്ടുകൾക്കു നിലമാററംവന്നു

കാറൽമാക്ക്സിൻെറ കാലത്തു് മുതലാളിത്തരാജ്യങ്ങളിൽ, ഇംഗ്ലണ്ടിൽ പ്രത്യേകിച്ചും, "ലിബറലിസം" എന്ന അബദ്ധസിദ്ധാന്തം പ്രചാരത്തിലിരുന്നു. ഓരോ വ്യക്തിക്കും അവൻെറ ബുദ്ധിയനുസരിച്ചു ചിന്തിക്കാനും ശക്തിയനുസരിച്ചു പ്രവൎത്തിക്കുവാനും പരിപൂൎണ്ണമായ സ്വാതന്ത്ര്യമുണ്ടെന്നും അതിനെ യാതൊരു വിധത്തിലും നിയന്ത്രിക്കുവാൻ മതത്തിനോ രാഷ്ട്രത്തിനോപോലും അധികാരമില്ലെന്നുമായിരുന്നു ഈ അബദ്ധസിദ്ധാന്തത്തിൻെറ താത്പര്യം. ഈ സിദ്ധാന്തം വ്യാവസായികപരിവത്തനം മൂൎദ്ധന്യത്തെ പ്രാപിച്ചുകൊണ്ടിരുന്ന മാക്ക്സിൻെറ കാലത്തു് സാമ്പത്തികരംഗത്തിൽ നിർബാധം പ്രയോഗിക്കപ്പെട്ടു. അതിൻെറ ഫലമായിട്ടാണു് അദ്ദേഹത്തിൻെറ തന്നെ പ്രതിഷേധത്തിനു വിഷയീഭവിച്ച ദുഷിച്ച മുതലാളിത്തം നടമാടാൻ തുടങ്ങിയതു്. പ്രസ്തുത സിദ്ധാന്തമനുസരിച്ചു് ബുദ്ധിയും ശക്തിയും ഉള്ള മുതലാളിമാരെ നിയന്ത്രിക്കുവാനും അവരുടെ ചൂഷണത്തെ തടയുവാനും രാഷ്ട്രത്തിനു പാടില്ലെന്നു സമ്മതിക്കപ്പെട്ടിരുന്നു. എന്നാൽ ഈ സിദ്ധാന്തവും അതിൻെറ പ്രയോഗവും സാമ്പത്തികരംഗത്തിൽനിന്നു തിരസ്കരിക്കപ്പെടുന്ന ഭാവിയെ കാണാൻമാത്രം സൂക്ഷ്മമായ ബുദ്ധി മാക്ക്സിനുണ്ടായിരുന്നില്ല. വ്യവസായപ്രവത്തകന്മാരുടെ നടപടികളെ നിയന്ത്രിക്കുന്നതും, അമിതമായ ലാഭത്താൽ ധനം കുന്നുകൂന്നായി കൂട്ടുന്നതിനെ തടയാൻ തക്കവിധം ഭാരിച്ച നികുതികൾ ചുമത്തുന്നതുമായ നിയമങ്ങൾ ഭാവിഗവൎമ്മെൻറുകൾ നിൎമ്മിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുമെന്നു് മാക്ക്സ് സ്വപ്നേപി വിചാരിച്ചില്ല. ഈ വസ്തുത ഷൺമുഖംചെട്ടിയവർകൾ നമ്മുടെ കേന്ദ്രനിയമസഭയിൽ വിമശനങ്ങൾക്കു മറുപടി പറഞ്ഞകൂട്ടത്തിൽ ചൂണ്ടിക്കാണിച്ചതു് ഈ പംക്തികളിൽ അനുസ്മരിപ്പിച്ചിരുന്നല്ലോ. "നിയന്ത്രണമാകുന്ന (ഗവൎമ്മെൻറിൻെറ) ആയുധത്തെപ്പററി മാക്ക്സിനും അദ്ദേഹത്തെ തുടൎന്നുള്ള കാലത്തെ അനുയായികൾക്കും യാതൊരു ബോധവുമുണ്ടായിരുന്നില്ല. നികുതിയീടാക്കുന്ന വിദഗ്ദ്ധമായ രീതിയെപ്പററിയും അവർ ഒന്നും അറിഞ്ഞിരുന്നില്ല. മുതലാളികളുടെ കൂട്ടുകമ്പനികൾക്കെതിരായും തൊഴിലാളികളുടെ അവകാശവാദങ്ങൾക്കനുകൂലമായും പ്രയോഗത്തിൽവരുത്തപ്പെട്ട നിയമങ്ങളെപ്പററിയും അവക്കൊരു ബോധവും ലഭിച്ചിരുന്നില്ല" എന്നു ഷൺമുഖം പറഞ്ഞതു് എത്ര വാസ്തവം!

### രാജാജി ഇൻഡ്യൻ വ്യവസായികളെ ഉദ്ബോധിപ്പിച്ചതു

ബംഗാളിലെ ചെയിംബർ ഓഫ് കൊമേഴ്സ് എന്ന വാണിജ്യസമിതിയുടെ ഒരു യോഗത്തിൽവച്ചു്, അതിൽ സന്നിഹിതരായിരുന്ന വ്യവസായ പ്രമുഖന്മാക്കു് ഗവൎണ്ണർ ജനറൽ രാജഗോപാലാചാരി നൽകിയ ഉദ്ബോധനം ഈ പ്രകൃതത്തിൽ സ്മരണീയമാണു്. ഇൻഡ്യാഗവൎമ്മെൻറും പ്രവിശ്യാഗവൎമ്മെൻറുകളും നിയന്ത്രണപരമായും നികുതിപരമായും പാസാക്കിയിരിക്കുന്ന നിയമങ്ങളിൽ വ്യവസായികൾ അതൃപ്തിപ്രദശിപ്പിക്കുന്നതിനു മറുപടിയായി രാജാജി പറഞ്ഞതിങ്ങനെയാണു്:

"വ്യാപാരവും വ്യവസായവും സ്വതന്ത്രമായിരിക്കട്ടെ, തൊഴിലാളികൾ അതൃപ്തരാകുമ്പോൾ പോലീസിൻെറ സഹായത്താൽ അവരെ ഗവൎമ്മെൻറു് അടിച്ചമത്തണം, എന്നു നിങ്ങൾക്കു പറഞ്ഞുകൂടാ. ഗവൎമ്മെൻറു് ഇടപെടുന്നതു് നിങ്ങൾക്കു് ഇഷ്ടമില്ലെങ്കിൽ നിങ്ങൾ ചെയ്യേണ്ടതു് തൊഴിലാളികളുടെ സഹകരണത്തോടുകൂടിയ വ്യവസായസമ്പ്രദായം സ്വീകരിക്കുകയും തൊഴിലാളികളോടു് സന്തോഷമായി പെരുമാറുകയുമാണു്. ഇതു കൺമുൻപിൽ വച്ചിട്ടുവേണം നികുതികുറയ്ക്കണമെന്നു് നിങ്ങൾ ഞങ്ങളോടാവശ്യപ്പെടുവാൻ. അപ്പോൾ ഞങ്ങളതു സമ്മതിക്കാം. ഗവൎമ്മെൻറു് വ്യവസായങ്ങളെ നശിപ്പിക്കുവാൻ പുറപ്പെട്ടിരിക്കുകയാണെന്നു നിങ്ങൾ പറയല്ലേ. നിങ്ങൾ വിലകൾ കുറയ്ക്കണം. സ്ഥിതിഗതികൾക്കു മാററം വന്നിട്ടുണ്ടെന്നു ജനങ്ങളെ മനസ്സിലാക്കുവിൻ. ഭാഷയിലും അഭിപ്രായപ്രകടനത്തിലും നിങ്ങൾ ആത്മനിയന്ത്രണം പ്രയോഗിക്കുവിൻ. ആ വിധത്തിലാണു് തൊഴിലാളികളിൽ ആവശ്യകമായ സൽബുദ്ധി നിങ്ങൾ വ്യാപിപ്പിക്കേണ്ടതു്. 1947 ആഗസ്റ്റ് 15-ാംനുമുതൽ നാം ജീവിക്കുന്നതു് നിശ്ചലമായ ഒരു കുളത്തിലല്ല, പ്രത്യുത ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു പുഴയിലാണു്. നമ്മുടെ ഗവൎമ്മെൻറു് ഒരു പ്രജായത്തഗവൎമ്മെൻറാണു്, അല്ലാതെ അധികാര പ്രധാനമായഗവൎമ്മെൻറല്ല. ഗവൎമ്മെൻറു് മാറുന്നതോടുകൂടി നയപരിപാടികൾക്കും മാററമുണ്ടായേക്കുമെന്നുമാത്രമല്ല, ഏതെങ്കിലുമൊരു പ്രത്യേക ദിവസത്തിൽ അവിശ്വാസത്തിൻെറ വോട്ടോടുകൂടി ഗവൎമ്മെൻറുതന്നെയും മാറിയെന്നുവരാം. നയപരിപാടികൾക്കു് അധികാരം ലഭിക്കേണ്ടതു് അടിയിൽ നിൽക്കുന്ന ജനങ്ങളിൽ നിന്നാണു്. ജനങ്ങളാണു് അധികാരം നൽകുന്നതെന്നു നമ്മുടെ ഗവൎമ്മെൻറിനു നല്ല ബോധമുണ്ടു്. ബ്രിട്ടീഷ് ജനതയ്ക്കറിയാം പ്രജായത്തഭരണത്തിൻകീഴ് ജീവിക്കേണ്ടതെങ്ങനെയെന്നു്. ഒഴുക്കുള്ള വെള്ളത്തിൽ നീന്തുവാൻ അറിയാവുന്ന ആളുകളെപ്പോലെ, പ്രജായത്തഭരണത്തിൻകീഴ് ജീവിക്കേണ്ടതെങ്ങനെയെന്നു് ബ്രിട്ടീഷ് വ്യവസായികൾക്കറിയാം. ഗവൎമ്മെൻറു് മാറുവാനോ നയപരിപാടികൾ മാറുവാനോ സാദ്ധ്യതയുണ്ടെന്നു വിചാരിച്ചു അവർ ഭഗ്നാശയരാകുന്നില്ല. അവർ ജീവിക്കുകയും പ്രവത്തിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഇൻഡ്യയിലെ വ്യവസായികളും വ്യാപാരികളും—അവരിൽ ചിലരാണു് മുമ്പിലിരിക്കുന്ന വലിയ ആളുകൾ—ഈ നാട്ടിൽ വന്നിട്ടുള്ള പുതിയ സാഹചര്യങ്ങളോടു തങ്ങളെത്തന്നെ രമ്യപ്പെടുത്തിയിട്ടില്ല. നാം ഇതുവരെ ഒരു കുളത്തിൽ ജീവിച്ചു. ഇനിമേലിൽ ഒഴുക്കുള്ള പുഴയിൽ ജീവിക്കണം. ഒഴുകുന്ന വെള്ളത്തോടു് നാം നമ്മളെ രമ്യപ്പെടുത്തണം. ഡൽഹി വളരെ ശൈത്യമുള്ളതാണെന്നു ഞാൻ പറഞ്ഞതുകൊണ്ടു് ഒരു ഫലവുമില്ലല്ലോ. അങ്ങനെ പറഞ്ഞുകൊണ്ടിരുന്നാൽ ഞാൻ എല്ലാ സമയവും അസംതൃപ്തനായിരിക്കും. ഞാൻ ചെയ്യേണ്ടതു്, ശൈത്യം തടുക്കുവാൻവേണ്ടി വസ്ത്രങ്ങൾ ധരിക്കുകയാണു്. വ്യവസായികൾ ചെയ്യേണ്ടതും ഇതുതന്നെ."

ഇൻഡ്യാഗവൎമ്മെൻറിലെ പ്രധാനഭരണാധിപൻെറ ഈ വാക്കുകളിൽനിന്നു ഇൻഡ്യയിൽപ്പോലും മാക്ക്സിൻെറ പ്രവചനം തെററിയിരിക്കുകയാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. സാമുദായിക നീതിക്കെതിരായ മുതലാളിദുഷ്പ്രവൃത്തം നിയന്ത്രിക്കുവാൻ ഗവൎമ്മെൻറുകളൊന്നും ചെയ്യുകയില്ലെന്നുള്ള മാക്ക്സിൻെറ ഊഹത്തിനെതിരായി, ന്യായമായ നിയന്ത്രണങ്ങളാലും നികുതിചുമത്തലുകളാലും വ്യവസായ ജീവിതത്തിലെ ദൂഷ്യങ്ങളെ തടയുവാൻ ഇൻഡ്യാഗവൎമ്മെൻറുതന്നെയും തീരുമാനിച്ചിരിക്കുകയാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. മുതലാളിത്തത്തിൻെറ ദുഷിച്ച വശങ്ങളെ നിൎമ്മാജ്ജനം ചെയ്യുവാനും തൊഴിലാളികൾക്കും മററു പാവങ്ങൾക്കും സുഖസൗകര്യങ്ങളോടുകൂടി ജീവിക്കുവാനും ഉതകുന്ന എത്രയോ നല്ല നിയമങ്ങൾ ബ്രിട്ടനിൽ യാഥാസ്ഥിതികകക്ഷിയിൽപ്പെട്ട ഗവൎമ്മെൻറുപോലും മാക്ക്സിൻെറ കാലത്തിനുശേഷം ഏൎപ്പെടുത്തുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ടു്! ഇപ്പോൾ അധികാരത്തിലിരിക്കുന്ന തൊഴിലാളിപ്പാട്ടി ഗവൎമ്മെൻറു് ഈ വിഷയത്തിൽ ഒരു മഹാപരിവൎത്തനംതന്നെ വരുത്തിയിരിക്കുകയാണല്ലോ.

### ട്രൂമൻ ഉന്നയിക്കുന്ന പുതിയ വ്യവസായപദ്ധതി

അമേരിക്കൻ പ്രസിഡൻറായി പ്രതീക്ഷാതീതമായ ഭൂരിപക്ഷത്തോടുകൂടി ഈയിടെ തിരഞ്ഞെടുക്കപ്പെട്ട ട്രൂമൻ, പരേതനായ പ്രസിഡൻറു റൂസ്‌വെൽട്ടിൻെറ പ്രസിദ്ധമായ "ന്യൂ ഡീൽ" എന്ന വ്യവസായനയത്തെക്കാളും പുരോഗമനപരവും വ്യാപകവുമായ ഒരു നിയന്ത്രണപരിപാടിയാണു് സ്വീകരിക്കുവാൻ പോകുന്നതെന്നു് അവിടത്തെ നിയമസഭയിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിൽനിന്നു തെളിഞ്ഞിരിക്കുന്നു. വിപുലമായ തോതിലുള്ള സാമ്പത്തിക നിയന്ത്രണവും കൂടുതലായ പൗരസ്വാതന്ത്ര്യങ്ങളും സംഘടിതതൊഴിലാളികൾക്കു കൂടുതലായ വികസനസ്വാതന്ത്ര്യങ്ങളും അനുവദിക്കണമെന്നുള്ള ആഹ്വാനത്തോടുകൂടിയാണു് ട്രൂമൻ പ്രസംഗമാരംഭിച്ചതു്. വിലനിയന്ത്രണം വീണ്ടുംഏൎപ്പെടുത്തുന്നതിനും, നികുതി വൎദ്ധിപ്പിച്ചു 400 കോടി ഡോളർകൂടി ഉണ്ടാക്കുന്നതിനും തന്നെ അനുവദിക്കാൻ അദ്ദേഹം രണ്ടു നിയമസഭകളുടേയും സംയുക്തയോഗത്തിൽ ആവശ്യപ്പെട്ടു. രാഷ്ട്രത്തിൻെറ ഭാവി ചില എണ്ണപ്പെട്ട ആളുകളുടെകൈകളിൽ ഒതുക്കിനിറുത്തണമെന്ന പഴഞ്ചൻ ന്യായം അമേരിക്കൻജനത നിരാകരിച്ചിരിക്കുന്നുവെന്നു് അദ്ദേഹം പ്രസ്താവിച്ചു. അമേരിക്കയ്ക്കു പല കുറവുകളുമുണ്ടെന്നു് അദ്ദേഹം സമ്മതിക്കുകയുണ്ടായി. അമിതമായ വിലക്കയററവും, ആവശ്യത്തിൽ കുറഞ്ഞുള്ള ഉല്പാദനവും, വളരെ കുറഞ്ഞ കൂലിനിരക്കും, ചെറിയ വ്യവസായങ്ങളെ നശിപ്പിക്കുന്ന കുത്തകവ്യവസായ ഏൎപ്പാടുകളും കർഷകൻെറ അരക്ഷിതാവസ്ഥയും മററും അമേരിക്കയിൽ നിലവിലിരിക്കുന്നുണ്ടെന്നു് അദ്ദേഹം എടുത്തുപറഞ്ഞു. ഗ്രാമങ്ങളിലും മററും വേണ്ടത്ര വിദ്യുച്ഛക്തി ലഭിക്കുന്നില്ലെന്നും, അനേകമാളുകൾക്കു വൈദ്യസഹായവും താമസസൗകര്യവും വിദ്യാഭ്യാസസൗകര്യവും നൽകുവാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ക്രഡിററുനിയന്ത്രണത്തെക്കുറിച്ചു് അദ്ദേഹം പറഞ്ഞതു് ബാങ്കു് ക്രഡിററുകൾ, ഇറക്കുമതി, വാടകവിലനിയന്ത്രണത്തെ ബാധിക്കുന്ന വിധത്തിലുള്ള അമിതമായ കൂലികൂടുതൽ മുതലായവയെ ഉടനടി നിയന്ത്രിക്കുമെന്നാണു്. ഏററവും കുറഞ്ഞകൂലി മണിക്കൂറിൽ 40 സെൻറു് എന്നുള്ളതു് 75 സെൻറായി ഉയത്തണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. അടിസ്ഥാനവ്യവസായങ്ങളുടെ വികസനത്തിനു ഗവൎമ്മെൻറു് ധനസഹായം നൽകുന്നതാണെന്നും വിദ്യുച്ഛക്തി, ജലസേചനം, കപ്പൽവ്യവസായം മുതലായ കാര്യങ്ങൾക്കു കൂടുതൽ വികസനപദ്ധതികൾ നടപ്പിലാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യരക്ഷ മുതലായവയെക്കുറിച്ചുള്ള തൻെറ ശുപാശകളുടെ ത്വരിതമായ നടത്തിപ്പിനുവേണ്ടി ഒരു പുതിയ ഗവൎമ്മെൻറു ഡിപ്പാർട്ടുമെൻറുണ്ടാക്കണമെന്നും, ആ ഡിപ്പാർട്ടുമെൻറു് സിക്രട്ടറിക്കു് ക്യാബിനററു് അംഗത്തിൻെറ പദവി ഉണ്ടായിരിക്കണമെന്നും പ്രസ്താവിച്ചുകൊണ്ടാണു് അദ്ദേഹം പ്രസംഗം ഉപസംഹരിച്ചതു്.

### ട്രൂമൻ സമപ്പിച്ചിരിക്കുന്ന പുതിയ പരിപാടി

പ്രസ്തുതനയം നടപ്പിൽ വരുത്തുവാൻ വേണ്ടി പുതിയ അമേരിക്കൻ പ്രസിഡണ്ടു് നിയമസഭകളുടെ മുമ്പിൽ വച്ചിരിക്കുന്ന പരിപാടികൾ താഴെപ്പറയുന്നവയാണു്:—

1) നാണയപ്പെരുപ്പത്തെ തടയാനായി എട്ടുവ്യവസ്ഥകളുള്ള ഒരു പദ്ധതി. സാധനങ്ങളുടെ വിലനിയന്ത്രിക്കാനും, ഉൽപാദനം കുറവായിക്കാണുന്ന വ്യവസായങ്ങൾക്കു കടവായ്പ നൽകുവാനും, അസംസ്കൃതസാധനങ്ങൾ നിയന്ത്രിതവിലയ്ക്കു് എത്തിച്ചുകൊടുക്കാനുമുള്ള വ്യവസ്ഥകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടു്.

2) ഇടത്തരക്കാരുടേയും ധനവാന്മാരുടേയും മേൽ കൂടുതൽ ആദായനികുതി ചുമത്തിയും മററു ചില വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും മേൽ കരം ചുമത്തിയും ഖജനാവിലേക്കു് ഏകദേശം 400 കോടി ഡോളർ കൂടുതലായി വരുമാനമുണ്ടാക്കുക.

3) ഇപ്പോൾ നിലവിലുള്ള "ടാഫ്‌ററ്—ഹാർട്ട്ലി" ലേബർ നിയമം പിൻവലിച്ചിട്ടു് അതിനെക്കാളും അയവുള്ള "വാഗ്നർ ആക്ററു്" നടപ്പിലാക്കുക. പ്രാദേശികമായ പണിമുടക്കുകൾ, ട്രെയ്ഡ്യൂണിയനുകൾ തമ്മിലുള്ള തക്കത്തെ തുടൎന്നുള്ള പണിമുടക്കുകൾ, തമ്മിൽ ബന്ധമില്ലാത്ത വ്യവസായങ്ങളിൽ നടത്തുന്ന അനുഭാവപ്പണിമുടക്കുകൾ മുതലായവ തടയാൻ ആവശ്യമായ ഭേദഗതി ഇപ്പോൾ നടപ്പിലാക്കാൻപോകുന്ന തൊഴിലാളിനിയമത്തിൽ വരുത്തേണ്ടതാണു്.

4) തൊഴിലില്ലായ്മ, സുഖക്കേടുകൾ, അംഗഭംഗം, പ്രായാധിക്യം മുതലായവമൂലം പീഡിതരായിത്തീരുന്നവക്കു് ഇപ്പോഴുള്ളവയിൽനിന്നു് കൂടുതലായ സംരക്ഷണങ്ങൾ ഗവൎമ്മെണ്ടു് നൽകുന്നതാണു്.

5) ഓരോ അമേരിക്കനും സുഗമമായ രീതിയിൽ വൈദ്യസഹായം ലഭിക്കത്തക്ക ഒരു ഹെൽത്തു് ഇൻഷ്വറൻസു് പദ്ധതി നടപ്പിലാക്കണം.

6) പള്ളിക്കൂടങ്ങൾക്കു ഗവൎമ്മെണ്ടു നൽകുന്ന ധനസഹായങ്ങൾ വൎദ്ധിപ്പിക്കുന്നതാണു്.

7) വാടക നിയന്ത്രിക്കുന്നതിനും അഴുക്കു സ്ഥലങ്ങൾ ശുചിപ്പെടുത്തുന്നതിനും മററും നിയമങ്ങൾ ഏൎപ്പെടുത്തുക.

8. നീഗ്രാവശ്ക്കാരേയും മററും ബാധിക്കുന്ന വൎണ്ണവിവേചന നടപടികൾ നിൎത്തലാക്കിക്കൊണ്ടുള്ള വിപുലമായ പൗരസ്വാതന്ത്ര്യപദ്ധതികൾ ഏൎപ്പെടുത്തണം.

കണ്ടാലും! ഏററവും കടുത്ത മുതലാളിത്തരാജ്യമെന്നു് വിചാരിക്കപ്പെടുന്നതും അതേസമയംതന്നെ പ്രജായത്തഭരണാദശം മുറുകെപ്പിടിച്ചിരിക്കുന്നതുമായ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ വ്യവസായരംഗത്തു് ഗവൎമ്മെൻറിൻെറ നിയന്ത്രണശക്തി എത്രമാത്രം വിപുലമായി പ്രയോഗിക്കപ്പെടാൻ പോകുന്നു. കാൾമാക്ക്സു് ഇന്നു ലോകത്തിൽ പ്രത്യക്ഷപ്പെട്ടു് ബ്രിട്ടനിലും അമേരിക്കയിലും നടന്നുകൊണ്ടിരിക്കുന്ന ഈ പരിവത്തനങ്ങളെ വീക്ഷിക്കുന്നപക്ഷം തൻെറ പ്രവചനം പരിപൂൎണ്ണമായും പിഴച്ചുപോയെന്നു് സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയുണ്ടോ?




### ഗോതമ്പു ഹൽവാ

(വടമംഗലം എസ്. എ. പിള്ള)

ഗോതമ്പു് ഒരിടങ്ങഴി, പഞ്ചസാര 2 റാത്തൽ, നെയ്യ് 5 തുടം, അണ്ടിപ്പരിപ്പ് ¼ റാത്തൽ, ഷാപ്പുകളിൽ വാങ്ങാൻ കിട്ടുന്ന മഞ്ഞപ്പൊടി ½ രൂപാ തൂക്കം, ഒരു തുടം ഒന്നാംതരം പനിനീരു്, ഏലം, ഗ്രാമ്പു.

24 മണിക്കൂർ സമയം ഗോതമ്പു് വെള്ളത്തിൽ ഇട്ടു് കുതിർത്തണം. ആ വെള്ളം ഊററി, വേറെ വെള്ളം ഒഴിച്ചു് കഴുകി അരിച്ചു് ആട്ടുകല്ലിൽ ആട്ടിയെടുക്കണം. നാലഞ്ചു പ്രാവശ്യം കുറേശ്ശെ വെള്ളം ഒഴിച്ചു് പിഴിഞ്ഞു് അരിച്ചു് ചാറുമുഴുവൻ എടുക്കുക. (ഒരു തോത്തിൽ അരിക്കാം.) പഞ്ചസാര അതിൽ കലക്കി ഒരു ഉരുളിയിൽ ഒഴിച്ചു് അടുപ്പിൽവച്ചു് ഇടവിടാതെ ഇളക്കണം. കട്ടിയായി തുടങ്ങുമ്പോൾ കുറേശ്ശെ നെയ്യും ചേത്തു് (5 തുടം നെയ്യ് 3 തവണയായി ചേക്കണം) പനിനീരിൽ മഞ്ഞപൗഡർ കലക്കിയൊഴിച്ചു് മുറുകി വാങ്ങാറാകുമ്പോൾ അരിഞ്ഞ അണ്ടിപ്പരിപ്പും ½ രൂപാതൂക്കം വീതം ഏലം, ഗ്രാമ്പു എന്നിവ വളരെ നേമ്മയായി പൊടിച്ചതും യോജിപ്പിച്ചു് ശരിയായി മുറുകുമ്പോൾ വാങ്ങിക്കൊള്ളണം. തണുക്കുമ്പോൾ കത്തികൊണ്ടു് മുറിച്ചെടുത്തു ഉപയോഗിക്കാം.

## എസ്ക്കിമോകന്യാസ്ത്രീ

കാനഡായിലെ "ഗ്രേ സിസ്റ്റേഴ്സ് ഓഫ് ചെസ്റ്റർ ഫീൽഡ്" എന്ന സന്യാസസഭയിൽ 17 വയസ്സായ ഒരു എസ്ക്കിമോ ബാലിക ചേൎന്നിരിക്കുന്നു. ഇദംപ്രഥമമായിട്ടാണു് എസ്ക്കിമോ വർഗ്ഗത്തിൽപ്പെട്ട ഒരാൾ സന്യാസസഭയിൽ പ്രവേശിക്കുന്നതു്.

Sathya Deepam

Vol. 22 — Ernakulam January 26, 1949 — No. 23

## ഇതാണോ കല?
## ഇതാണോ പുരോഗമനം?


(ഒന്നാംപേജ് തുടർച്ച)

പുറകെ ആവേശംകൊണ്ടു നടക്കുന്ന ഉപരിപ്ലവബുദ്ധികളും, പേരെടുക്കുവാൻ വെമ്പുന്ന നേതൃസ്ഥാനകാംക്ഷികളും, സാഹിത്യംകൊണ്ടു മുതലെടുക്കുന്ന രാഷ്ട്രീയ പ്രവർത്തകന്മാരും ഈ പ്രസ്ഥാനത്തിന്റെ അംഗരക്ഷകന്മാരായും വൈതാളികന്മാരായും കാണപ്പെടാറുണ്ടു്. ഇയ്യിടെ, വിദേശത്തുപോയിത്താമസിക്കുന്ന ഒരു ഭാഷാപ്രണയി, തന്റെ സ്നേഹിതൻ അയച്ചുകൊടുത്ത ഏതാനും ചെറുകഥാഗ്രന്ഥങ്ങൾ വായിച്ചതിനുശേഷം പറഞ്ഞ അഭിപ്രായം പ്രത്യേകം പ്രസ്താവ്യമാണു്:—"മനുഷ്യൻ മറച്ചുവയ്ക്കുന്നതു പുറത്തുകാണിക്കുന്നതാണു് കലയെങ്കിൽ ഇന്നത്തെ ചെറുകഥകളിൽ ധാരാളം കലയുണ്ടു്. പക്ഷേ, ഞാൻ എന്റെ ഭാര്യയും മക്കളുമൊരുമിച്ചു് താമസിക്കുന്നതുകൊണ്ടു് ആ പുസ്തകങ്ങൾ ചുട്ടുനശിപ്പിച്ചുകളഞ്ഞു." അതെ, മനുഷ്യൻ രഹസ്യമായി സൂക്ഷിക്കുന്ന സകലതിനെയും നഗ്നമായി പ്രദർശിപ്പിക്കുക, പരമ്പരയായി ബഹുമാനിച്ചും പൂജിച്ചും വരുന്ന ആദർശങ്ങളെയും സ്ഥാപനങ്ങളെയും നിഷേധിക്കുക, ചുരുക്കിപ്പറഞ്ഞാൽ, സാധാരണക്കാരെ "ഞെട്ടിക്കുക"—ഇതാണു് ഇന്നത്തെ കലാലക്ഷ്യം. മനുഷ്യൻ തന്റെ വിരോധിയുടെ നേരെപോലും പ്രയോഗിക്കുവാൻ മടിക്കുന്ന പദങ്ങളുപയോഗിച്ചു് ദൈവത്തെ ചീത്ത പറയുക, മാതാവിനെ പുത്രനും, പുത്രനെ മാതാവും, പുത്രിയെ പിതാവും കാമിക്കയും പ്രാപിക്കയും ചെയ്യുന്നതായി വിവരിക്കുക, മനഃശാസ്ത്രപണ്ഡിതന്മാർ രതിവൈകൃതങ്ങളെന്നു വിവരിച്ചിട്ടുള്ള അപൂർവ്വസംഭവങ്ങളെ നിത്യസംഭവങ്ങളായി ചിത്രീകരിക്കുക—എന്നിങ്ങനെ മനുഷ്യനെ ഞെട്ടിക്കുന്ന ഈ "മിന്നൽപ്പടക്കപ്രസ്ഥാനം" പലരൂപങ്ങളും പ്രാപിക്കാറുണ്ടു്. "ഈശ്വരൻ, നിരർത്ഥമാപ്പദം", "... ...അമ്മട്ടച്ചീശനെച്ചുവിട്ടണം" എന്നും മററുമുള്ള ആക്രോശങ്ങൾ സാധാരണയായി കേൾക്കാറുണ്ടല്ലോ.

"വായനക്കാരെ ഷോക്കു് ചെയ്യണം" എന്നു് ഈ പ്രസ്ഥാനനേതാക്കൾ ഉപദേശിക്കാറുണ്ടു്. ഈ ഷോക്കു് അടിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാമെഴുതാമോ അതെല്ലാം സ്വതന്ത്രമായി എഴുതാംപോലും. "ചീത്തക്കഥകൾ", "തെറിക്കഥകൾ", "ചീഞ്ഞകഥകൾ", "നാറുന്നകഥകൾ"— എന്നിങ്ങനെപോകുന്നു "കല"യുടെ പോക്കു്! മനുഷ്യജീവിതത്തിന്റെ പരിധിവിട്ടു് പട്ടി, പശു, കാള, മുതലായ ജന്തുക്കളുടെ ജീവിതവ്യാപാരങ്ങളിൽക്കൂടി "കലാകാര"ന്റെ ഭാവനാശക്തി അങ്ങനെ വിഹരിക്കുകയാണു്. പാവം! ഇതറിഞ്ഞാൽ ആ മൃഗങ്ങൾക്കുകൂടി "ഷോക്കു്" കിട്ടിയേക്കും! ഈ ആഭാസസാഹിത്യത്തിന്റെ പ്രചാരമാണെങ്കിലോ, അതീവവിപുലമായതോതിലാണു്. ബൈബിളിനെക്കാളും മററു ആദ്ധ്യാത്മഗ്രന്ഥങ്ങളെക്കാളും കൂടുതൽ ഈ ചീത്തക്കഥകൾ പ്രചരിച്ചിരിക്കാം. അതുകൊണ്ടു് അവ ബൈബിളിനെക്കാളും മററുംശ്രേഷ്ഠമാണെന്നും, അവ ജനസാമാന്യത്തോടു് കൂടുതൽബന്ധപ്പെട്ടതും തന്മൂലം "പുരോഗമനപര"വുമാണെന്നും വാദിക്കുന്ന "കലാരാധകർ" ധാരാളമുണ്ടു്.

ഒരു കാര്യം സമ്മതിക്കാം—ചുററുമുള്ള ലോകമാണു് കലാകാരന്റെ നിരീക്ഷണപശ്ചാത്തലം. പക്ഷേ, വല്ല ഒളിവിലും മറവിലുംനടന്നിരിക്കുന്ന വൈകൃതങ്ങളെ കുത്തിപ്പൊക്കി ഗംഭീരമായ അതിശയോക്തിപ്രയോഗംകൊണ്ടു് വിപുലമാക്കിക്കാണിക്കുന്നതാണോ കല? ചിന്തകന്മാർ മറുപടിപറയട്ടെ! സമുദായത്തിൽനിന്നും അവശ്യം ബഹിഷ്കരിക്കപ്പെടേണ്ട പല ദുരാചാരങ്ങളുമുണ്ടു്. അവയുടെ നേരെയുള്ള കലാകാരന്റെ ആഹ്വാനം ആദരണീയംതന്നെ. എന്നാൽ, ഒരു വ്രണം സുഖപ്പെടുത്തുന്നതിനു് ഔഷധപ്രയോഗമോ, വേണ്ടിവന്നാൽ ക്രമാനുസരണമായ ശസ്ത്രക്രിയയോ ആവശ്യമാണു്. അതിനുപകരം, ക്രമാതീതമായി ആ വ്രണം കുത്തിക്കീറി വൈകൃതമാക്കുവാൻ ശ്രമിച്ചാൽ ഫലമെന്തായിരിക്കും?

സമുദായത്തിലെ ദുരാചാരങ്ങളെ വിപാടനം ചെയ്യുന്നതിനും, തദ്വാരാ ജീവിതം ഉൽകൃഷ്ടതരമാക്കുന്നതിനും ചുമതലപ്പെട്ട കലാകാരന്മാർ വ്യക്തികളുടെ സന്മാർഗ്ഗബോധത്തിനു് കോടാലിവയ്ക്കുന്നതാണോ കലാസേവനം? ലോകചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കിയാൽ, അതാതുകാലങ്ങളിൽ ജീവിച്ചിരുന്ന കലാകാരന്മാർ തങ്ങളുടെ കലാസേവനംവഴിയായി സമുദായോദ്ധാരകന്മാരായി പരിണമിച്ചിട്ടുള്ളതു കാണുവാൻ കഴിയും. ഗ്രീസിലെ അരിസ്റ്റോഫൻസു്, സ്പെയിനിലെ സെർവാൻസു്, ഇംഗ്ലണ്ടിലെ ഡിക്കൻസു്, താക്കറെ, മുതലായ വിശ്രുത സാഹിത്യകാരന്മാർ ഇതിനുത്തമദൃഷ്ടാന്തമല്ലയോ? അവരുടെ കൃതികൾ അന്നത്തെ ദുഷിച്ച സാമുദായികാചാരങ്ങളോടുള്ള പ്രകടമായ വെല്ലുവിളിയായിരുന്നു. അവയുടെ പ്രതിധ്വനി വ്യക്തികളുടെ ഹൃദയങ്ങളിൽ മാറെറാലികൊണ്ടു. തദ്വാരാ, സമുദായോദ്ധാരണത്തിനു വഴിതെളിച്ചു. അതിനാൽ, കലയുടെ മൗലികധർമ്മത്തെ മനസ്സിലാക്കി, കലാകാരന്മാർ തങ്ങളുടെ പ്രവർത്തനങ്ങളെ നയിക്കുന്നതാണു് യഥാർത്ഥകലാസേവനം. എത്രമാത്രം വികാരാവേശരായിത്തീർന്നാലും അവർ കലയുടെ ഔചിത്യാദർശം മറക്കരുതു്. ആത്മാർത്ഥതയുടെ പുറംചട്ടയണിഞ്ഞു്, ഔഷധത്തിനുപകരം വിഷംകൊടുത്തു് സമുദായത്തെ ഭ്രാന്തുപിടിപ്പിക്കുന്ന ചികിത്സാസമ്പ്രദായം ഉപേക്ഷിക്കുവാൻ അവർ ഇനിയെങ്കിലും സന്നദ്ധരാകട്ടെ! കുളിർനീരുറവ തേടിയുഴറുന്ന ദാഹപരവശനു് കാനൽപ്രവാഹം കാണിച്ചുകൊടുക്കുന്നതു്, കേവലം ജീവകാരുണ്യപരമെന്നുപറഞ്ഞാൽ ആരാണു് വിശ്വസിക്കുക? കല—അതിന്റെ ദിവ്യജ്യോതിസ്സു് മനുഷ്യഹൃദയത്തെ പ്രകാശമാനമാക്കണം; വികാരങ്ങളെ നവീകരിക്കണം. അല്ലാതെ, മനുഷ്യനെ അന്ധകാരത്തിലേക്കു് വലിച്ചുതാഴ്ത്തുവാൻ കലയെ കൂട്ടുപിടിക്കുന്നവർ കലയുടെ കഴുത്തറുക്കുകയത്രെ ചെയ്യുന്നതു്. കലയുടെ ജീവൻ സന്മാർഗ്ഗമാണു്; അതിന്റെ അഭാവത്തിൽ കല മൃതപ്രായമാകുന്നു.



എലിസബെത്തു രാജകുമാരിയുടെ വിവാഹാവസരത്തിൽ ഉണ്ടാക്കിയ കേക്കിൽ, നവജാതനായ ശിശുവിന്റെ ജ്ഞാനസ്നാനം പ്രമാണിച്ചു് വിചിത്രാവലകൾ ചെയ്തു മോടിപിടിപ്പിക്കുന്നതു ചിത്രത്തിൽ കാണാം. കേക്കിന്റെ മുകൾഭാഗത്തു് വെള്ളികൊണ്ടുള്ള ഒരു ശിശുതൊട്ടി നിർമ്മിച്ചു് വിശേഷവസ്ത്രാലംകൃതമായ ഒരു പാവയെ അതിൽ കിടത്തിയിരിക്കുന്നു.

## പാപാഖ്യാനമന്ത്രം

സത്യസർവ്വേശ്വരം "മേരീം"
നിത്യകന്യാം ശുഭോദധീം
നിർജ്ജരാധ്യം "മിഖേം" മേധ്യം
സാത്വികം "സ്നാപകോ"ദിതം
"പീത്രപൌലൌ" സ്തുതാഗ്രീയ-
ചരാന്തൌവിദ്ധ്യം ച "തോമസം"
സാധ്വീനഃ സർവ്വസന്തുഷ്ടാൻ
മദ്ഗുരോ ത്വാമപിബ്രുവേ
യദകുർവ്വമപൂർവ്വം ഹാ
ദുരിതം ത്രിവിധേന്ദ്രിയൈഃ
പ്രമാദാന്മേ പ്രമാദാന്മേ
പ്രമാദാൽ സുഭേഷ്ടതശ്ചമേ
അർത്ഥയേഹമതോ "മേരീം"
നിത്യകന്യാം ശുഭോദധീം
നിർജ്ജരാധ്യം "മിഖേ" മേധ്യം
സാത്വികം "സ്നാപകോ"ദിതം
പീത്രപൌലൌ സ്തുതാഗ്രീയ-
ചരാന്തൌവിദ്ധ്യം ച "തോമസം"
സാധ്വീനഃ സർവ്വസന്തുഷ്ടാൻ
മദ്ഗുരോ ത്വാമപിധ്രുവം
അസ്മദാപി ഭാർവിധർമഹ്യം
സംസ്മൃത്യോപാസിതും നമഃ

(എടമരം)

## GLEANINGS

### GETTING TO THE POINT

The son of a country landowner went to Paris and after he had been there some time, he was astonished one morning to see an old man servant from his father's house.

"Why, what is the matter?" asked the young man

"The cat is dead", replied the servant.

"The cat, dead! Why, what did he die of?"

"Of indigestion, through having eaten too much meat."

"Too much meat! Where did the meat come from?"

"From your poor horses."

"The horses! Are they also dead then?"

"Yes, the poor animals died from exhaustion, through having to carry so much water."

"What was the water for?"

"To put out the fire at the house."

"The fire at our house?"

"Yes, it caught fire through the maidservant forgetting to put out the candles."

"What candles do you mean?"

"Why, the candles used at your father's funeral."

"My father's funeral? Do you mean to say that my father is dead? Why did you not tell me at once?"

"Well, I was told to be sure to break the news to you as gently as possible!"

*The New Leader*

* *

### FOR BOOK BORROWERS

Vincent Starrett in the Chicago Tribune relays the following "Warnings to book borrowers" collected by a friend of his whose interesting hobby it is to collect such warnings.

Sir Walter Scott is said to have written this to a friend:

"And please return this book. You may think this a strange request, but I find that though many of my friends are poor arithmeticians, they are nearly all good book-keepers."

And here is a paragraph from the 10th century "Leach Book": Earnestly I pray here all men, in the name of Christ, that no treacherous person take this book from me. Neither by force, nor by theft, nor by false statement. Why? Because the richest treasure is not so dear to me as my dear books which the grace of Christ attends."

The following admonition is cast in verse:

"No chain I clamp upon this book,
But, please, I want it back by
hook
Or—in person, possibly—by
crook."

*The Liguorian*

* *

It could happen that as Democracy ended in Totalitarianism in Germany, Italy and Russia, so freedom could end in slavery—unless we understand aright the nature of freedom, and how to keep it.

*Fulton J. Sheen*

* *

In the midst of an examination period an old professor: "Will some generous student who isn't copying from his textbook be kind enough to let me have the use of it for a few moments?"

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam